www.sunnythomas.org

# ഒടുവിലത്തെ 7 വർഷങ്ങൾ

**വെളിപ്പാട് പുസ്തകത്തെ അധികരിച്ചുള്ള സംക്ഷിപ്ത കുറിപ്പുകൾ**



Cover courtesy: 'Babylon Fallen'

**സണ്ണി തോമസ്**

# വിഷയ വിവരം

സഭയുടെ ഉൽപ്രാപണം---5
അന്തിക്രിസ്തുവിൻറെ രംഗപ്രവേശം---6
ഒടുവിലത്തെ 7 വർഷങ്ങൾ
(മഹോപദ്രവ കാലം )
ദാനിയേൽ പ്രവചനത്തിലെ 70 ആഴ്ചവട്ടം---7
മഹോപദ്രവകാലത്തെ രക്തസാക്ഷികൾ----10
നൂറ്റിനാല്പത്തിനാലായിരം പേർ ----12
ഉല്പ്രാപണം ചെയ്യപ്പെട്ട സഭയുടെ ആദ്യ കാഴ്ച
രണ്ടു സാക്ഷികൾ 17
ദാനിയേൽ.2-ൽ കാണുന്ന ബിംബവും---20
ദാനിയേൽ.7--ൽ കാണുന്ന മൃഗങ്ങളും.
ഭൂമിയിലേക്ക് തള്ളപ്പെടുന്ന സാത്താൻ
അന്തിക്രിസ്തു ---21
കള്ള പ്രവാചകൻ
അന്തിക്രിസ്തുവിൻറെ മുദ്ര - '666'---22
ഹർമ്മഗെദ്ദോൻ യുദ്ധം----26
ബാബിലോൺ - രണ്ടു വശങ്ങൾ---27
1. മതാധിഷ്ഠിത ബാബിലോൺ -
2.വ്യാപാര ബാബിലോൺ -
ബാബിലോണിൻറെ ന്യായവിധി---32
ക്രിസ്തുവിൻറെ മണവാട്ടി സഭ
യിസ്രായേൽ അവരുടെ മശീഹായെ തിരിച്ചറിയും -33
യേശു ക്രിസ്തുവിൻറെ മഹത്വ പ്രത്യക്ഷത.34
ഹർമ്മഗദോൻ യുദ്ധത്തിൻറെ അവസാനം
സാത്താൻ അഗാധകൂപത്തിൽ----35
7 വർഷങ്ങളിലെ മഹോപദ്രവ കാലം അവസാനിക്കുന്നു-----35
ക്രിസ്തുവിൻറെ ആയിരം ആണ്ട് വാഴ്ച ഈ ഭൂമിയിൽ-36
'ഗോഗ്' 'മാഗോഗ് ' ഏറ്റവും അവസാന യുദ്ധം----37
സാത്താൻ എന്നന്നേക്കുമായി ഗന്ധക തീപൊയ്കയിലേക്കു
വെള്ള സിംഹാസനവും-അന്ത്യ ന്യായവിധിയും----38
ജീവൻറെ പുസ്തകവും നിത്യ ന്യായവിധി തീർപ്പും
ദൈവിക യുഗങ്ങളുടെ നിവർത്തീകരണം
പുതിയ ആകാശം പുതിയ ഭൂമി
പുതിയ നഗരം പുതിയ യെരുശലേം
ദൈവവ വചനത്തിൻറെ ക്ഷണവും -39
ഒടുവിലത്തെ ആഹ്വാനവും

---

***Sources and References:**
**Rightly Dividing the Word, The Second coming of Christ,**
**The Book of Daniel, The Book Of Revelation. ( Ch.7 to 16)**
*** ( By Clarence Larkin.)**

# ഒടുവിലത്തെ 7 വർഷങ്ങൾ

**വെളിപ്പാട് പുസ്തകത്തെ അധികരിച്ചുള്ള സംക്ഷിപ്ത കുറിപ്പുകൾ**

**(പ്രധാനമായും 6- മുതൽ 20- വരെയുള്ള അദ്ധ്യായങ്ങൾ)**

## സണ്ണി തോമസ്

---

"ബൈബിളിലെ 66 പുസ്തകങ്ങളിൽ ഏറ്റവും വായിച്ചു ഗ്രഹിക്കുവാൻ പ്രയാസകരമായ പുസ്തകമാണ് വെളിപ്പാട്. എന്നാൽ പ്രാർത്ഥനയോടു അത് വായിച്ചു തീർക്കുവാൻ മനസ്സ് വെക്കുന്ന വ്യക്തിക്ക് നിറവേറുവാനുള്ള ദൈവിക പദ്ധതിയെ കുറിച്ച് ഒരു ഉൾവെളിച്ചം ലഭിക്കും എന്നത് നിസ്തർക്കമാണ്. ഒന്നാം അദ്ധ്യായത്തിൽ ഈ പ്രവചന പുസ്തകത്തിൻറെ ഉള്ളടക്കം സഭയും, വിശ്വാസികളും വായിച്ചു മനസ്സിലാക്കേണ്ടതാണെന്നു എഴുതിയിരിക്കുന്നു. എന്നാൽ വെളിപ്പാട് പുസ്തകം അവസാനിപ്പിക്കുന്നത് പരിശുദ്ധാത്മാവ് സുവിശേഷാത്മകമായ ഒരു ആഹ്വാനം നൽകിയാണ് എന്നത് ഏവരെയും വിസ്മയിപ്പിക്കും!."

---

**Printed in English & Malayalam - January 2021**

©

www.sunnythomas.org
General Publishing, Post Box:2215, Sasthamangalam, Trivandrum –KL-695010-INDIA

# വെളിപ്പാട് പുസ്തകം
## അദ്ധ്യായം – 1

## യേശു ക്രിസ്തുവിൻറെ ഈ ലോകത്തിലേക്കുള്ള വീണ്ടും വരവിൻറെ പ്രഖ്യാപനം

**7"ഇതാ, അവൻ മേഘാരൂഢനായി വരുന്നു; ഏതു കണ്ണും, അവനെ കുത്തിത്തുളെച്ചവരും അവനെ കാണും; ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെച്ചൊല്ലി വിലപിക്കും. ഉവ്വു, ആമേൻ."**

## ക്രിസ്തു തന്നെ അവതരിപ്പിക്കുന്നു.

**18" ഭയപ്പെടേണ്ടാ, ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനും ആകുന്നു.ഞാൻ മരിച്ചവനായിരുന്നു; എന്നാൽ ഇതാ, എന്നെന്നേക്കും ജീവിച്ചിരിക്കുന്നു; മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ടു. സമയം അടുത്തിരിക്കുന്നു"**

**'മറനീക്കുക' എന്ന അർഥം വരുന്ന തലക്കെട്ട് തന്നെ പുസ്തകത്തിൻറെ സ്വഭാവം വെളിപ്പെടുത്തുന്നു. യോഹന്നാൻറെ വെളിപ്പാട് എന്നല്ല "യേശു ക്രിസ്തുവിൻറെ വെളിപ്പാട്" എന്ന് രേഖപ്പെടുത്തിയാണ് പുസ്തകം ആരംഭിക്കുന്നത്.**

**വിഷയത്തിൻറെ ഗാംഭീര്യം കൊണ്ടും അവതരണ മാഹാത്മ്യത്താലും രചനയുടെ ദൈവിക ആധികാരികത ഈ പുസ്തകത്തിൽ വെളിപ്പെടുന്നു.
"വേഗത്തിൽ സംഭവിപ്പാനുള്ളതു തന്റെ ദാസന്മാരെ കാണിക്കേണ്ടതിന്നു ദൈവം അതു അവന്നു കൊടുത്തു."
വെളിപ്പാട് പുസ്തകംഒരു ചരിത്ര പുസ്തകം അല്ല. ആറാം അദ്ധ്യായംമുതൽ കഴിഞ്ഞ കാര്യങ്ങളല്ല പ്രത്യുത സംഭവിക്കുവാൻ പോകുന്ന കാര്യങ്ങളാണ് വെളിപ്പെടുത്തുന്നത്.**

## വിഷയ വിഭജനം

**1. "നീ കണ്ടതും" (അദ്ധ്യായം.1)
2. "ഇപ്പോൾ ഉള്ളതും" (അദ്ധ്യായം. 2-3)
3. : ഇനി സംഭവിപ്പാനിരിക്കുന്നതും" (അദ്ധ്യായം.4 – 22)**

## 1. "നീ കണ്ടതും" (അദ്ധ്യായം.1)

**13"തിരിഞ്ഞപ്പോൾ ഏഴു പൊൻനിലവിളക്കുകളെയും നിലവിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ചു മാറത്തു പൊൻകച്ച കെട്ടിയവനായി മനുഷ്യപുത്രനോടു സദൃശനായവനെയും കണ്ടു.
*14* അവന്റെ തലയും തലമുടിയും വെളുത്ത പഞ്ഞിപോലെ ഹിമത്തോളം വെള്ളയും കണ്ണു അഗ്നിജ്വാലെക്കു ഒത്തതും
*15* കാൽ ഉലയിൽ ചുട്ടു പഴുപ്പിച്ച വെള്ളോട്ടിന്നു സദൃശവും അവന്റെ ശബ്ദം പെരുവെള്ളത്തിന്റെ ഇരെച്ചൽപോലെയും ആയിരുന്നു. അവന്റെ വലങ്കയ്യിൽ ഏഴു നക്ഷത്രം ഉണ്ടു;
*16* അവന്റെ വായിൽ നിന്നു മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ പുറപ്പെടുന്നു; അവന്റെ മുഖം സൂര്യൻ ശക്തിയോടെ പ്രകാശിക്കുന്നതു പോലെ ആയിരുന്നു.**

**നാലു സുവിശേഷങ്ങളിലും നാം യേശുവിനെ കാണുന്നത് സൗമ്യനായ രക്ഷകൻ ആയിട്ടാണ്. അപ്പോസ്തലനായ പൗലോസ് ഫിലിപ്പിയ ലേഖനത്തിൽ എഴുതിയിരിക്കുന്നത് പോലെ:**

**" അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യ സാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു**

**വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നേ, അനുസരണമുള്ളവനായിത്തീർന്നു." (ഫിലിപ്പ്യർ.2:6-8)**

## ഇവിടെ നാം ദൈവ പുത്രനായ യേശുവിനെ രാജാധി രാജാവായും കർത്താധി കർത്താവായും കാണുന്നു.കർത്താവു ഇവിടെ സാക്ഷീകരിക്കുന്നതു താൻഅതെ യേശു തന്നെ ആകുന്നു എന്നാണ്. 18 "ഞാൻ മരിച്ചവനായിരുന്നു;എന്നാൽ ഇതാ എന്നെന്നേക്കും ജീവിച്ചിരിക്കുന്നു"

## വെളിപ്പാട് പുസ്തകം

### അദ്ധ്യായം – 2, 3

## "ഇപ്പോൾ ഉള്ളത്"

**2. "ഇപ്പോൾ ഉള്ളത്" (ഏഴു സഭകൾക്കുള്ള ദൂതുകൾ) അദ്ധ്യായം – 2-3**

**11 "നീ കാണുന്നതു ഒരു പുസ്തകത്തിൽ എഴുതി എഫെസൊസ്, സ്മുർന്നാ; പെർഗ്ഗമൊസ്, തുയഥൈര, സർദ്ദീസ്, ഫിലദെൽഫ്യ, ലവൊദിക്ക്യാ എന്ന ഏഴു സഭകൾക്കും അയക്കുക എന്നിങ്ങനെ കാഹളത്തിന്നൊത്ത ഒരു മഹാനാദം എന്റെ പുറകിൽ കേട്ടു."**
**യോഹന്നാൻറെ കാലത്തുണ്ടായിരുന്ന ഈ ഏഴു സഭകൾ ക്രിസ്തീയ സഭയുടെ ഏഴു കാലഘട്ടങ്ങളെ കുറിക്കുന്നു. അതിൽ പറയുന്ന ചരിത്ര വിവരണങ്ങൾ അതിന്നു തെളിവാണ്. അപ്പോൾ തന്നെ ഈ മുഴു കാലഘട്ടത്തിലുള്ള എല്ലാ പുതിയ നിയമ വിശുദ്ധന്മാർക്കും ഇതിലെ പ്രബോധനം ബാധകവുമാണ്.**
**ഏഴു സഭകൾക്കുള്ള ദൂതുകളിൽ സഭയോടും വിശ്വാസിയോടും കണക്കു തീർക്കുന്ന സഭാ കാന്തനെയാണ് കാണുന്നത്. അവിടെ ഏവരുടെയും സ്വഭാവം , ആത്മികത, പ്രവർത്തനം, ഇവ എല്ലാം ശോധന ചെയ്യപ്പെടുന്നു . തെറ്റുകൾക്ക് ശാസനയും, പ്രവർത്തന വിജയങ്ങൾക്കു ഉയർന്ന പ്രതിഫലങ്ങളും വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. ക്രിസ്തുവിൻറെ ന്യായാസനത്തിൻറെ മുൻപിൽ വിശ്വാസി കണക്കു ബോധിപ്പിക്കേണ്ടവൻ ആകുന്നു എന്ന ഓർമ്മപ്പെടുത്തൽ ഈ ദൂതുകളിൽ പ്രധാനമായും നിഴലിക്കുന്നു.**

## വെളിപ്പാട് പുസ്തകം

### അദ്ധ്യായം. 4, 5

## "ഇനി സംഭവിപ്പാനിരിക്കുന്നത്"

### (അദ്ധ്യായങ്ങൾ: 4,5 & 6- 22)

**3. "ഇനി സംഭവിപ്പാനിരിക്കുന്നത്" 4.,5 & 6-22**

**1.സ്വർഗത്തിൽ ഒരു വാതിൽ. 4:1.**
**2.സ്വർഗ്ഗത്തിലെ സിംഹാസനം. 4:2, 5:6**
**3.ഇരുപത്തിനാലു മൂപ്പന്മാർ. 4:4.**
**4.നാലു ജീവികൾ . 4:6-11.**
**5.ഏഴു മുദ്രകളാൽ മുദ്രയിടപ്പെട്ടൊരു പുസ്തകം. 5:1**
**6.ഏഴു കൊമ്പുകൾ. 5:8-10**

**5,6 -അദ്ധ്യായങ്ങളിൽ യേശു ക്രിസ്തു പിതാവാം ദൈവത്തോടു കൂടിസിംഹാസനം പങ്കിടുന്നതായി കാണുന്നത് ക്രിസ്തുവിന്റെ ദൈവ സമത്വത്തിൻറെ തെളിവാകുന്നു.**
**ഞാൻ സിംഹസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെമദ്ധ്യത്തിലും ഒരു കുഞ്ഞാടു അറുക്കപ്പെട്ടതുപോലെ നില്ക്കുന്നതു കണ്ടു: (5:6)**

**കുഞ്ഞാടായ ക്രിസ്തു ഭൂമിയെ പ്രതിനിധീകരിക്കുന്ന മൂപ്പന്മാരുടെയും സ്വർഗീയ ജീവികളുടെയും നടുവിൽ നിൽക്കുന്നതായി കാണുന്നത്, ക്രിസ്തു പൂർണ ദൈവവും, പൂർണ മനുക്ഷ്യനും ആണ് എന്ന സത്യം വീണ്ടും വിളിച്ചു പറയുന്നു.**
**ഈ കുഞ്ഞാട് അറുക്കപ്പെട്ടിട്ടും നിൽക്കുന്നതായി കാണുന്നത് മറ്റൊരു അത്ഭുതകരമായ കാഴ്ചയാണ്.**

**ലോകചരിത്രത്തിൽ അറുക്കപ്പെട്ടതൊന്നും നിവർന്നു നിന്നിട്ടില്ല . എന്നാൽ യേശു ക്രിസ്തു എന്ന ഏകൻ അറുക്കപ്പെട്ടു , മരണം അനുഭവിച്ചു എന്നാൽ ഉയിർത്തെഴുന്നേറ്റു ജയാളിയായി സ്വർഗത്തിൽ ഇന്നും ജീവിക്കുന്നു. ക്രിസ്തുവിനെ സ്വർഗീയ മഹത്വത്തിൻറെ മദ്ധ്യേ നില്കുന്നവനായി കാണുന്നു.**

## ദൈവ പുകഴ്ച

**“”അവർ അത്യുച്ചത്തിൽ: അറുക്കപ്പെട്ട കുഞ്ഞാടു ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും സ്തോത്രവും ലഭിപ്പാൻ യോഗ്യൻ എന്നു പറഞ്ഞു. സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും സമുദ്രത്തിലും ഉള്ള സകല സൃഷ്ടിയും അവയിലുള്ളതു ഒക്കെയും: സിംഹാസനത്തിൽ ഇരിക്കുന്നവനും കുഞ്ഞാടിനും സ്തോത്രവും ബഹുമാനവും മഹത്വവും ബലവും എന്നെന്നേക്കും ഉണ്ടാകട്ടെ എന്നു പറയുന്നതു ഞാൻ കേട്ടു.നാലു ജീവികളും: ആമേൻ എന്നു പറഞ്ഞു; മൂപ്പന്മാർ വീണു നമസ്കരിച്ചു. “**

**( 5:12-14)**
ഇത് ദൈവത്തിൻറെ തക്ക സമയം ആണ്. മനുക്ഷ്യൻറെ പാപ പരിഹാരത്തിനായി ഭൂമിയിലേക്ക് വന്നു അറുക്കപ്പെട്ട കുഞ്ഞാട് ദൈവസിംഹാസനത്തിനു മുമ്പാകെ പുസ്തകത്തിൻറെ മുദ്ര പൊട്ടിക്കുവാൻ "താൻ മാത്രം യോഗ്യൻ" എന്ന സാക്ഷ്യം പ്രാപിച്ചു എഴുന്നേൽക്കുമ്പോൾ വീണ്ടെടുപ്പിൻറെ അന്ത്യഘട്ടം നിറവേറുവാൻ ആരംഭിക്കുന്നു.

**<u>യേശു ക്രിസ്തുവിൻറെ വീണ്ടും വരവിന് രണ്ടു ഭാഗങ്ങൾ ഉണ്ട്</u>.**

**1.തൻറെ കാന്തയായ സഭയെ ചേർക്കാൻ കള്ളനെ പോലെ വരും എന്ന് പറഞ്ഞതിൻറെ നിവർത്തീകരണം. (മത്തായി.24:36,43-50)**
**2.മഹോപദ്രവ കാലത്തിൻറെ ഒടുവിലുള്ള ഹർമ്മഗദോൻ യുദ്ധത്തിൽ പരിതാപകരമായി തകരുന്ന ഇസ്രായേലിൻറെ വീണ്ടെപ്പുകാരനായ മശീഹയായി തേജസിൽ തൻറെ സ്വർഗീയ ദൂത സൈന്യവുമായി വരുന്ന ക്രിസ്തു. (മത്തായി.25:31)**

## <u>സഭയുടെ ഉൽപ്രാപണം</u>

**<u>സഭ ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും.</u>**
**<u>തുടർന്ന് ലോകത്തിൽ അന്തിക്രിസ്തു രംഗ പ്രവേശം ചെയ്യും</u>.**
**സഭയുടെ ഉൽപ്രാപണമാണ് ഒന്നാമത് സംഭവിക്കുന്നത്. അതിൻറെ സമയം സ്വർഗം മാത്രം അറിയുന്നു. കൃപായുഗം പൂർണമാകുമ്പോൾ പരിശുദ്ധാത്മാവ് സഭയെ കർത്താവിനെ എതിരേൽക്കുവാൻ മദ്ധ്യാകാശത്തിൽ എടുത്തുകൊള്ളും. “അധർമ്മത്തിന്റെ മർമ്മം ഇപ്പോഴേ വ്യാപരിക്കുന്നുണ്ടു; <u>ഇതുവരെ തടുക്കുന്നവൻ വഴിയിൽനിന്നു നീങ്ങിപോക മാത്രം വേണം</u>.**
**അപ്പോൾ അധർമ്മമൂർത്തി വെളിപ്പെട്ടുവരും; “(2. തെസ്സലൊനീക്യർ.2:7)**

"കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കയും ചെയ്യും.
17 പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും. (1. തെസ്സലൊനീക്യർ.4:16,17)

---

## വെളിപ്പാട് – 6

## ഒടുവിലത്തെ 7 വർഷങ്ങൾ

### മഹോപദ്രവ കാലഘട്ടത്തിൻറെ ആദ്യ പകുതി(ആദ്യ മൂന്നര വർഷങ്ങൾ) -ലോകത്തിൻറെ സമാധാന ദൂതനായി അന്തിക്രിസ്തുവിൻറെ രംഗപ്രവേശം-

**ഏഴു മുദ്രകൾ:**
**ഒന്നാം മുദ്ര. (വെളുത്ത കുതിര) വെളിപ്പാട് 6:1-2**

വെള്ള കുതിരപ്പുറത്തു വരുന്നത് ഇവിടെ ക്രിസ്തുവല്ല.
വെളിപ്പാട് 19-ൽ ആണ് നാം ക്രിസ്തുവിനെ വെള്ളകുതിര പ്പുറത്തു വരുന്നവനായി കാണുന്നത്. ഹർമ്മഗെദ്ദോൻ യുദ്ധ സമയത്തു ഇറങ്ങി വരുന്ന ക്രിസ്തുവിനെ :വിശ്വസ്തനും', ' സത്യവാനും ' എന്നാണ് അവിടെ വിശേഷിപ്പിക്കുന്നത്. ("അവന്നു ദൈവവചനം എന്നു പേർ")

എന്നാൽ ഇവിടെ **അന്തിക്രിസ്തു** ഏറ്റം ബുദ്ധിമാനായ, തന്ത്രശാലിയായ, ആർക്കും എതിർക്കുവാൻ സാധിക്കാത്ത ഒരു ഏകാധിപധിയായി രംഗപ്രവേശം ചെയ്യും. 7 വർഷങ്ങളുടെ തുടക്കത്തിൽ ശാന്തനായി രംഗപ്രവേശം ചെയ്യുന്ന അവൻ ഒടുവിൽ ക്രൂരതയുടെ മൂർദ്ധന്യഭാവമായി തീരും. അവൻറെ തന്ത്രപരമായ വിജയങ്ങൾ ലോകത്തെ ആവേശഭരിതരാക്കും.

റോമൻ സാമ്രാജ്യത്തിൻറെ ശക്തിയുടെ അവസാന പ്രതീകമായിയൂറോപ്പിൽ രൂപം കൊള്ളുന്ന പത്തു രാജ്യങ്ങളുടെ യൂണിയൻറെ അധികാരിയായി അവൻ ഉയർത്തപ്പെടും. അവൻ സമാധാനത്തിന്റെ വ്യാജ വാഗ്ദാനങ്ങൾ നൽകി ലോകത്തെ വശീകരിക്കും. ഉപായരൂപേണ തലപ്പത്തെ സ്ഥാനം കൈക്കലാക്കും. (ദാനിയേൽ.11:21). സഭയുടെ ഉൽപ്രാപണത്തിനു ശേഷം പല തലങ്ങളിൽ ഉണ്ടാകുന്ന അസ്ഥിരതയാൽ ലോകം അവനെ സ്വീകരിക്കുവാൻ തയ്യാറാകും. "സാത്താന്റെ ഉപകരണം" എന്ന നിലയിൽ അവന് അത്ഭുതകരമായ പ്രവർത്തന ശക്തികളുണ്ടാകും, അവൻ വരുമ്പോൾ ലോകം അവനെ സ്വീകരിക്കാൻ തയ്യാറാകും, കാരണം ലോകത്തിലെ നിവാസികൾക്ക് അന്ന് ശക്തമായ ഒരു വ്യാമോഹം ഉണ്ടാകും. ദൈവത്തെ വേണ്ട എന്ന് വെക്കുന്ന മനുഷ്യന് ഒടുവിൽ ഭോഷ്ക്കിൽ വിശ്വസിക്കേണ്ടിവരും. (2. തെസ്സലൊനീക്യർ.2:9-11)

അതിനാൽ ഈ വെള്ളക്കുതിരപ്പുറത്തു വരുന്നവൻ അന്തിക്രിസ്തു ആകുന്നു. "70 ആഴ്ചവട്ടം" എന്ന ദാനിയേലിന്റെ ദർശനത്തിലെ "വരുവാനിരിക്കുന്ന പ്രഭു" അവനാണ്. കൂടാതെ ദാനിയേലിന്റെ ജനമായ യഹൂദന്മാരുമായി "ഒരാഴ്ചവട്ടം" (ഏഴു വർഷം)," ഉള്ള ഉടമ്പടി സ്ഥിരീകരിക്കും. *അന്തിക്രിസ്തുവിൻറെ നേതൃത്വം സ്വീകരിക്കുകയല്ലാതെ ലോകത്തിന് അന്ന് മറ്റു മാർഗ്ഗം ഉണ്ടാകില്ല. ദൈവജനത്തിൻറെ എടുത്തുകൊള്ളപ്പെടലിനു ശേഷം ഉണ്ടാകുന്ന വ്യതിയാനങ്ങളിൽ പരിഭ്രാന്തരാകുന്ന ലോകത്തിനു മാനവരാശിയുടെ നിലനിൽപ്പിനായി ഈ ഭരണം അംഗീകരിക്കേണ്ടിവരും. ( *(1. യോഹന്നാൻ 2:18,22; /4:32; 2. യോഹന്നാൻ 1:7)

## ഈ വിഷയത്തിലെ മറ്റു ബൈബിൾ പരാമർശങ്ങൾ ശ്രദ്ധേയമാണ്:

### 1. തെസ്സലൊനീക്യ 5:3

**"അവർ സമാധാനമെന്നും നിർഭയമെന്നും പറയുമ്പോൾ ഗർഭിണിക്കു പ്രസവവേദന വരുമ്പോലെ അവർക്കു പെട്ടെന്നു നാശം വന്നു ഭവിക്കും; അവർക്കു തെറ്റിയൊഴിയാവതുമല്ല"... (ഒടുവിൽ ഒരു സമാധാന കാലം സംജാതമായി എന്ന് ലോകം വിചാരിക്കും. എന്നാൽ അത് ഒരു തോന്നൽ മാത്രമാകും.) ദാനിയേൽ. ഏഴും ,എട്ടും അദ്ധ്യായങ്ങൾ**

**ദാനിയേൽ:7:25 "അവൻ അത്യുന്നതനായവന്നു വിരോധമായി വമ്പു പറകയും അത്യുന്നതനായവന്റെ വിശുദ്ധന്മാരെ ഒടുക്കിക്കളകയും സമയങ്ങളെയും നിയമങ്ങളെയും മാറ്റുവാൻ ശ്രമിക്കയും ചെയ്യും; കാലവും കാലങ്ങളും കാലാംശവും അവർ അവന്റെ കയ്യിൽ ഏല്പിക്കപ്പെട്ടിരിക്കും".**

**ദാനിയേൽ 8:23 "എന്നാൽ അവരുടെ രാജത്വത്തിന്റെ അന്ത്യകാലത്തു അതിക്രമക്കാരുടെ അതിക്രമം തികയുമ്പോൾ, ഉഗ്രഭാവവും ഉപായബുദ്ധിയും ഉള്ളോരു രാജാവു എഴുന്നേല്ക്കും... കർത്താധികർത്താവിനോടു എതിർത്തുനിന്നു കൈ തൊടാതെ തകർന്നുപോകയും ചെയ്യും." (8:25)...**

**ദാനിയേൽ.8:23 ..." ,ഉഗ്രഭാവവും ഉപായബുദ്ധിയും ഉള്ളോരു രാജാവു എഴുന്നേല്ക്കും."**

## ദാനിയേൽ പ്രവചനത്തിലെ<br>എഴുപതാം ആഴ്ചവട്ടത്തിൻറെ തുടക്കം<br>അഥവാ പാപം കലർന്ന മാനവ കാലത്തിൻറെ<br>അവസാന ഏഴു വർഷങ്ങളുടെ തുടക്കം

### <u>അവതരണം</u>

### ദാനിയേൽ 9:24-27<br>യെരുശലേമിനെ സംബന്ധിച്ചുള്ള<br>70 വർഷങ്ങളുടെയും, 70 ആഴ്ചവട്ടത്തിൻറെയും കണക്കുകൾ<br>ദാനിയേൽ 9:2 , യിരേമ്യാവു 25:11,12; 20:10

**<u>1. ദാനിയേൽ 9:2 - യെരുശലേമിൻറെ യഥാസ്ഥാപനത്തിന്നായുള്ള 70 വർഷം</u>**
**<u>2. യെരമ്യാവ് 25:11- ബാബേൽ രാജാവിനെ സേവിക്കാനുള്ള 70 വർഷം .</u>**
**<u>3. ദാനിയേൽ 9:24- നിത്യനീതി സ്ഥാപിക്കപ്പെടുവാനുള്ള 70 ആഴ്ചവട്ടം</u>**

---

**ദാനിയേൽ 9:24 "അതിക്രമത്തെ തടസ്ഥം ചെയ്തു പാപങ്ങളെ മുദ്രയിടുവാനും അകൃത്യത്തിന്നു പ്രായശ്ചിത്തം ചെയ്തു നിത്യനീതി വരുത്തുവാനും ദർശനവും പ്രവചനവും മുദ്രയിടുവാനും അതിപരിശുദ്ധമായതിനെ അഭിഷേകം ചെയ്‌വാനും തക്കവണ്ണം നിന്റെ ജനത്തിന്നും വിശുദ്ധനഗരത്തിന്നും എഴുപതു ആഴ്ചവട്ടം നിയമിച്ചിരിക്കുന്നു."**

**25 "അതുകൊണ്ടു നീ അറിഞ്ഞു ഗ്രഹിച്ചുകൊള്ളേണ്ടതെന്തെന്നാൽ: യെരൂശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിവാൻ കല്പന പുറപ്പെടുന്നതുമുതൽ അഭിഷിക്തനായോരു പ്രഭുവരെ <u>ഏഴു ആഴ്ചവട്ടം</u>; അറുപത്തുരണ്ടു ആഴ്ചവട്ടംകൊണ്ടു അതിനെ വീഥിയും കിടങ്ങുമായി കഷ്ടകാലങ്ങളിൽ തന്നേ <u>വീണ്ടും പണിയും."</u>**

**<u>26 അറുപത്തു രണ്ടു ആഴ്ചവട്ടം</u> കഴിഞ്ഞിട്ടു അഭിഷിക്തൻ ഛേദിക്കപ്പെടും; അവന്നു ആരും ഇല്ലെന്നു വരും; പിന്നെ വരുവാനിരിക്കുന്ന പ്രഭുവിന്റെ പടജ്ജനം നഗരത്തെയും വിശുദ്ധമന്ദിരത്തെയും നശിപ്പിക്കും; അവന്റെ അവസാനം ഒരു പ്രളയത്തോടെ ആയിരിക്കും; അവസാനത്തോളം യുദ്ധമുണ്ടാകും; ശൂന്യങ്ങളും നിർണ്ണയിക്കപ്പെട്ടിരിക്കുന്നു.**

**27 അവൻ <u>ഒരു ആഴ്ചവട്ടത്തേക്കു</u> പലരോടും നിയമത്തെ കഠിനമാക്കും; ആഴ്ചവട്ടത്തിന്റെ മദ്ധ്യേ അവൻ ഹനനയാഗവും ഭോജനയാഗവും നിർത്തലാക്കികളകയും; മ്ളേച്ഛതകളുടെ ചിറകിന്മേൽ ശൂന്യമാക്കുന്നവൻ വരും; നിർണ്ണയിക്കപ്പെട്ടിരിക്കുന്ന സമാപ്തിയോളം ശൂന്യമാക്കുന്നവന്റെ മേൽ കോപം ചൊരിയും."**

*ഈ നാലു വാക്യങ്ങളിലെ അകെ ആഴ്ചവട്ടം 69 (7,62). അവസാന ആഴ്ചവട്ടം -1.
ആകെ 70 ആഴ്ചവട്ടം. (490) വർഷം.
*(ഒരു ആഴ്ചവട്ടം എന്നുള്ളത് - 7 വർഷം)

<u>പാർസിരാജാവായ കോരെശ് യെരുശലേം പുനസ്ഥാപിക്കുവാൻ കല്പന കൊടുത്ത് മുതൽ അഭിഷക്തനായ ക്രിസ്തു വരെ 69 ആഴചവട്ടം</u>. അതായതു <u>483 വർഷങ്ങൾ. മഹാപീഡന കാലമായ 1 ആഴ്ചവട്ടം (7 വർഷങ്ങൾ) കൂടി ചേരുമ്പോൾ 70 ആഴ്ചവട്ടം ( 490 വർഷങ്ങൾ) തികയും .</u>

ആഴ്ചവട്ടം 69 -നും ഒടുവിലത്തെ ആഴ്ചവട്ടം 1- നും ഇടയിലാണ് ഇപ്പോൾ ലോകം ആയിരിക്കുന്ന കൃപയുടെ സുവിശേഷത്തിൻറെ കാലം. അതായതു സഭാകാലം. അത് എന്ന് അവസാനിക്കുന്നു എന്നത് മനുഷ്യർക്ക് വെളിപ്പെടുത്തിയിട്ടില്ല. എന്നാൽ ക്രിസ്തു സഭയെ ചേർക്കാൻ വരുമ്പോൾ കൃപയുടെ കാലം അവസാനിക്കുകയും. മഹാ പീഡനകാലമായ 7 വർഷം ആരംഭിക്കുകയും ചെയ്യും.

## <u>രണ്ടാം മുദ്ര (ചുവന്ന കുതിര) വെളിപ്പാട്.6:3-4</u>

ഇവിടെ കാണുന്ന പ്രതീകങ്ങൾ വളരെ വ്യക്തമാണ്. അത് യുദ്ധത്തെ കുറിക്കുന്നു. മത്തായി സുവിശേക്ഷത്തിൽ (24) , പീഡന കാലത്തെ യുദ്ധങ്ങളെ കുറിച്ച് യേശു ക്രിസ്തു സൂചന നൽകുന്നുണ്ട്. <u>ഒരു സമാധാന ദൂതൻറെ വേഷം ധരിച്ചു അന്തിക്രിസ്തു രംഗപ്രവേശം ചെയ്യും</u>. എന്നാൽ സമാധാനം എന്ന് പറയുമ്പോഴേക്കും ഒഴിവാക്കാനാവാത്ത ദുരന്തങ്ങളിലേക്കു ലോകം പെട്ടെന്ന് നീങ്ങും. (1.തെസ്സലോനിക്യർ 5:3)

സമാധാന പ്രഭുവായ ക്രിസ്തു തൻറെ രാജ്യം സ്ഥാപിക്കുമ്പോൾ മാത്രമേ സമാധാനത്തിൻറെ പൂർണത ഈ ലോകത്തിൽ ഉണ്ടാകയുള്ളു.

## <u>മൂന്നാം മുദ്ര – (കറുത്ത കുതിര) വെളിപ്പാട്. 6:5-6</u>

കറുത്ത കുതിര കനത്ത ക്ഷാമത്തെ കുറിക്കുന്നു. യുദ്ധത്തിനുശേക്ഷം സ്വാഭാവികമായി സംഭവിക്കുന്ന ക്ഷാമം മനുഷ്യൻറെ ഭക്ഷ്യ ആവശ്യകതയെ സാരമായി ബാധിക്കും. അവിടെ കാണുന്ന ഒരു പണത്തിന് ലഭിക്കുന്ന ധാന്യം ഒരു അടിമയുടെ ഒരു ദിവസത്തെ റേഷൻ വിഹിതം ആയി കണക്കാക്കപ്പെടുന്നു. ഭക്ഷ്യ ക്ഷാമം അന്ന് രൂക്ഷമാകും.

## നാലാം മുദ്ര <u>-(മഞ്ഞ നിറമുള്ള കുതിര) വെളിപ്പാട്. 6: 8</u>

ഈ കുതിരപ്പുറത്തു ഇരിക്കുന്നവനെ മരണം എന്നാണ് വിളിച്ചിരിക്കുന്നത്.
മരണത്തോടനുബന്ധിച്ചുള്ള പാതാളം അവനെ പിന്തുടരുന്നതായി കാണുന്നു.

നാലാം മുദ്രയുടെ സമയത്തു മരണത്തിന്റെ ശക്തിയെ കാണുന്നു. *യുദ്ധത്തിനും, ക്ഷാമത്തിനും ശേക്ഷം ഉണ്ടാകുന്ന മഹാവ്യാധി അഥവാ മഹാമാരി അന്നത്തെ ലോക ജനസംഖ്യയുടെ നാലിൽ ഒന്ന് പേരെ (7: 8) മരണത്തിന് ഇരയാക്കും. * (യെശയ്യാ 5:13-16. യെഹെസ്കേൽ14:21)
6:8"മഹാവ്യാധികൊണ്ടും ഭൂമിയിലെ *കാട്ടുമൃഗങ്ങളെക്കൊണ്ടും കൊന്നുകളവാൻ അധികാരം ലഭിച്ചു."
(*മൃഗങ്ങളിൽ നിന്നും പകരപ്പെടുന്ന സാംക്രമിക രോഗങ്ങൾ ആയിരിക്കാം.)

<u>എന്നാൽ ഈ കഷ്ടതകളും ക്രിസ്തു പറഞ്ഞതുപോലെ ഈറ്റു നോവിൻറെ ആരംഭം മാത്രമാകും. (മത്തായി. 24: 6 - 8)</u>

## സഭയുടെ ഉൽപ്രാപണത്തിന്നു ശേഷം
## ദൈവം യിസ്രായേലുമായി വീണ്ടും ഇടപെടാൻ ആരംഭിക്കും.

## ഒടുവിലത്തെ ആഴ് ചവട്ടം (ഏഴു വർഷങ്ങൾ)

### റോമർ. അദ്ധ്യായം 11.

**1".എന്നാൽ ദൈവം സ്വജനത്തെ തള്ളിക്കളഞ്ഞുവോ എന്നു ഞാൻ ചോദിക്കുന്നു. ഒരു നാളും ഇല്ല; ഞാനും യിസ്രായേല്യനല്ലോ; അബ്രാഹാമിന്റെ സന്തതിയിൽ ബെന്യാമീൻ ഗോത്രത്തിൽ ജനിച്ചവൻ തന്നേ.**
**2. ദൈവം മുന്നറിഞ്ഞിട്ടുള്ള തന്റെ ജനത്തെ തള്ളിക്കളഞ്ഞിട്ടില്ല. ഏലീയാവിന്റെ ചരിത്രത്തിൽ തിരുവെഴുത്തു പറയുന്നതു അറിയുന്നില്ലയോ?.**
**12 എന്നാൽ അവരുടെ ലംഘനം ലോകത്തിന്നു ധനവും അവരുടെ നഷ്ടം ജാതികൾക്കു സമ്പത്തും വരുവാൻ കാരണമായി എങ്കിൽ അവരുടെ യഥാസ്ഥാനം എത്ര അധികം?.**
**15 അവരുടെ ഭ്രംശം ലോകത്തിന്റെ നിരപ്പിന്നു ഹേതുവായി എങ്കിൽ അവരുടെ അംഗീകരണം മരിച്ചവരുടെ ഉയിർപ്പെന്നല്ലാതെ എന്താകും?**
**25 സഹോദരന്മാരേ, നിങ്ങൾ ബുദ്ധിമാന്മാരെന്നു നിങ്ങൾക്കു തന്നേ തോന്നാതിരിപ്പാൻ ഈ രഹസ്യം അറിയാതിരിക്കരുതു എന്നു ഞാൻ ആഗ്രഹിക്കുന്നു; ജാതികളുടെ പൂർണ്ണസംഖ്യ ചേരുവോളം യിസ്രായേലിന്നു അംശമായി കാഠിന്യം ഭവിച്ചിരിക്കുന്നു.**
**28 സുവിശേഷം സംബന്ധിച്ചു അവർ നിങ്ങൾ നിമിത്തം ശത്രുക്കൾ; തിരഞ്ഞെടുപ്പു സംബന്ധിച്ചോ പിതാക്കന്മാർനിമിത്തം പ്രിയന്മാർ".**

**അതിനാൽ സഭയുടെ ഉൽപ്രാപണത്തിന്നു ശേഷം, ഒടുവിലത്തെ ആഴ് ചവട്ടം ദൈവം തൻറെ ജനമായ യിസ്രായേലുമായി വീണ്ടും ഇടപെടാൻ ആരംഭിക്കും**

### അഞ്ചാം മുദ്ര -(അറുക്കപ്പെട്ടവരുടെ ആത്മാക്കൾ ) വെളിപ്പാട്. 6:9-11

**ഇവർ ക്രിസ്തീയ പുതിയ നിയമ സഭയുടെ രക്തസാക്ഷികൾ അല്ല. കാരണം പീഡനകാലത്തിന്നു മുൻപേ തന്നെ സഭ എടുക്കപ്പെട്ടു കഴിഞ്ഞു.**
**ഇവിടെ അവരുടെ ആത്മാക്കളെ യാഗപീഠത്തിനു കീഴെ കാണുന്നതിനാൽ അവർ യാഗമായി അർപ്പിക്കപ്പെട്ടവരാണ് അഥവാ ദൈവിക സാക്ഷ്യം നിമിത്തമുള്ള മഹാപീഡന കാലത്തെ ആദ്യ രക്തസാക്ഷികൾ ആണ്.**

**മത്തായി 24 -ൽ കാണുന്ന ക്രിസ്തുവിൻറെ പ്രബോധന പ്രകാരം പീഡ തുടങ്ങുമ്പോൾ രാജ്യത്തിൻറെ സുവിശേഷം പ്രസംഗിക്കപ്പെടുവാൻ ആരംഭിക്കുകയും ആ ദൈവ സാക്ഷ്യം നിമിത്തം ചിലർ കൊല്ലപ്പെടുകയും ചെയ്യും. (മത്തായി 24: 9-14)**
**ദൈവസഭ എടുത്തുകൊള്ളപ്പെട്ടു കഴിഞ്ഞാൽ ഉടൻ ഇന്നുള്ള കൃപയുടെ സുവിശേഷത്തിൻറെ വിളംബരം (അപ്പൊ. പ്രവർത്തികൾ.20:24)അവസാനിക്കുകയൂം, രാജ്യത്തിൻറെ സുവിശേഷം പ്രസംഗിക്കപ്പെടുവാൻ തുടങ്ങുകയും ചെയ്യും. പ്രധാനമായും പീഡനകാലത്തും പ്രത്യേകിച്ച് അതിൻറെ ആദ്യ പകുതിയിൽ സ്വർഗ്ഗം നിയോഗിക്കുന്ന രണ്ടു സാക്ഷികളാലും ശക്തമായി പ്രസംഗിക്കപ്പെടും. പ്രധാനമായും യഹൂദരുടെ ഇടയിൽ പ്രസംഗിക്കപ്പെടുന്ന വിഷയം, അവരുടെ മശീഹ വന്നു തൻറെ അനുഗ്രഹീത രാജ്യം ലോകത്തിൽ സ്ഥാപിക്കും എന്നതായിരിക്കും.**

**ആ വാർത്ത ലോകത്തിന്നും പ്രത്യേകാൽ അന്തിക്രിസ്തുവിനും അനിഷ്ടമായിരിക്കുകയും അതിന്നു അനുകൂലിക്കുന്നവരെ പ്രത്യേകിച്ച് യൂദരെ ക്രൂരമായി പീഡിപ്പിക്കുകയും ചെയ്യും.**
**പീഡ അനുഭവിക്കുന്നവരുടെ നിലവിളിയിൽ നിന്നും അവർ ക്രിസ്തീയ രക്തസാക്ഷികൾ അല്ല എന്നതിന് ശക്തമായ തെളിവ് ലഭിക്കുന്നു. അപ്പൊസ്തല പ്രവർത്തികളിൽ (7:60) 'തന്നെ ഉപദ്രവിക്കുന്നവരോട് ക്ഷമിക്കണമേ' എന്ന സ്തെഫനോസിൻറെ രക്തസാക്ഷിത്വ സമയത്തെ**

പ്രാർത്ഥനയാണ് ക്രിസ്തീയ രക്തസാക്ഷികളുടെ മാതൃക. ക്രിസ്തു ക്രൂശിൽ കിടന്നു "ഇവരോട് ക്ഷമിക്കണമേ "എന്ന് തന്നെ ഉപദ്രിവിക്കുന്നവർക്കു വേണ്ടി അപേക്ഷിക്കുന്ന രീതി.

എന്നാൽ ഇവിടെ ദൈവം പ്രതികരിക്കുവാൻ പീഡ അനുഭവിക്കുന്നവർ പ്രാർത്ഥിക്കുന്നു. എന്നാൽ മഹാ പീഡനകാലം കഴിയുമ്പോൾ ക്രിസ്തു തൻറെ രാജ്യം സ്ഥാപിക്കുകയും വിശുദ്ധജനം ആ രാജ്യത്തിൽ പങ്കാളികളാകുകയും ചെയ്യും. (ദാനിയേൽ.7:27)

## മഹോപദ്രവകാലത്തെ രക്തസാക്ഷികൾ

### മൂന്നു ശ്രദ്ധേയമായ പരാമർശങ്ങൾ:

1. വെളിപ്പാട്. 6:9
"അവൻ അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ : ദൈവവചനം നിമിത്തവും തങ്ങൾ പറഞ്ഞ സാക്ഷ്യം ഹേതുവായും അറുക്കപ്പെട്ടവരുടെ ആത്മാക്കളെ ഞാൻ യാഗപീഠത്തിങ്കീഴിൽ കണ്ടു";

2. വെളിപ്പാട്. 13:10
"അടിമയാക്കി കൊണ്ടുപോകുന്നവൻ അടിമയായിപ്പോകും; വാൾകൊണ്ടു കൊല്ലുന്നവൻ വാളാൽ മരിക്കേണ്ടിവരും; ഇവിടെ വിശുദ്ധന്മാരുടെ സഹിഷ്ണതയും വിശ്വാസവും കൊണ്ടു ആവശ്യം"

3. വെളിപ്പാട്. 20:4
"ഞാൻ ന്യായാസനങ്ങളെ കണ്ടു; അവയിൽ ഇരിക്കുന്നവർക്കു ന്യായവിധിയുടെ അധികാരം കൊടുത്തു; യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തം തല ഛേദിക്കപ്പെട്ടവരും മൃഗത്തെയോ അതിന്റെ പ്രതിമയെയോ നമസ്കരിക്കാതിരുന്നവരും നെറ്റിയിലും കൈമേലും അതിന്റെ മുദ്ര കൈക്കൊള്ളാതിരുന്നവരുമായവരുടെ ആത്മാക്കളെയും ഞാൻ കണ്ടു. അവർ ജീവിച്ചു ആയിരമാണ്ടു ക്രിസ്തുവിനോടുകൂടി വാണു."

* ചേർന്ന് വരുന്ന മറ്റൊരു പരാമർശം: "ഞാൻ സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദം കേട്ടു; അതു പറഞ്ഞതു: എഴുതുക: ഇന്നുമുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ; അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്നു വിശ്രമിക്കേണ്ടതാകുന്നു; അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു എന്നു ആത്മാവു പറയുന്നു". (വെളിപ്പാട 14:13)
* ഏതു കാലത്തും ക്രിസ്തുവിൽ മരിക്കുന്ന എല്ലാ ഭക്തർക്കും ഈ വാക്യവും, അതിലെ അനുഗ്രഹവും ബാധകമാകുന്നു.

### ആറാം മുദ്ര. പ്രപഞ്ച വ്യതിയാനങ്ങൾ. (വെളിപ്പാട് 6:12-17)

" ആറാം മുദ്ര പൊട്ടിച്ചപ്പോൾ വലിയോരു ഭൂകമ്പം ഉണ്ടായി; സൂര്യൻ കരിമ്പടംപോലെ കറുത്തു; ചന്ദ്രൻ മുഴുവനും രക്തതുല്യമായിത്തീർന്നു. ആകാശത്തിലെ നക്ഷത്രങ്ങൾ ഭൂമിയിൽ വീണു. പുസ്തകച്ചുരുൾ ചുരുട്ടുംപോലെ ആകാശം മാറിപ്പോയി; എല്ലാ മലയും ദ്വീപും സ്വസ്ഥാനത്തുനിന്നു ഇളകിപ്പോയി'....എന്നീ നിലകളിൽ രേഖപ്പെടുത്തിയിരിക്കുന്ന വലിയ വ്യതിയാനങ്ങൾ പ്രപഞ്ചത്തിൽ സംഭവിക്കുന്നു. ക്രിസ്തുവിൻറെ വരവിൽ പ്രപഞ്ചത്തിന് സംഭവിക്കുന്ന വ്യതിയാനത്തെക്കുറിച്ചു മുൻകൂട്ടി പറയുന്ന ക്രിസ്തുവിൻറെ തന്നെ വാക്കുകൾ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

*കർത്താവിൻറെ വരവിൽ ജ്യോതിർ ഗോളങ്ങൾക്കു ഉണ്ടാകുന്ന വ്യത്യാസത്തെക്കുറിച്ചു യെശയ്യാ , സെഖര്യാ, യോവേൽ എന്നീ പഴയ നിയമ പുസ്തകങ്ങളിലും സൂചനകൾ ഉണ്ട്.
(വെളിപ്പാട 6:15-17) ഭൂമിയിലെ രാജാക്കന്മാരും മഹത്തുക്കളും സഹസ്രാധിപന്മാരും ധനവാന്മാരും ബലവാന്മാരും സകലദാസനും സ്വതന്ത്രനും ഗുഹകളിലും മലപ്പാറകളിലും ഒളിച്ചുകൊണ്ടു

**മലകളോടും പാറകളോടും;16 ഞങ്ങളുടെ മേൽ വീഴുവിൻ; സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതവണ്ണവും കുഞ്ഞാട്ടിന്റെ കോപം തട്ടാതവണ്ണവും ഞങ്ങളെ മറെപ്പിൻ.**
**17 അവരുടെ മഹാകോപദിവസം വന്നു; ആർക്കു നില്പാൻ കഴിയും എന്നു പറഞ്ഞു."**
***യേശു ക്രിസ്തു ഇതിനെ കുറിച്ച് പറഞ്ഞിട്ടുള്ളത്: "ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു;" എന്നാണ് .(യോഹന്നാൻ.9:4)**

***ഈ വ്യതാസങ്ങൾ അന്ന് ഏറ്റവും അധികം മനസ്സിലാക്കുന്നത് ലോകത്തിലെ ശാസ്ത്ര ലോകം തന്നെ ആയിരിക്കും. ജ്യോതി ശാസ്ത്രത്തിനു അടിമയായവർ, വാനഗോള ശാസ്ത്രജ്ഞന്മാർ എന്നിവർ അതിൽ ഉൾപ്പെടും. 'നാസ' (NASA) പോലുള്ള വാന ശാസ്ത്രജ്ഞ സ്ഥാപനങ്ങളും, നിലയങ്ങളും അവർ ഊഹിച്ചതോ , ഭയപ്പെട്ടതോ ആയ കാര്യങ്ങൾ സംഭവിച്ചു എന്ന നിലയിൽ ആശങ്കപ്പെടും.**
***ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും എന്ന് എഴുതപ്പെട്ടിരിക്കുന്നു.( ലൂക്കോസ് .21"25-28) അത് ഗ്രഹങ്ങളോ നക്ഷത്രങ്ങളിൽ ചിലതു മാത്രമല്ല മനുഷ്യൻ ആകാശ മണ്ഡലത്തിന് മുകളിൽ നിക്ഷേപിച്ചിരിക്കുന്ന ഉപഗ്രഹങ്ങളിൽ പലതിനും ഇളക്കം തട്ടും. <u>അത് ലോകത്തിനു വരുത്തുന്ന പ്രത്യാഘാതങ്ങൾ ഊഹിക്കുവാൻ കഴിയുന്നതിലും അപ്പുറമാണ്</u>. (26. "മനുഷ്യർ നിർജ്ജീവന്മാർ ആകും".) ഓബദ്യാവു പ്രവചനത്തിൽ എഴുതിയിരിക്കുന്നത് മനുഷ്യൻ 'നക്ഷത്രങ്ങളുടെ ഇടയിൽ കൂടു വെച്ചാലും അവിടെ നിന്നും ഇറക്കും' എന്നാണ്. വൻ ശക്തികൾ സ്ഥാപിച്ചിരിക്കുന്ന ആകാശനിലയങ്ങളും ഇളകിപോകും.**

## <u>മത്തായി. 24</u>

## <u>ശിഷ്യന്മാർ ക്രിസ്തുവിനോട് ചോദിക്കുന്ന 3 ചോദ്യങ്ങൾ:</u>

**1-2- "യേശു ദൈവാലയം വിട്ടു പോകുമ്പോൾ ശിഷ്യന്മാർ അവന്നു ദൈവാലയത്തിന്റെ പണി കാണിക്കേണ്ടതിന്നു അവന്റെ അടുക്കൽ വന്നു. അവൻ അവരോടു: "ഇതെല്ലാം കാണുന്നില്ലയോ? ഇടിഞ്ഞുപോകാതെ <u>കല്ലിന്മേൽ കല്ലു ഇവിടെ ശേഷിക്കയില്ല</u> എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു"**
3"അവൻ ഒലിവുമലയിൽ ഇരിക്കുമ്പോൾ ശിഷ്യന്മാർ തനിച്ചു അവന്റെ അടുക്കൽ വന്നു: <u>അതു എപ്പോൾ സംഭവിക്കും</u> എന്നും<u>നിന്റെ വരവിന്നും **ലോകാവസാനത്തിന്നു**</u> <u>അടയാളം എന്തു</u> എന്നും പറഞ്ഞുതരേണം എന്നു അപേക്ഷിച്ചു

### <u>1. *അതു എപ്പോൾ സംഭവിക്കും?"</u>

**ഒന്നാമത്തെ ചോദ്യം ക്രിസ്തുവിൻറെ കാലത്തുണ്ടായിരുന്ന യെരുശലേം ദേവാലയം തകർക്കപ്പെടുന്നതിനെ കുറിച്ചായിരുന്നു.ക്രിസ്തുവിനു ശേഷം പിന്നീട് എ.ഡി. 70--ൽ ആ ദേവാലയം റോമാക്കാർ തകർത്തു.**
**മത്തായി. 24:3**

### <u>2. നിൻറെ വരവിനുള്ള അടയാളം എന്ത് ?</u>

**ക്രിസ്തുവിൻറെ രണ്ടാം വരവിൻറെ ആദ്യ ഭാഗം തൻറെ സഭയെ <u>മദ്ധ്യാകാശത്തിൽ</u> ചേർക്കുവാൻ.. മത്തായി. 24:36-44)**

### <u>3. ലോകാവസാനത്തിനുള്ള അടയാളം എന്ത് ?</u>

**ഏഴു വർഷത്തിനൊടുവിൽ ക്രിസ്തു തേജസ്സിൽ തൻറെ സ്വർഗ്ഗീയ ദൂതന്മാരുമായി <u>ഭൂമിയിലേക്ക്</u> വരികയും ഹർമാഗദോൻ യുദ്ധത്തിൽ അന്തിക്രിസ്തുവിനെയും അവൻറെ സൈന്യത്തെയും പരാജയപ്പെടുത്തി യിസ്രയേലിനെ രക്ഷിക്കുവാൻ വരുന്ന അടുത്ത ഭാഗം. (<u>മത്തായി 25:31).</u>**

## <u>*മത്തായി24, 25 അദ്ധ്യായങ്ങളും വെളിപ്പാട് 6, 7 അദ്ധ്യായങ്ങളും തമ്മിലുള്ള താരതമ്യം.</u>

**1.മത്തായി. 24:3 ഞാൻ ക്രിസ്തു എന്നു പറഞ്ഞു അനേകർ എന്റെ പേർ എടുത്തു വന്നു പലരെയും തെറ്റിക്കും**
**വെളിപ്പാട്. 6:1,2 എതിർ ക്രിസ്തുവിന്റെ രംഗപ്രവേശം**
**2.മത്തായി.24:6-നിങ്ങൾ യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ചുകേൾക്കും**
**വെളിപ്പാട് 6:3--യുദ്ധങ്ങൾ**

**3.മത്തായി. 24:6 ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉണ്ടാകും**
**വെളിപ്പാട് . 6: 8 വാളുകൊണ്ടും ക്ഷാമംകൊണ്ടും മഹാവ്യാധികൊണ്ടും ഭൂമിയിലെ കാട്ടുമൃഗങ്ങളെക്കൊണ്ടും കൊന്നുകളവാൻ ഭൂമിയുടെ കാലംശത്തിന്മേൽ അധികാരം ലഭിച്ചു.**

***മത്തായി 24 -ൽ യേശു ക്രിസ്തു മുന്നറിയിപ്പ് നൽകുന്ന യുദ്ധം , ക്ഷാമം, ഭൂകമ്പം തുടങ്ങി രക്തസാക്ഷിത്വം വരെ വെളിപ്പാട് 6- ലും കാണുവാൻ കഴിയും**

# വെളിപ്പാട്.7

## ആറും ഏഴും മുദ്രകളുടെ മദ്ധ്യേ ഉള്ള ഇടവേള
## നൂറ്റിനാല്പത്തിനാലായിരം പേർ

**(വെളിപ്പാട്.7:1-8)**
**ഇവിടെ കർത്താവു തനിക്കായി നൂറ്റിനാല്പത്തിനാലായിരം പേരെ മുദ്രയിടുന്നു. ഇവർ യിസ്രായേൽ ഗോത്രങ്ങളിൽ നിന്നും തിരഞ്ഞെടുക്ക പ്പെട്ടവരാകുന്നു. ഏലീയാവിൻറെ കാലത്തു ബാലിന് മുട്ട് മടക്കാത്ത ഏഴായിരം പേരെ ദൈവം ശേഷിപ്പിച്ചത് പോലെ (1.രാജാക്കന്മാർ 19:18) , അന്തിക്രിസ്തുവിനെ അംഗീകരിക്കാത്ത ഒരു ശേഷിപ്പിനെ ദൈവം പ്രത്യേക ഉദ്ദേശത്തോടെ വേർതിരിക്കുന്നു. (റോമർ.11:4-6)**

**(ഇവിടെ മുദ്ര ഇടുന്നതു പുതിയ നിയമ വിശ്വാസികളെ മുദ്ര ഇടുന്നതു പോലെ പരിശുദ്ധാത്മാവ് അല്ല -എഫെസ്യർ1:13,14). പകരം ഇവരെ മുദ്ര ഇടുന്നതു ദൂതന്മാർ ആകുന്നു.**

## ഉൽപ്രാപണം ചെയ്യപ്പെട്ട സഭയുടെ ആദ്യ കാഴ്ച

### വെളിപ്പാട്.7:9-17
**"നാലാം അദ്ധ്യായത്തിൻറെ തുടക്കത്തിൽ കേൾക്കുന്ന ശബ്ദം 'ഇവിടെ കയറിവരിക' എന്നാണ്. എന്നാൽ ഇവിടെ എടുത്തകൊള്ളപ്പെട്ട സഭയുടെ ഒരു കാഴ്ച യോഹന്നാനെ കാണിക്കുന്നു.**

**വെളിപ്പാട് പുസ്തകത്തിൽ രണ്ടിടത്തു് ഈ കാഴ്ച കാണുവാൻ കഴിയും. രണ്ടാമത്തേത് അദ്ധ്യായം 19-ൽ ആണ്. അവിടെ കുഞ്ഞാടിൻറെ കല്യാണത്തിന്നായി വിശുദ്ധയായി ഒരുങ്ങി നിൽക്കുന്ന കാന്തയായ സഭ എന്ന നിലയിലുമാണ്. ഈ രണ്ടു ദർശനങ്ങളുടെ മദ്ധ്യേ ആണ് 2 കൊരിന്ത്യർ 5- ൽ പറയുന്ന ക്രിസ്തുവിൻറെ ന്യായാസനവും, വിശ്വാസികളുമായുള്ള കർത്താവിൻറെ ഇടപെടലിൻറെ സമയവും. "അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു.( 2 കൊരിന്ത്യർ 5:10)**

## ക്രിസ്തുവിൻറെ സഭയുടെ 5 ലക്ഷണങ്ങൾ കാണാവുന്ന കൂട്ടം

## 1.ദൈവ സാന്നിദ്ധ്യത്തിൻ മുൻപാകെ ആയിരിക്കുന്ന കൂട്ടം

**വെളിപ്പാട് .7:9**
**" ഇതിന്റെ ശേഷം സകല ജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലുംനിന്നു ഉള്ളതായി ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം വെള്ളനിലയങ്കി ധരിച്ചു കയ്യിൽ കുരുത്തോലയുമായി സിംഹാസനത്തിന്നും കുഞ്ഞാടിന്നും മുമ്പാകെ നില്ക്കുന്നതു ഞാൻ കണ്ടു."**

**<u>2.രക്ഷ എന്നുള്ളതു ദൈവത്തിൻറെയും കുഞ്ഞാടിന്റെയും ദാനം എന്നു ആർത്തു "കൃപ" "കൃപ"എന്ന് ഘോഷിക്കുന്ന ജനം.</u>**

**വെളിപ്പാട് .7:10**
**"രക്ഷ എന്നുള്ളതു സിംഹാസനത്തിൽ ഇരിക്കുന്നവനായ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം എന്നു അവർ അത്യുച്ചത്തിൽ ആർത്തുകൊണ്ടിരുന്നു.**

**<u>3. "കുഞ്ഞാടിൻറെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ചിരിക്കുന്നു"</u>**

**വെളിപ്പാട് .7:14**
**ക്രിസ്തുവിൻറെ ക്രൂശു മരണത്തിൽ ശരണപ്പെട്ടു അവൻറെ രക്തത്താൽ പാപം നീങ്ങി ശുദ്ധീകരിക്കപ്പെട്ടു എന്നുള്ളതാണ് പുതിയ നിയമ വിശ്വാസികളുടെ ഏറ്റം വലിയ ലക്ഷണം. ആ ലക്ഷണമുള്ള കൂട്ടത്തെയാണ് ഇവിടെ കാണുന്നത്.**

**<u>4."ഇവർ മഹാകഷ്ടത്തിൽനിന്നു വന്നവർ"</u>**

**വെളിപ്പാട്.7:14**
**യോഹാഹന്നാനു ഈ കാഴ്ച കാണിക്കുന്നത് മഹോപദ്രവത്തിൻറെ ആദ്യ ചില പടികൾ കഴിഞ്ഞു മാത്രമെങ്കിലും, <u>ഇവർ എത്തിച്ചേർന്നിരിക്കുന്നത് അതിനു അല്പം മുന്നമേ തന്നെയാണ്</u>. <u>ഇവർ മഹാകഷ്ടത്തിൽ നിന്നും ഒഴിഞ്ഞു വന്നവർ</u> ആകുന്നു. <u>കാരണം മഹാകഷ്ടകാലം ഇനി പൂർണമായി യോഹന്നാൻ കാണുവാൻ ഇരിക്കുന്നതേയുള്ളു.</u>**

**<u>5. ദൈവത്താൽ ആശ്വസിക്കപ്പെടുന്ന കൂട്ടം.</u>**

**വെളിപ്പാട് .7:15-17**
**"ഇനി അവർക്കു വിശക്കയില്ല ദാഹിക്കയും ഇല്ല; വെയിലും യാതൊരു ചൂടും അവരുടെ മേൽ തട്ടുകയുമില്ല. സിംഹാസനത്തിന്റെ മദ്ധ്യേ ഉള്ള കുഞ്ഞാടു അവരെ മേച്ചു ജീവജലത്തിന്റെ ഉറവുകളിലേക്കു നടത്തുകയും ദൈവം താൻ അവരുടെ കണ്ണിൽനിന്നു കണ്ണുനീർ എല്ലാം തുടെച്ചുകളകയും ചെയ്യും."**

**ലേഖനങ്ങളിൽ സഭക്കും, വിശ്വാസിക്കും, നൽകിയിരിക്കുന്ന എല്ലാ ആശ്വാസ വചനങ്ങളും അന്ന് പൂർത്തീകരിക്കപ്പെടും.**
**വിശ്വാസവും, പ്രത്യാശയും, അതിൻറെ പൂർണത കൈവരിക്കുകയും സ്നേഹം എന്നേക്കുമുള്ള കൃപയായി തുടരുകയും ചെയ്യും.**

## വെളിപ്പാട്.8

**<u>ഏഴാം മുദ്ര – (നിശ്ശബ്ദത):</u>**
**ഏഴാം മുദ്രയിൽ സംഭവിക്കുന്ന നിശ്ശബ്ദത തുടർന്ന് സംഭവിക്കുവാൻ പോകുന്ന കാര്യങ്ങളിലേക്കുള്ള ഒരുക്കം ആയിരിക്കാം. തുടർന്ന് കാഹളങ്ങൾ ഊതുവാൻ തുടങ്ങുന്നു, കലശങ്ങളും ഒഴിക്കപ്പെടുവാൻ പോകുന്നു. ഏഴു ദൂതന്മാർ ഏഴു കാഹളങ്ങളുമായി ഒരുങ്ങി നിൽക്കുന്നു.ഈ നിശ്ശബ്ദത ശ്രദ്ധേയമാണ്.**

### സ്വർണ്ണധൂപകലശം (വെളിപ്പാട് 8:2-5)
**4 "ധൂപവർഗ്ഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാർത്ഥനയോടുകൂടെ ദൂതന്റെ കയ്യിൽനിന്നു ദൈവസന്നിധിയിലേക്കു കയറി".**

പീഡനം ഏൽക്കേണ്ടി വരുന്ന ഇസ്രായേലിലെ ദൈവിക സാക്ഷ്യം ഉള്ളവർ ദൈവത്തോട് അവരുടെ ശത്രുക്കളിൽ നിന്നുമുള്ള രക്ഷക്കായി പ്രാർത്ഥിക്കുകയും പ്രാർത്ഥന ഉയരങ്ങളിൽ ചെന്ന് എത്തുകയും ചെയ്യുന്നു.

## ഏഴു കാഹളങ്ങൾ

### ഒന്നാമത്തെ കാഹളം (രക്തം കലർന്ന കല്മഴയും തീയും)

**വെളിപ്പാട് 8:6-7**

**6 ഏഴു കാഹളമുള്ള ദൂതന്മാർ ഏഴുവരും കാഹളം ഊതുവാൻ ഒരുങ്ങിനിന്നു.**
**7 ഒന്നാമത്തവൻ ഊതി; അപ്പോൾ രക്തം കലർന്ന കല്മഴയും തീയും ഭൂമിമേൽ ചൊരിഞ്ഞിട്ടു ഭൂമിയിൽ മൂന്നിലൊന്നു വെന്തുപോയി;**
**ഈ ബാധകളെ ആത്മീയമായി വ്യാഖ്യാനിക്കേണ്ടതില്ല. എന്ത് എഴുതിയിരിക്കുന്നുവോ അത് സംഭവിക്കുക തന്നെ ചെയ്യും.**
**യോവേൽ പ്രവചനം 2:30 - ൽ കാണുന്ന പ്രവചനത്തിൻറെ നിവൃത്തി കൂടിയാണിത്." ഞാൻ ആകാശത്തിലും ഭൂമിയിലും അത്ഭുതങ്ങളെ കാണിക്കും: രക്തവും തീയും പുകത്തൂണും തന്നേ"**

### രണ്ടാമത്തെ കാഹളം (തീ കത്തുന്ന വൻമല)

**വെളിപ്പാട് 8:8,9**
**"രണ്ടാമത്തെ ദൂതൻ ഊതി; അപ്പോൾ തീ കത്തുന്ന വൻമലപോലെയൊന്നു സമുദ്രത്തിലേക്കു എറിഞ്ഞിട്ടു കടലിൽ മൂന്നിലൊന്നു രക്തമായിത്തീർന്നു.സമുദ്രത്തിൽ പ്രാണനുള്ള സൃഷ്ടികളിൽ മൂന്നിലൊന്നു ചത്തുപോയി; കപ്പലുകളിലും മൂന്നിലൊന്നു ചേതം വന്നു."**
**ഇവിടെ പറയുന്ന കടൽ മെഡിറ്ററേനിയൻ കടൽ ആയിരിക്കുവാനുള്ള സാദ്ധ്യത വളരെ ആണ്. മെഡിറ്ററേനിയൻ കടലുമായി അതിർത്തി വരുന്ന രാജ്യങ്ങളെയും, പ്രദേശങ്ങളെയും ഇവിടെ പറയുന്ന പ്രയാസം ബാധിക്കും.**

### മൂന്നാമത്തെ കാഹളം (തീ പോലെ ജ്വലിക്കുന്ന നക്ഷത്രം)

**വെളിപ്പാട് 8:10,11**
**10" മൂന്നാമത്തെ ദൂതൻ ഊതി; അപ്പോൾ ദീപം പോലെ ജ്വലിക്കുന്ന ഒരു മഹാ നക്ഷത്രം ആകാശത്തുനിന്നു വീണു; നദികളിൽ മൂന്നിലൊന്നിന്മേലും നീരുറവുകളിന്മേലും ആയിരുന്നു വീണതു.11 ആ നക്ഷത്രത്തിന്നു കാഞ്ഞിരം എന്നു പേർ; വെള്ളത്തിൽ മൂന്നിലൊന്നു കാഞ്ഞിരംപോലെ ആയി; വെള്ളം കൈപ്പായതിനാൽ മനുഷ്യരിൽ പലരും മരിച്ചുപോയി."**
**ലൂക്കോസിൻറെ സുവിശേഷത്തിൽ (21:25-28)ക്രിസ്തു പറഞ്ഞിരിക്കുന്ന അടയാളങ്ങൾ ഇവിടെ നിവർത്തീകരിക്കപ്പെടുന്നു.**
**25" സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും ലക്ഷ്യങ്ങൾ ഉണ്ടാകും; കടലിന്റെയും ഓളത്തിന്റെയും മുഴക്കം നിമിത്തം ഭൂമിയിലെ ജാതികൾക്കു നിരാശയോടു കൂടിയ പരിഭ്രമം ഉണ്ടാകും".**

### നാലാമത്തെ കാഹളം (സൂര്യനിൽ, ചന്ദ്രനിൽ, നക്ഷത്രങ്ങളിൽ ബാധ)

**വെളിപ്പാട് 8:12**
**12 "നാലാമത്തെ ദൂതൻ ഊതി; അപ്പോൾ സൂര്യനിൽ മൂന്നിലൊന്നിനും ചന്ദ്രനിൽ മൂന്നിലൊന്നിന്നും നക്ഷത്രങ്ങളിൽ മൂന്നിലൊന്നിന്നും ബാധ തട്ടി; അവയിൽ മൂന്നിലൊന്നു ഇരുണ്ടുപോയി രാവും പകലും മൂന്നിലൊന്നു വെളിച്ചമില്ലാതെയായി"**
**ലൂക്കോസിൻറെ സുവിശേഷത്തിൽ (21"25-28) ക്രിസ്തു പറഞ്ഞിരിക്കുന്ന അടയാളങ്ങൾ ഇവിടെ വീണ്ടും നിവർത്തീകരിക്കപ്പെടുന്നു**

**26 "ആകാശത്തിന്റെ ശക്തികൾ ഇളകിപ്പോകുന്നതിനാൽ ഭൂലോകത്തിന്നു എന്തു ഭവിപ്പാൻ പോകുന്നു എന്നു പേടിച്ചും നോക്കിപ്പാർത്തുംകൊണ്ടു മനുഷ്യർ നിർജ്ജീവന്മാർ ആകും".**

# വെളിപ്പാട്.9

## <u>അഞ്ചാമത്തെ കാഹളം (ഒന്നാമത്തെ കഷ്ടം</u>

**വെളിപ്പാട് 9:1-12**

**എട്ടാം അദ്ധ്യായം അവസാനിക്കുമ്പോൾ ഇനിയുള്ള മൂന്നു കാഹളം നിമിത്തം ഭൂവാസികൾക്കു കഷ്ടം, കഷ്ടം കഷ്ടം എന്ന് പറയുന്നുണ്ട്.**
**വെട്ടുകിളികളാൽ സംഭവിക്കുന്ന ഉപദ്രവും, കനത്ത നാശവും ഈ വാക്യത്തിൽ കാണുന്നു.**
**"അഞ്ചാമത്തെ ദൂതൻ ഊതി...3 പുകയിൽനിന്നു വെട്ടുക്കിളി ഭൂമിയിൽ പുറപ്പെട്ടു അതിന്നു ഭൂമിയിലെ തേളിന്നുള്ള ശക്തി ലഭിച്ചു.**
**5 "അവരെ കൊല്ലുവാനല്ല, അഞ്ചുമാസം ദണ്ഡിപ്പിപ്പാനത്രേ അതിന്നു അധികാരം ലഭിച്ചതു; അവരുടെ വേദന, തേൾ മനുഷ്യനെ കുത്തുമ്പോൾ ഉള്ള വേദനപോലെ തന്നേ.6 ആ കാലത്തു മനുഷ്യർ മരണം അന്വേഷിക്കും; കാൺകയില്ലതാനും; മരിപ്പാൻ കൊതിക്കും; മരണം അവരെ വിട്ടു ഓടിപ്പോകും.**

**ഈ വെട്ടുക്കിളിയുടെ രൂപത്തിൻറെ പ്രത്യേകത ശ്രദ്ധേയമാണ്. അത് കാഴ്ച്ചയിൽ അങ്ങിനെ തന്നെയോ അല്ലെങ്കിൽ സൂക്ഷ്മ ദർശിനിയിൽ കണ്ടെത്തുന്ന അതിൻറെ രൂപമോ ആയിരിക്കാം.**

**7 വെട്ടുക്കിളിയുടെ രൂപം യുദ്ധത്തിന്നു ചമയിച്ച കുതിരെക്കു സമം; തലയിൽ <u>പൊൻകിരീടം</u> ഉള്ളതുപോലെയും മുഖം മാനുഷമുഖംപോലെയും ആയിരുന്നു...**
**10 തേളിന്നുള്ളതുപോലെ വാലും വിഷമുള്ളും ഉണ്ടു; മനുഷ്യരെ അഞ്ചുമാസം ഉപദ്രവിപ്പാൻ അതിന്നുള്ള ശക്തി വാലിൽ ആയിരുന്നു.**
**11 അഗാധദൂതൻ അതിന്നു രാജാവായിരുന്നു; അവന്നു എബ്രായഭാഷയിൽ അബദ്ദോൻ എന്നും യവനഭാഷയിൽ <u>അപ്പൊല്ലുവോൻ</u> എന്നും പേർ"**

**ഈ സൈന്യത്തിന് അധിപതിസാത്താൻറെ ശക്തനായ ദൂതൻ <u>അപ്പൊല്ലുവോൻ</u> ആകുന്നു. 'ലൗകികത'യുടെ ആകർഷണം നൽകുന്നവനും 'ആത്മീയ സ്വാതന്ത്ര്യത്തിൻറെ' എതിരാളിയും ആണ് ഈ ദൂതൻ.വീണു പോയ ദൂതന്മാരിൽ, വിനാശകൻ എന്ന നിലയിൽ വിശേഷിക്കപ്പെടുന്നവൻ. അന്ന് സാത്താൻ ഈ വിനാശക സൈന്യത്താൽ ലോകത്തെ ക്രൂരമായി ഉപദ്രവിക്കും. (Gk. Apollo)**

## <u>ആറാമത്തെ കാഹളം (രണ്ടാമത്തെ കഷ്ടം)</u>

**വെളിപ്പാട് 9:13-21.**

13 "ആറാമത്തെ ദൂതൻ ഊതി; ...14 യുഫ്രാത്തേസ് എന്ന മഹാനദീതീരത്തു ബന്ധിച്ചിരിക്കുന്ന നാലു ദൂതന്മാരെയും അഴിച്ചുവിടുക എന്നു പറയുന്നതു ഞാൻ കേട്ടു....
15 ഉടനെ മനുഷ്യരിൽ മൂന്നിലൊന്നിനെ കൊല്ലുവാൻ ഇന്ന ആണ്ടു, മാസം, ദിവസം, നാഴികെക്കു ഒരുങ്ങിയിരുന്ന നാലു ദൂതന്മാരെയും അഴിച്ചുവിട്ടു..
21 തങ്ങളുടെ കുലപാതകം, ക്ഷുദ്രം, ദുർന്നടപ്പു, മോഷണം എന്നിവ വിട്ടു മാനസാന്തരപ്പെട്ടതുമില്ല."

ദീർഘമായി എഴുതിയിരിക്കുന്ന ഇവിടെത്തെ സംഭവങ്ങളിൽ ശ്രദ്ധേയമായ രണ്ടു കാര്യങ്ങൾ ഉണ്ട്.
**<u>1. നിശ്ചയിക്കപ്പെട്ട വർഷം, മാസം ദിവസം ഇവ മരണത്തിന് കുറിച്ചിരിക്കുന്നു. ലോക ജനസംഖ്യയിൽ മൂന്നിൽ ഒന്ന് അന്ന് മരണത്താൽ മാറ്റപ്പെടും.</u>**
**<u>2.ബാധയുടെ ആധിക്യം മൂലം മനുഷ്യൻ മനസാന്തരപ്പെടുകയല്ല ചെയ്യുന്നത് പകരം ജീവനുള്ള ദൈവത്തെ ദുഷിക്കുവാൻ സാത്താനാൽ പ്രേരിപ്പിക്കപ്പെടുകയാണ് ഉണ്ടാകുന്നതു</u>.**
ഇന്ന് മനുഷ്യന് മാനസാന്തരം നൽകുന്നത് പരിശുദ്ധാത്മാവിൻറെ പ്രവർത്തനത്താലാണ്എന്ന് വചനം പറയുന്നു. പരിശുദ്ധാത്മാവ് പാപത്തെക്കുറിച്ചും, നീതിയെ കുറിച്ചും, ന്യായവിധിയെക്കുറിച്ചും മനുഷ്യന് ബോധം വരുത്തി അവനെ ദൈവത്തിങ്കലേക്കു തിരിക്കും.
എന്നാൽ പരിശുദ്ധാത്മാവ് സഭയുമായി കർത്താവിനെ എതിരേൽക്കുവാൻ മാറ്റപ്പെട്ടു കഴിഞ്ഞാൽ ദൈവത്തിങ്കലേക്കു മനം തിരിയുന്നത് മനുഷ്യന് ദുഷ്കരമാകും. അതുകൊണ്ടാണ് ബൈബിൾ പറയുന്നത് "ഇപ്പോൾ ആകുന്നു സുപ്രസാദ കാലം ,ഇപ്പോൾ ആകുന്നു രക്ഷ ദിവസം" എന്ന്.
മാനസാന്തരത്തിന്നു വൈകുന്നത് അങ്ങേയറ്റം അപകടകരമാണ്.

# വെളിപ്പാട്.10

## ആറും ഏഴും കാഹളങ്ങളുടെ
## മദ്ധ്യേ ഉള്ള ഇടവേള

**വെളിപ്പാട്.10:1-11**
**1.:ബലവാനായ മറ്റൊരു ദൂതൻ സ്വർഗ്ഗത്തിൽനിന്നിറങ്ങുന്നതു ഞാൻ കണ്ടു. അവൻ മേഘം ഉടുത്തും തലയിൽ ആകാശവില്ലുധരിച്ചും മുഖം സൂര്യനെപ്പോലെയും കാൽ തീത്തൂണുപോലെയും ഉള്ളവൻ.**
***2* അവന്റെ കയ്യിൽ തുറന്നോരു ചെറുപുസ്തകം ഉണ്ടായിരുന്നു**
**ദാനിയേൽ.12:4, 9 വാക്യങ്ങളിൽ മുദ്ര ഇട്ടൊരു പുസ്തകം കാണുന്നുണ്ട്.**
**അന്ത്യകാലത്തു പ്രത്യേകാൽ അവസാനത്തെ കാലഘട്ടമായ എഴുപതാം ആഴ്ചവട്ടത്തിലെ ഒടുവിലത്തെ ചില സംഭവ വികാസങ്ങൾ അടങ്ങിയ ഭാഗങ്ങൾ ആണ് ഇനി തുറക്കപ്പെടേണ്ടത്.**
***6* "ഇനി കാലം ഉണ്ടാകയില്ല; ഏഴാമത്തെ ദൂതൻ കാഹളം ഊതുവാനിരിക്കുന്ന നാദത്തിന്റെ കാലത്തു ദൈവത്തിന്റെ മർമ്മം അവൻ തന്റെ ദാസന്മാരായ പ്രവാചകന്മാർക്കു അറിയിച്ചു കൊടുത്തതുപോലെ നിവൃത്തിയാകുമെന്നു... "**

**ഈ മർമ്മം എഫെസ്യർക്കെഴുതിയ ലേഖനത്തിൽ പൗലോസ് സഭയെകുറിച്ചു് പറയുന്ന മർമ്മമല്ല. അത് ജാതികളും കൃപക്ക് കൂട്ടവകാശികളായി തീരണം എന്ന ദൈവിക മർമ്മം ആണ്. എന്നാൽ സാത്താൻ ലോകത്തിൽ പാപം പ്രവേശിപ്പിച്ചതിൻറെയും, സാത്താനെ വിശ്വസിച്ച മനുഷ്യന്നു അനുഭവിക്കേണ്ടിവരുന്ന കനത്ത പീഡനങ്ങളുടെയും, ഒടുവിൽ ദൈവരാജ്യം ഭൂമിയിൽ അക്ഷരീകമായിസ്ഥാപിക്കപ്പെടും എന്ന മർമ്മം പണ്ട് പഴയ നിയമ കാലത്തു പ്രവാചകന്മാർക്ക് വിവിധ നിലകളിൽ നൽകിയത് ഇപ്പോൾ പൂർണമായി വെളിപ്പെടുവാൻ പോകുന്നു എന്ന് വ്യക്തമാക്കുന്നു.**

# വെളിപ്പാട്.11

## രണ്ടാമത്തെ 3½ വർഷത്തിൻറെ ആരംഭം
## അഥവാ
## മഹോപദ്രവ കാലഘട്ടത്തിൻറെ അവസാന ഭാഗം

**വെളിപ്പാട്.11:1-11**
**പിന്നെ ദണ്ഡുപോലെയുള്ള ഒരു കോൽ എന്റെ കയ്യിൽ കിട്ടി കല്പന ലഭിച്ചതു: "നീ എഴുന്നേറ്റു ദൈവത്തിന്റെ ആലയത്തെയും യാഗപീഠത്തെയും അതിൽ നമസ്കരിക്കുന്നവരെയും അളക്കുക.**
***2* ആലയത്തിന്നു പുറത്തുള്ള പ്രാകാരം അളക്കാതെ വിട്ടേക്ക; അതു ജാതികൾക്കു കൊടുത്തിരിക്കുന്നു; അവർ വിശുദ്ധനഗരത്തെ നാല്പത്തുരണ്ടു മാസം ചവിട്ടും."**
**ആദ്യം ദൈവാലയം അളക്കുവാൻ ആവശ്യപ്പെടുന്നു. ഈ ആലയം ക്രിസ്തുവിൻറെ കാലത്തുള്ള അലയമല്ല. അത് എ. ഡി 70- ൽ തീത്തൂസിനാൽ പൂർണമായും നശിപ്പിക്കപ്പെട്ടു. ഒരു വസ്തുത വ്യക്തമാണ്. യെരുശലേമിൽ ഭാവിയിൽ യൂദർ ഒരു ആലയം പണിയും. അതിൻറെ സഹായ വാഗ്ദാനം നൽകിയാണ് യിസ്രായേലിനെ ആദ്യ ഘട്ടത്തിൽ അന്തിക്രിസ്തു ആകർഷിക്കുന്നത്.**

**ക്രിസ്തു തൻറെ ഐഹിക ജീവിത കാലത്തു യഹൂദരോട് ഇങ്ങനെ പറഞ്ഞു: "ഞാൻ എന്റെ പിതാവിന്റെ നാമത്തിൽ വന്നിരിക്കുന്നു; എന്നെ നിങ്ങൾ കൈക്കൊള്ളുന്നില്ല; മറ്റൊരുത്തൻ സ്വന്തനാമത്തിൽ വന്നാൽ അവനെ നിങ്ങൾ കൈക്കൊള്ളും" (യോഹന്നാൻ.5:43)**

---

*ബാബേൽ പ്രവാസത്തിന്നുശേഷം (ബ.സി. 608 – 538) തിരികെവന്ന യഹൂദർക്ക് പാർസി രാജാവായ കോരശ് മുഖാന്തരം ദൈവാലയവും മതിലും പണിവാൻ അനുവാദം ലഭിച്ചെങ്കിലും ഭരണാവകാശം, എപ്പോഴും വന്നുകൊണ്ടിരുന്ന സാമ്രാജ്യങ്ങൾക്കു തന്നെയായിരുന്നു. ക്രിസ്തുവിൻറെ കാലത്തും റോമൻ സാമ്രാജ്യത്തിനായിരുന്നു യെരുശലേമിൽ ഭരണവും ആധിപത്യവും.

1948-ൽ ഇസ്രായേൽ സ്വതന്ത്ര രാജ്യമായപ്പോഴും ജെറുസലേം അറബ് അധീനതയിൽ തന്നെ ആയിരുന്നു. എന്നാൽ1967-ലെ പ്രസിദ്ധമായ 6 ദിവസത്തെ യുദ്ധത്തിനൊടുവിൽ യെരുശലേമിൻറെ ഒരു കോർട്ടർ ഇസ്രായേൽ ജോർദാൻറെ കയ്യിൽ നിന്നും തിരിച്ചുപിടിച്ചു. ഇന്ന് ആ ഒരു ഭാഗം അവരുടെ കയ്യിൽ ഉണ്ട്.

എന്നാൽ അവസാന യുദ്ധമായ ഹർമ്മഗദോൻ യുദ്ധത്തിൽ ക്രിസ്തു അന്തിക്രിസ്തുവിനെ തോൽപ്പിച്ച് യെരുശലേം പൂർണമായി തിരികെ മോചിപ്പിക്കും. *പല പ്രാവചിനിക നിവർത്തീകരണങ്ങളുമായി ഇതിനു ശക്തമായ ബന്ധം ഉണ്ട്,

* യേശുക്രിസ്തു പറഞ്ഞ അത്തിയുടെ ഉപമ: (മത്തായി. 24:32) " അത്തിയെ നോക്കി ഒരു ഉപമ പഠിപ്പിൻ; അതിന്റെ കൊമ്പു ഇളതായി ഇല തളിർക്കുമ്പോൾ വേനൽ അടുത്തു എന്നു നിങ്ങൾ അറിയുന്നുവല്ലോ."

---

<u>യെരുശലേമിൽ ഇനി പണിയപ്പെടാനിരിക്കുന്ന ആലയത്തിൽ അന്തിക്രിസ്തു സ്ഥാപിക്കുന്ന തൻറെ ബിംബത്തെ കുറിച്ച് ബൈബിൾ മുമ്പുകൂട്ടി പറയുന്നു</u>:

1. 2 തെസ്സലൊനീക്യർ 2:3,4

' "ആരും ഏതുവിധേനയും നിങ്ങളെ ചതിക്കരുതു; ആദ്യമേ വിശ്വാസത്യാഗം സംഭവിക്കയും നാശയോഗ്യനും അധർമ്മമൂർത്തിയുമായവൻ വെളിപ്പെടുകയും വേണം.4 അവൻ ദൈവാലയത്തിൽ ഇരുന്നുകൊണ്ടു ദൈവം എന്നു നടിച്ചു, ദൈവം എന്നോ പൂജാവിഷയം എന്നോ പേരുള്ള സകലത്തിന്നും മീതെ തന്നെത്താൻ ഉയർത്തുന്ന എതിരാളി അത്രേ.

2. ദാനിയേൽ 9:7- ൽ പറയുന്ന : "ശൂന്യമാക്കുന്ന മ്ലേച്ഛത "

3. യേശു ക്രിസ്തു മുൻപ്കൂട്ടി പറഞ്ഞിരിക്കുന്ന 'ശൂന്യമാക്കുന്ന മ്ളേച്ഛത'

(മത്തായി.24:15)"എന്നാൽ ദാനീയേൽപ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതുപോലെ : "ശൂന്യമാക്കുന്ന മ്ലേച്ഛത "വിശുദ്ധസ്ഥലത്തിൽ നില്ക്കുന്നതു നിങ്ങൾ കാണുമ്പോൾ..." -

എന്നാൽ ആ ആലയത്തിൽ അന്തിക്രിസ്തു തൻറെ ബിംബം സ്ഥാപിച്ചു അതിന്നെ നമസ്കരിക്കുവാൻ ആവശ്യപ്പെടുമ്പോൾ യഹൂദർ അവർക്കു സംഭവിച്ച അപകടം തിരിച്ചറിയും. അത് അവരുടെ ന്യായപ്രമാണത്തിലെ ഒന്നാമത്തെ കല്പനയുടെ ലംഘനം ആകയാൽ അവർ ആ നിർദ്ദേശത്തെ തിരസ്കരിക്കുകയും കനത്ത പ്രത്യാഘാതം നേരിടേണ്ടതായും വരും.

## <u>*രണ്ടു സാക്ഷികൾ (11:3-13)</u>

*3* "അന്നു ഞാൻ എന്റെ രണ്ടു സാക്ഷികൾക്കും വരം നല്കും; അവർ രട്ട് ഉടുത്തുകൊണ്ടു ആയിരത്തിരുനൂറ്ററുപതു ദിവസം പ്രവചിക്കും."
*7* "അവർ തങ്ങളുടെ സാക്ഷ്യം തികെച്ചശേഷം ആഴത്തിൽ നിന്നു കയറിവരുന്ന മൃഗം അവരോടു പടവെട്ടി അവരെ ജയിച്ചു കൊന്നുകളയും.

*8* അവരുടെ കർത്താവു ക്രൂശിക്കപ്പെട്ടതും ആത്മികമായി സൊദോം എന്നും മിസ്രയീം എന്നും പേരുള്ളതുമായ മഹാനഗരത്തിന്റെ വീഥിയിൽ അവരുടെ ശവം കിടക്കും.
*9* സകലവംശക്കാരും ഗോത്രക്കാരും ഭാഷക്കാരും ജാതിക്കാരും അവരുടെ ശവം മൂന്നരദിവസം കാണും; അവരുടെ ശവം കല്ലറയിൽ വെപ്പാൻ സമ്മതിക്കയില്ല.
*10* ഈ പ്രവാചകന്മാർ ഇരുവരും ഭൂമിയിൽ വസിക്കുന്നവരെ ദണ്ഡിപ്പിച്ചതുകൊണ്ടു ഭൂവാസികൾ

**അവർ നിമിത്തം സന്തോഷിച്ചു ആനന്ദിക്കയും അന്യോന്യം സമ്മാനം കൊടുത്തയക്കയും ചെയ്യും."**

**11 മൂന്നര ദിവസം കഴിഞ്ഞശേഷം ദൈവത്തിൽനിന്നു ജീവശ്വാസം അവരിൽ വന്നു അവർ കാൽ ഊന്നിനിന്നു — അവരെ കണ്ടവർ ഭയപരവശരായിത്തീർന്നു —**
***12*** **ഇവിടെ കയറിവരുവിൻ എന്നു സ്വർഗ്ഗത്തിൽനിന്നു ഒരു മഹാശബ്ദം പറയുന്നതു കേട്ടു, അവർ മേഘത്തിൽ സ്വർഗ്ഗത്തിലേക്കു കയറി; അവരുടെ ശത്രുക്കൾ അവരെ നോക്കിക്കൊണ്ടിരുന്നു."**

**പീഡനകാലത്തിന്റെ ആദ്യ ഭാഗത്തു രാജ്യത്തിൻറെ സുവിശേക്ഷം പ്രഘോഷിക്കപ്പെടുന്നതിനു നേതൃത്വം നൽകുവാൻ ദൈവം അയയ്ക്കുന്ന രണ്ടു സാക്ഷികളെ കാണുന്നു, അവരുടെ പേര് പറയുന്നില്ല .. എന്നാൽ അവരുടെ ശുശ്രൂഷ തികയുമ്പോൾ അന്തിക്രിസ്തു അവരെ കൊല്ലും. അവർ കാരണമാണ് ഈ കഷ്ടതകൾ ലോകത്തിൽ ഉണ്ടായതെന്ന് ലോകത്തെ അന്തിക്രിസ്തു ബോധ്യപ്പെടുത്തും.**

**ലോകം അവരുടെ മരണത്തിൽ സന്തോഷിക്കുകയും അവരുടെ ശവശരീരം ലോകം മുഴുവൻ കാണുകയും ചെയ്യും. കുറച്ചു വർഷങ്ങൾക്ക് മുൻപ് വരെ യെരുശലേമിലെ ഈ കാഴ്ച ലോകം മുഴുവൻ കാണുമെന്നു പറഞ്ഞാൽ ലോക മനുഷ്യന് അത് ഉൾക്കൊള്ളുവാൻ കഴിയുമായിരുന്നില്ല.**

**എന്നാൽ ഇന്നത്തെ നവീന വാർത്ത വിനിമയ സാങ്കേതിക വിദ്യയുടെ മികവിനാൽ അത് സാദ്ധ്യം എന്ന് ഏവർക്കും അറിയാം. രണ്ടായിരത്തിൽപരം വർഷങ്ങൾക്ക് മുൻപ് പറഞ്ഞ പ്രവചനമാണ് ബൈബിളിൽ നാം കാണുന്നത് എന്ന് ഓർക്കുക.**

**മൂന്നര ദിവസം കഴിഞ്ഞു സ്വർഗ്ഗത്തിൽ നിന്നും 'ഇവിടെ കയറി വരിക' എന്നൊരു ശബ്ദം ഉണ്ടാകുകയും അവർ ഉയിർത്തെഴുന്നേറ്റു സ്വർഗത്തിലേക്ക് കരേറിപ്പോവുകയും ചെയ്യും. തുടർന്നുള്ള ഭൂകമ്പത്തിൽ നഗരം പത്തിൽ ഒന്ന് തകർക്കപ്പെടും. ഏഴായിരം പേര് കൊല്ലപ്പെടുകയും ചെയ്യും.**

---

*** വചന പരമായ ന്യായങ്ങൾ കൊണ്ടുതന്നെ ഇവർ മോശെയും , ഏലിയാവും ആണെന്നും ഹാനോക്കും ,ഏലിയാവും ആണെന്നും രണ്ടു അഭിപ്രായങ്ങൾ വ്യാഖ്യാതാക്കളുടെ ഇടയിൽ ഉണ്ട്. എന്നാൽ രണ്ടു സാക്ഷികൾ എന്ന് മാത്രമേ വചനം പറയുന്നുള്ളു. പേര് വെളിപ്പെടുത്തിയിട്ടില്ല.**

## ഏഴാമത്തെ <u>കാഹളം (മൂന്നാമത്തെ കഷ്ടം)</u>

**വെളിപ്പാട് .11:15-19**
**15 ഏഴാമത്തെ ദൂതൻ ഊതിയപ്പോൾ: ലോകരാജത്വം നമ്മുടെ കർത്താവിന്നും അവന്റെ ക്രിസ്തുവിന്നും ആയിത്തീർന്നിരിക്കുന്നു; അവൻ എന്നെന്നേക്കും വാഴും എന്നു സ്വർഗ്ഗത്തിൽ ഒരു മഹാഘോഷം ഉണ്ടായി.**

**19 അപ്പോൾ സ്വർഗ്ഗത്തിലെ ദൈവാലയം തുറന്നു, അവന്റെ നിയമപ്പെട്ടകം അവന്റെ ആലയത്തിൽ പ്രത്യക്ഷമായി; മിന്നലും നാദവും ഇടിമുഴക്കവും ഭൂകമ്പവും വലിയ കന്മഴയും ഉണ്ടായി.ഇത് പറയുമ്പോഴേക്കും മനുഷ്യൻറെ കാലം അവശേഷിക്കുന്ന ചുരുക്കം സമയത്തേക്ക് എത്തി ചേർന്നിരിക്കുന്നു. തുടർന്നുള്ള ചില സംഭവങ്ങൾക്കു ശേഷം ലോകരാജത്വം ക്രിസ്തുവിനു ആയിത്തീരുക എന്ന ദൈവിക പദ്ധതി പൂർത്തീകരിക്കപ്പെടും.**

---

# വെളിപ്പാട്.12

## ആഴ് ചവട്ടത്തിൻറെ മദ്ധ്യഭാഗം
## പൂർവ ദ്രശ്യം

**വെളിപ്പാട്.12:1-6**
**"സ്വർഗ്ഗത്തിൽ വലിയൊരു അടയാളം കാണായി: സൂര്യനെ അണിഞ്ഞോരു സ്ത്രീ; അവളുടെ കാൽക്കീഴ് ചന്ദ്രനും അവളുടെ തലയിൽ പന്ത്രണ്ടു നക്ഷത്രംകൊണ്ടുള്ള കിരീടവും ഉണ്ടായിരുന്നു... 6 സ്ത്രീ മരുഭൂമിയിലേക്കു ഓടിപ്പോയി; അവിടെ അവളെ ആയിരത്തിരുനൂററുപതു ദിവസം പോറ്റേണ്ടതിന്നു ദൈവം ഒരുക്കിയോരു സ്ഥലം അവൾക്കുണ്ടു.**
**മുൻപ് നടന്ന സംഭവത്തിലേക്ക് വായനക്കാരൻറെ ശ്രദ്ധയെ കൊണ്ട് ചെന്നെത്തിക്കുകയും അത് വിവരണങ്ങളുമായി ചേർത്ത് ചിന്തിക്കുവാൻ ഇടവരുത്തുകയും ചെയ്യുന്നു. എന്താണ് ആ പൂർവ ദ്രശ്യം. * യിസ്രായേല്യ പുത്രനായി യഹൂദ ഗോത്രത്തിൽ പിറന്ന ക്രിസ്തുവിൻറെ ജനനം ,മരണം .ഉയിർത്തെഴുന്നേൽപ്പ് ,സ്വർഗ്ഗാരോഹണം ഇവ ചുരുക്കം വാക്കുകളിൽ ഓർപ്പിച്ച ശേഷം മടങ്ങി ക്രിസ്തുവരവുമായി ബന്ധപ്പെട്ട വിഷയത്തിൽ കൊണ്ടെത്തിക്കുന്നു.**

***ഉല്പത്തി 37:9-ൽ യോസേഫ് ഭാവി യിസ്രായേൽ സമൂഹത്തെ പ്രതീകങ്ങളായി സ്വപ്നത്തിൽ കാണുന്നതുമായിസാമ്യം ഉണ്ട്. (സൂര്യനും ചന്ദ്രനും പതിനൊന്നു നക്ഷത്രങ്ങളും)**
**ക്രിസ്തുവിൻറെ ജനനം മുതൽ ജീവിതകാലം മുഴുവനും, മരണ സമയത്തും ദൈവിക പദ്ധതികൾ യിസ്രായേലിലൂടെ നടക്കാതിരിക്കാൻ ശ്രമിക്കുന്ന സാത്താൻ ഈ അവസാന ഘട്ടത്തിലും യിസ്രായേലിനെ അക്രമിച്ചുകൊണ്ടു ദൈവിക പദ്ധതികളെ തകിടം മറിക്കാം എന്ന് കരുതുന്നു. തൻറെ നാശം ആസന്നമായിരിക്കുന്നു എന്ന പരിഭ്രാന്തിയാണ് ഈ ആക്രമണത്തിനായി സാത്താനെ പ്രേരിപ്പിക്കുന്നത്.**
**എന്നാൽ അവിടെ എഴുതിയിരിക്കുന്നതുപോലെ ഒരു നിശ്ചിത സമയത്തേക്ക് പ്രത്യേക വിധത്തിൽ തന്നെ യിസ്രായേലിന്നു ദൈവം സംരക്ഷണം ഒരുക്കുന്നു. വെളിപ്പാട.(12:13-15)**

---

**വെളിപ്പാട.12:7-12**
**7 "പിന്നെ സ്വർഗ്ഗത്തിൽ യുദ്ധം ഉണ്ടായി; മീഖായേലും അവന്റെ ദൂതന്മാരും മഹാസർപ്പത്തോടു പടവെട്ടി; തന്റെ ദൂതന്മാരുമായി മഹാസർപ്പവും പടവെട്ടി ജയിച്ചില്ലതാനും.**
**8 സ്വർഗ്ഗത്തിൽ അവരുടെ സ്ഥലം പിന്നെ കണ്ടതുമില്ല.**
**9 ഭൂതലത്തെ മുഴുവൻ തെറ്റിച്ചുകളയുന്ന പിശാചും സാത്താനും എന്ന മഹാസർപ്പമായ പഴയ പാമ്പിനെ ഭൂമിയിലേക്കു തള്ളിക്കളഞ്ഞു; അവന്റെ ദൂതന്മാരെയും അവനോടു കൂടെ തള്ളിക്കളഞ്ഞു."**
**12 "ആകയാൽ സ്വർഗ്ഗവും അതിൽ വസിക്കുന്നവരുമായുള്ളോരേ, ആനന്ദിപ്പിൻ; ഭൂമിക്കും സമുദ്രത്തിനും അയ്യോ കഷ്ടം; പിശാചു തനിക്കു അല്പകാലമേയുള്ളു എന്നു അറിഞ്ഞു മഹാക്രോധത്തോടെ നിങ്ങളുടെ അടുക്കൽ ഇറങ്ങിവന്നിരിക്കുന്നു."**

**വിശ്വാസികളുടെ അപവാദകനാണ് സാത്താൻ . അതിനാൽ തന്നെ ഭാഗികമായി അവൻ ഉയരങ്ങളിൽ പ്രവേശിക്കുന്നു. എന്നാൽ പ്രധാന ദൂതനായ മീഖായേൽ സാത്താനെ വെട്ടി താഴെ ഇടുന്നതായി കാണുന്നു. <u>അതിന്നു ശേക്ഷം ആണ് കൂടുതൽ പ്രതികാര പൂർവം യിസ്രായേലിന്നെ സാത്താൻ ആക്രമിക്കുന്നതും "യിസ്രായേലിൻറെ ഓടിപോക്കും" എന്നത് ശ്രദ്ധേയമാണ്</u>.**
**വെളിപ്പാട.12:17**
**17"മഹാസർപ്പം സ്ത്രീയോടു കോപിച്ചു, ദൈവകല്പന പ്രമാണിക്കുന്നവരും യേശുവിന്റെ സാക്ഷ്യം ഉള്ളവരുമായി അവളുടെ സന്തതിയിൽ ശേഷിപ്പുള്ളവരോടു യുദ്ധംചെയ്‌വാൻ പുറപ്പെട്ടു; അവൻ കടല്പുറത്തെ മണലിന്മേൽ നിന്നു."**
**<u>സ്വർഗത്തിൽ നിന്നും തള്ളപ്പെട്ട സാത്താൻ തൻറെ സകല ശക്തിയോടും കൂടി അന്തിക്രിസ്തുവിലേക്കു പ്രവേശിക്കുകയും തുടർന്ന് അന്തിക്രിസ്തുവിന്നു പൈശാചിക ഭാവം കൈവന്നു ഏറ്റവുംക്രുദ്ധനായി യിസ്രായേലിനെ നശിപ്പിച്ചു കളയാനുള്ള ഹർമ്മഗദോൻ യുദ്ധത്തിനായി തയ്യാറെടുക്കുന്നു</u>.**

# വെളിപ്പാട്.13

**വെളിപ്പാട.13:1-10**
**1."അപ്പോൾ പത്തുകൊമ്പും ഏഴു തലയും കൊമ്പുകളിൽ പത്തു രാജമുടിയും തലയിൽ ദൂഷ്ണനാമങ്ങളും ഉള്ളോരു മൃഗം സമുദ്രത്തിൽ നിന്നു കയറുന്നതു ഞാൻ കണ്ടു". .. ഞാൻ കണ്ട മൃഗം പുള്ളിപ്പുലിക്കു സദൃശവും അതിന്റെ കാൽ കരടിയുടെ കാൽപോലെയും വായ് സിംഹത്തിന്റെ വായ് പോലെയും ആയിരുന്നു".**

## ദാനിയേൽ.2-ൽ കാണുന്ന ബിംബവും ദാനിയേൽ.7--ൽ കാണുന്ന മൃഗങ്ങളും <u>വ്യാഖ്യാന അർത്ഥതാൽ</u> <u>നാലു സാമ്രാജ്യങ്ങളെ കുറിക്കുന്നു</u>.

**1.ബാബിലോൺ (B.C.606-536)**
**2.പേർഷ്യൻ (B.C.536-332)**
**3.ഗ്രീക്ക് (B.C.331-146)**
**4.റോമൻ (B.C.146- A.D-400)**

<u>**അവസാനകാലം വരുമ്പോൾ റോമൻ സാമ്രാജ്യത്തിൻറെ പിന്തുടർച്ചയായി ശക്തിപ്പെടുന്ന യൂറോപ്യൻ കോൺഫെഡറേഷനും അതിൻറെ അധിപനായ അന്തിക്രിസ്തുവിൻറെ ഭരണവും ഉണ്ടാകും. ഒടുവിൽ കൈ തൊടാത്ത കല്ല് പോലെ വന്നു അതിനെ തകർത്തു സ്ഥാപിതമാകുന്ന ക്രിസ്തുവിന്റെ രാജ്യം.ഇതാണ് ദാനിയേൽ കണ്ട സ്വപ്നത്തിൻറെ വ്യാഖ്യാന സംക്ഷിപ്തം.**</u>
ദാനിയേൽ 2:44 ഈ രാജാക്കന്മാരുടെ കാലത്തു സ്വർഗ്ഗസ്ഥനായ ദൈവം ഒരുനാളും നശിച്ചു പോകാത്ത ഒരു രാജത്വം സ്ഥാപിക്കും;

## ഭൂമിയിലേക്ക് തള്ളപ്പെടുന്ന സാത്താൻ (മഹാ സർപ്പം) അന്തിക്രിസ്തുവിൽ പ്രവേശിക്കുന്നു.

**വെളിപ്പാട.13:2**
**2."അതിന്നു മഹാസർപ്പം <u>തന്റെ ശക്തിയും സിംഹാസനവും വലിയ അധികാരവും കൊടുത്തു."</u>**
<u>**1.സർവ്വ ലോകവും അന്തിക്രിസ്തുവിനെ തിരിച്ചറിയും**</u>
**3" അതിന്റെ തലകളിൽ ഒന്നു മരണകരമായ മുറിവേറ്റതുപോലെ ഞാൻ കണ്ടു; അതിന്റെ മരണകരമായ മുറിവു പൊറുത്തുപോയി; സർവ്വഭൂമിയും മൃഗത്തെ കണ്ടു വിസ്മയിച്ചു"**

<u>**2.മനുഷ്യർ അന്ന് സാത്താന്യ സേവകർ ആയി മാറും.**</u>
**4 "മൃഗത്തിന്നു അധികാരം കൊടുത്തതുകൊണ്ടു അവർ മഹാസർപ്പത്തെ നമസ്ക്കരിച്ചു: മൃഗത്തോടു തുല്യൻ ആർ? അതിനോടു പൊരുവാൻ ആർക്കുകഴിയും എന്നു പറഞ്ഞു മൃഗത്തെയും നമസ്കരിച്ചു.**

**<u>3.ലോകം അന്ന് ഭോഷ്ക് വിശ്വസിക്കും</u> (2തെസ്സലോനിക്യർ 2:9-11)**
**9 അധർമ്മമൂർത്തിയുടെ പ്രത്യക്ഷത നശിച്ചുപോകുന്നവർക്കു സാത്താന്റെ വ്യാപാരശക്തിക്കു ഒത്തവണ്ണം വ്യാജമായ സകലശക്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും അനീതിയുടെ സകല വഞ്ചനയോടും കൂടെ ആയിരിക്കും;**
**10 അവർ രക്ഷിക്കപ്പെടുവാന്തക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായ്കയാൽ തന്നേ അങ്ങനെ ഭവിക്കും.**
**11 <u>സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും ന്യായവിധി വരേണ്ടതിന്നു</u>**
**12 <u>ദൈവം അവർക്കു ഭോഷ്കു വിശ്വസിക്കുമാറു വ്യാജത്തിന്റെ വ്യാപാരശക്തി</u> അയക്കുന്നു.**

## മഹാപീഡനകാലത്തെ രക്തസാക്ഷികൾ (വീണ്ടും)

### മൂന്ന് പരാമർശങ്ങൾ:

**(1) വെളിപ്പാട് ..6:9-11 ,**
**(2) വെളിപ്പാട് .13:-10 ,**
**(3) വെളിപ്പാട് .20:4-**

**13: 10 "അടിമയാക്കി കൊണ്ടുപോകുന്നവൻ അടിമയായിപ്പോകും; വാൾകൊണ്ടു കൊല്ലുന്നവൻ വാളാൽ മരിക്കേണ്ടിവരും; ഇവിടെ വിശുദ്ധന്മാരുടെ സഹിഷ്ണതയും വിശ്വാസവും കൊണ്ടു ആവശ്യം".**

## അന്തിക്രിസ്തു
## നിഗൂഢവും ഭയങ്കരവുമായ ഒരു വ്യക്തിത്വം

## അവസാന കാലത്തു വെളിപ്പെടുന്നവൻ എങ്കിലും ബൈബിളിൽ അനേക പേരുകളിൽ പരാമർശിക്കപ്പെട്ടവൻ

**പഴയ നിയമത്തിൽ:**

**"ബാബിലോൺ രാജാവ്" യെശയ്യാ,14:4.**
**"ചെറിയ കൊമ്പ്" ദാനിയേൽ 7:8; ദാനിയേൽ. 8:9-12.**
**"ഉഗ്ര ഭാവമുള്ള രാജാവ്" ദാനിയേൽ.8:23.**
**"വരുവാനിരിക്കുന്ന പ്രഭു " ദാനിയേൽ.9:26.**
**"സ്വാർത്ഥനായ രാജാവ് "-ദാനിയേൽ.11:36.**

**പുതിയ നിയമത്തിൽ:**

**"പാപത്തിൻറെ മനുഷ്യൻ" - 2. തെസ്സലോനിക്യർ. 2:3-8 ( KJV)**
**"നാശ യോഗ്യൻ" -- 2. തെസ്സലോനിക്യർ 2:3-8.**
**"അധർമ്മമൂർത്തി" - 2. T തെസ്സലോനിക്യർ 2:3-8.**
**"അന്തിക്രിസ്തു"- 1. യോഹന്നാൻ.2:18.**
**"മൃഗം" - വെളിപ്പാട്. .13:1-2.**
**"സ്വന്തനാമത്തിൽ വരുന്നവൻ"- യോഹന്നാൻ 5:43**
***(യേശുക്രിസ്തുവും യഹൂദന്മാരെ ശാസിക്കുമ്പോൾ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "എന്നെ നിങ്ങൾ കൈക്കൊള്ളുന്നില്ല; മറ്റൊരുത്തൻ സ്വന്തനാമത്തിൽ വന്നാൽ അവനെ നിങ്ങൾ കൈക്കൊള്ളും" : യോഹന്നാൻ 5:43)**

## ഭൂമിയിൽ നിന്നും കയറിവരുന്ന മറ്റൊരു മൃഗം
## 'എതിർ ആത്മാവ്' അഥവാ
## *കള്ള പ്രവാചകൻ

**വെളിപ്പാട് ..13:11-18**

**"11 മറ്റൊരു മൃഗം ഭൂമിയിൽ നിന്നു കയറുന്നതു ഞാൻ കണ്ടു; അതിന്നു കുഞ്ഞാടിന്നുള്ളതുപോലെ രണ്ടു കൊമ്പുണ്ടായിരുന്നു; അതു മഹാ സർപ്പം എന്നപോലെ സംസാരിച്ചു.12 അതു ഒന്നാമത്തെ മൃഗത്തിന്റെ മുമ്പാകെ അതിന്റെ അധികാരം എല്ലാം നടത്തി ഭൂമിയെയും അതിൽ വസിക്കുന്നവരെയും മരണകരമായ മുറിവു പൊറുത്തുപോയ ഒന്നാം മൃഗത്തെ നമസ്കരിക്കുമാറാക്കുന്നു.**

*രണ്ടാമത്തെ മൃഗത്തെ കള്ളപ്രവാചകൻ എന്നാണ് വിളിക്കുന്നത്. മൂന്നു പ്രാവശ്യം വെളിപ്പാട് പുസ്തകത്തിൽ ഈ പേര് വരുന്നുണ്ട്. (16:13, 19:20, 20:10)
ഒരു പ്രാവശ്യം അന്തിക്രിസ്തുവിനോടുള്ള ബന്ധത്തിലും മഹാസർപ്പം എന്ന സാത്താനോടുള്ള ബന്ധത്തിലും കള്ളപ്രവാചകന്റെ പ്രവർത്തന വ്യാപാരം കാണപ്പെടുന്നു.

## അത്ഭുതം കാണിക്കുന്ന കള്ള പ്രവാചകൻ

അത്ഭുതങ്ങൾ കാണിച്ചു ലോകജനതയെ അന്തിക്രിസ്തുവിനുവേണ്ടി വശീകരിക്കും
സാത്താൻ താനും വെളിച്ച ദൂതന്റെ വേഷം ധരിക്കും എന്ന് ലേഖനത്തിൽ പറയുന്നുണ്ട്.
<u>ഏതു കാലത്തും അത്ഭുതങ്ങളിൽ ജനം അധികമായി ആകർഷിക്കപ്പെടും</u>
13 അതു മനുഷ്യർ കാൺകെ ആകാശത്തുനിന്നു ഭൂമിയിലേക്കു തീ ഇറങ്ങുമാറു വലിയ അടയാളങ്ങൾ പ്രവൃത്തിക്കയും മൃഗത്തിന്റെ മുമ്പിൽ പ്രവൃത്തിപ്പാൻ തനിക്കു ബലം കിട്ടിയ അടയാളങ്ങളെക്കൊണ്ടു ഭൂവാസികളെ തെറ്റിക്കുകയും വാളാൽ മുറിവേറ്റിട്ടും ജീവിച്ച മൃഗത്തിന്നു പ്രതിമ ഉണ്ടാക്കുവാൻ ഭൂവാസികളോടു പറകയും ചെയ്യുന്നു."
15 "മൃഗത്തിന്റെ പ്രതിമ സംസാരിക്കേണ്ടതിന്നും മൃഗത്തിന്റെ പ്രതിമയെ നമസ്കരിക്കാത്തവരെ ഒക്കെയും കൊല്ലിക്കേണ്ടതിന്നു മൃഗത്തിന്റെ പ്രതിമെക്കു ആത്മാവിനെ കൊടുപ്പാൻ അതിന്നു ബലം ലഭിച്ചു".

*അന്തിക്രിസ്തുവിന്റെ പ്രതിമക്ക് ജീവൻ നൽകുന്നത് ലോക ചരിത്രത്തിലെ ഏറ്റം അതിശയകരവും അവസാനത്തേതുമായ ശാസ്ത്ര പ്രതിഭാസം ആയിരിക്കും
*മറ്റൊരു വിധത്തിൽ പറഞ്ഞാൽ അന്തിക്രിസ്തുവിൻറെ പ്രതിമ ഒരു സംസാരിക്കുന്ന യാന്ത്രിക രൂപമെന്നോ, 'റോബോട്ട്' എന്നോ വിശേഷിപ്പിക്കാവുന്ന തരത്തിൽ ആയിരിക്കും.

## വെളിപ്പാട് പുസ്തകത്തിലെ<br>സാത്താന്യ ത്രിത്വം

സാത്താൻ (മഹാ സർപ്പം )
അന്തിക്രിസ്തു (മൃഗം)-
കള്ള പ്രവാചകൻ (മറ്റൊരു മൃഗം)

<u>അഥവാ: 'എതിർ ദൈവം' - 'എതിർ ക്രിസ്തു' - 'എതിർ ആത്മാവ്'</u>

യേശു ക്രിസ്തുവിൻറെ മടങ്ങി വരവിൽ സാത്താന്യ ത്രയങ്ങളുടെ നാശം പൂർണമാകും .ഹർമ്മഗദോൻ യുദ്ധത്തിൻറെ അവസാനം അന്തിക്രിസ്തുവിനെയും ,കള്ളപ്രവാചകനെയും ദൂതന്മാർ തീപ്പൊയ്കയിലേക്കും , (19:20) സാത്താനെ ആയിരമാണ്ടത്തേക്കു അഗാധകൂപത്തിലും (20:1-3), അതിനു ശേഷം തീപ്പൊയ്കയിലേക്കും തള്ളിക്കളയും.

## <u>അന്തിക്രിസ്തുവിൻറെ മുദ്ര - '666' - ലോകത്തെ നിയന്ത്രിക്കും.</u>

<u>ലോകത്തിലുള്ള മുഴുവൻ ഇടപാടുകളും , വ്യാപാരങ്ങളും, വില്പന - വാങ്ങൽ എന്നിവയും, ഈ മുദ്രയാൽ മാത്രം സാദ്ധ്യം ആകുന്ന കാലത്തേ കുറിച്ച് വെളിപ്പാട് പുസ്തകം സൂചന നൽകുന്നു.</u>
16" അതു ചെറിയവരും വലിയവരും സമ്പന്നന്മാരും ദരിദ്രന്മാരും സ്വതന്ത്രന്മാരും ദാസന്മാരുമായ എല്ലാവർക്കും വലങ്കൈമേലോ നെറ്റിയിലോ മുദ്ര കിട്ടുമാറും
17 മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ വില്ക്കുകയോ ചെയ്‌വാൻ വഹിയാതെയും ആക്കുന്നു.

18 ഇവിടെ ജ്ഞാനംകൊണ്ടു ആവശ്യം. ബുദ്ധിയുള്ളവൻ മൃഗത്തിന്റെ സംഖ്യ ഗണിക്കട്ടെ: അതു ഒരു മനുഷ്യന്റെ സംഖ്യയത്രെ. അതിന്റെ സംഖ്യ *അറുനൂറ്ററുപത്താറു."

നെറ്റിമേലോ കൈമേലോ മുദ്ര ഏൽക്കുക എന്ന് പറഞ്ഞാൽ 'സുരക്ഷാ ചിപ്പ്' (Security Chip) സാർവത്രികമാകുന്ന ഈ കാലയളവിൽ അത് മനസ്സിലാക്കുവാൻ വലിയ പ്രയാസം ഇല്ല. കറൻസി നോട്ടുകളുടെ ഉപയോഗം പോലും അസാധു ആകുകയോ പരിമിതപ്പെടുകയോ ചെയ്യും.

666 - 'മനുഷ്യൻറെ സംഖ്യ' എന്നാണ് വിവക്ഷിക്കപ്പെട്ടിരിക്കുന്നതു. നൂറു ശതമാനവും ലോകോത്തര ബുദ്ധിരാക്ഷസന്മാരുടെ മസ്തിഷ്ക മൂശയിൽ രൂപപ്പെടുന്ന ഒരു ഉല്പന്നമായിരിക്കും അത്. ഈ സംവിധാനത്തിലേക്ക് എത്തിച്ചേരുവാൻ ലോകം അതിവേഗം പാഞ്ഞു കൊണ്ടിരിക്കുന്നു.

<u>അന്തിക്രിസ്തുവിന്നു വിധേയപ്പെടാത്തവർക്കു നൽകുന്നത് മരണശിക്ഷ ആണ്. അന്ന് സ്വേച്ഛാധിപത്യത്തിൻറെ ഭീകരത ലോകചരിത്രത്തിൽ കണ്ടിട്ടുള്ളതിൽ വെച്ചേറ്റവും ക്രൂരമായിരിക്കും</u>. അത് ഒന്നിനോടും തുലനം ചെയ്യുവാൻ സാധിക്കാത്തതും ആയിരിക്കും.

(ഇന്ന് ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്ന കൃപയുടെ സുവിശേഷം എത്ര നിസ്തുല്യമായിരിക്കുന്നു. ദൈവ സ്നേഹത്താൽ സ്പർശിക്കപ്പെട്ടു ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിൻറെ ഭാഗ്യം അവർണനീയം ആകുന്നു.ഇത്ര വലിയ രക്ഷയെ അവഗണിക്കുന്ന ആർക്കും കണക്കു നൽകുവാൻ കഴിയുന്നതല്ല മഹോപദ്രവ കാലത്തിലെ കഷ്ടതയും പിന്നീടുള്ള നിത്യ ന്യായവിധിയും.)

## വെളിപ്പാട്.14

## ഏഴ് കലശങ്ങൾക്കു മുൻപുള്ള ഉള്ള ഇടവേള
## സീയോൻ മലയിൽ കാണുന്ന കുഞ്ഞാട് അഥവാ ക്രിസ്തു

**വെളിപ്പാട 14:1-5**
<u>**യോഹന്നാൻ കാണുന്ന മറ്റൊരു ദർശനം:**</u>

**1. "പിന്നെ ഞാൻ സീയോൻ മലയിൽ കുഞ്ഞാടും അവനോടുകൂടെ നെറ്റിയിൽ അവന്റെ നാമവും പിതാവിന്റെ നാമവും എഴുതിയിരിക്കുന്ന നൂറ്റിനാല്പത്തിനാലായിരം പേരും നില്ക്കുന്നതു കണ്ടു"**

**സിയോനിൽ കുഞ്ഞാടായ ക്രിസ്തുവിനോടൊപ്പം കാണുന്നത് ആറാം അദ്ധ്യായത്തിൽ കാണുന്ന 144,000 പേരാണ്. അവർക്കു കന്യകമാർ എന്ന വിശേഷണം ഉള്ളതിനാൽ മത്തായി 25- ൽ എഴുതിയിരിക്കുന്ന പത്തു കന്യകമാരുടെ ഉപമയുടെ അർഥം ഇവിടെ ചേർത്ത് ചിന്തിക്കുന്ന വ്യാഖ്യാതാക്കൾ ഉണ്ട്.**

**അവർ യിസ്രായേൽ ഗോത്രങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവരും ക്രിസ്തുവിനു മഹത്വമായി നിന്ന് തന്നെ അനുഗമിക്കാൻ നിയോഗിക്കപ്പെട്ടവരും ആകുന്നു. അവർ പുനഃസ്ഥാപിക്കപ്പെടുന്ന യിസ്രായേലിൻറെ ആദ്യഫലം ആകുന്നു. (14:2-5).**

**വെളിപ്പാട.14:8**
**8 "രണ്ടാമതു വേറൊരു ദൂതൻ പിൻചെന്നു: വീണുപോയി; തന്റെ ദുർന്നടപ്പിന്റെ ക്രോധമദ്യം സകലജാതികളെയും കുടിപ്പിച്ച മഹതിയാം ബാബിലോൻ വീണുപോയി എന്നു പറഞ്ഞു." ബാബിലോണിൻറെ വീഴ്ച ആസന്നമായിരിക്കുന്നു എന്ന വിവരം ദൂതൻ അറിയിക്കുന്നു. സെഖറിയ പ്രവചനത്തിൽ പണിയപ്പെടുന്ന ബാബിലോണിനെ കുറിച്ച് വിവരണം ഉണ്ട്. വെളിപ്പാട് പുസ്തകത്തിൻറെ അടുത്ത അദ്ധ്യായങ്ങളിൽ അത് കൂടുതലായി വിവരിക്കുന്നുണ്ട്**

**11 "...അവരുടെ ദണ്ഡനത്തിന്റെ പുക എന്നെന്നേക്കും പൊങ്ങും; മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്കരിക്കുന്നവർക്കും അതിന്റെ പേരിന്റെ മുദ്ര ഏല്ക്കുന്ന ഏവന്നും രാവും പകലും ഒരു സ്വസ്ഥതയും ഉണ്ടാകയില്ല" (അന്തിക്രിസ്തുവിനെ വണങ്ങുന്ന മനുഷ്യർക്കുണ്ടാകുന്ന കനത്ത ശിക്ഷ നിർണ്ണയിക്കപ്പെട്ടിരിക്കുന്നു.) (14:9-11)**

<u>ക്രിസ്തുവിൽ മരിക്കുന്ന മൃതന്മാരുടെ ഭാഗ്യം</u>.
**വെളിപ്പാട.14:12-13**

**13" ഞാൻ സ്വർഗ്ഗത്തിൽനിന്നു ഒരു ശബ്ദംകേട്ടു; അതു പറഞ്ഞതു: എഴുതുക: ഇന്നുമുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ;..."**

**അന്തിക്രിസ്തുവിനോടൊന്നിച്ചു മൂന്നര വർഷം കഴിയുന്നതാണോ അതോ ക്രിസ്തു വിനോടൊന്നിച്ചു അയിരാമാണ്ടു വാഴുന്നതാണോ ഉത്തമം എന്നത് പീഡനകാലത്തു യിസ്രായേലിൽ അനേകർക്ക് മാനസീകമായ ഒരു വെല്ലുവിളി ഉയർത്തുന്ന ചോദ്യം ആയിരിക്കും. പീഡനകാലത്തു പ്രത്യേകാൽ രക്തസാക്ഷികൾ ആകുന്നവർ "രക്തസാക്ഷികൾക്കുള്ള കിരീടം " (2:10) പ്രാപിക്കും. ക്രിസ്തുവിനുവേണ്ടിരക്തസാക്ഷി ആകുന്നതും, കർത്താവിൽ മരിക്കുന്നതും തന്നെയാണ് ഭാഗ്യം. ദൈവം അവരെ ജീവനായി ഉയിർപ്പിക്കും.**

**<u>( അതുപോലെ തന്നെ ഇന്നും ഏതു കാലയളവിലും കർത്താവിൽ മരിക്കുന്ന ഭക്തന്മാർ ഭാഗ്യമുള്ളവർ തന്നെ ആകുന്നു.)</u>**

**വെളിപ്പാട.14:14-20**
**16" മേഘത്തിന്മേൽ ഇരിക്കുന്നവൻ അരിവാൾ ഭൂമിയിലേക്കു എറിഞ്ഞു ഭൂമിയിൽ കൊയ്ത്തു നടന്നു"...**
**14- മുതൽ 20 വരെയുള്ള വാക്യങ്ങളിൽ വലിയ ഒരു ന്യായവിധി ഭൂമിയിൽ നടക്കുകയും, വിളവ് കൊയ്തെടുക്കുന്നപോലെ നടത്തപ്പെടുന്ന ആ സംഹാരത്തിൽ കുതിരകളുടെ കടിവാളങ്ങളോളം രക്തം പൊങ്ങി ഇരുനൂറു നാഴിക ദൂരത്തോളം ഒഴുകും എന്നും പറഞ്ഞിരിക്കുന്നു.**

**<u>ലോകത്തിൻറെ പാപം എത്ര ഭീകരമാണ് എന്നും പാപത്തിനു കണക്കു കൊടുത്തു തീർക്കാൻ മനുഷ്യനാൽ അസാദ്ധ്യം എന്നും ഈ ഭാഗം മുന്നറിയിപ്പ് നൽകുന്നു.</u>**

# വെളിപ്പാട്.15

**വെളിപ്പാട്.15:1-8**
<u>ഏഴു ദൂതന്മാരും ഒടുവിലത്തെ ഏഴു ബാധകളും.</u>
**ഞാൻ വലുതും അത്ഭുതവുമായ മറ്റൊരു അടയാളം സ്വർഗ്ഗത്തിൽ കണ്ടു; ഒടുക്കത്തെ ഏഴു ബാധയുമുള്ള ഏഴു ദൂതന്മാരെ തന്നേ; അതോടുകൂടെ ദൈവക്രോധം തീർന്നു**

## <u>അന്തിക്രിസ്തുവിന്നു മേൽ ജയം കണ്ടെത്തിയവർ:</u>

**2" തീ കലർന്ന പളുങ്കുകടൽ പോലെ ഒന്നും മൃഗത്തോടും അതിന്റെ പ്രതിമയോടും പേരിന്റെ സംഖ്യയോടും ജയിച്ചവർ ദൈവത്തിന്റെ വീണകൾ പിടിച്ചുംകൊണ്ടു പളുങ്കുകടലിന്നരികെ നില്ക്കുന്നതും ഞാൻ കണ്ടു".**

**ഇവിടെ ഒരു പ്രത്യേക കൂട്ടരെ കാണുന്നു. അവർ ജയാളികൾ ആണ് . <u>അന്തിക്രിസ്തുവിനെ വണങ്ങാതെ ജയം കണ്ടെത്തിയവർ</u>. അവർ യിസ്രായേൽ ഗോത്രങ്ങളിൽ നിന്നുമുള്ളവർ. അവർക്കു മോശെയുടെ പാട്ടും കുഞ്ഞാടിൻറെ പാട്ടും പാടുവാൻ കഴിയുന്നു. അവർ ക്രിസ്തു എന്ന കുഞ്ഞാടിനെ മശീഹയായി ഏറ്റുപറയുന്നവർ ആകുന്നു.**

**3 "അവർ ദൈവത്തിന്റെ ദാസനായ മോശെയുടെ പാട്ടും കുഞ്ഞാടിന്റെ പാട്ടും പാടി ചൊല്ലിയതു: സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, നിന്റെ പ്രവൃത്തികൾ വലുതും അത്ഭുതവുമായവ; സർവ്വജാതികളുടെയും രാജാവേ, നിന്റെ വഴികൾ നീതിയും സത്യവുമുള്ളവ"**

## സ്വർഗ്ഗത്തിലെ സാക്ഷ്യ കൂടാരമായ ദൈവാലയത്തിൻറെ ദർശനം:

സാക്ഷ്യ കൂടാരത്തെ സംബന്ധിച്ചുള്ള എല്ലാ സത്യങ്ങളും ക്രിസ്തുവിങ്കലേക്കു വിരൽ ചൂണ്ടുന്നു. ഓരോ വീക്ഷണ കോണിൽ നിന്നും ക്രിസ്തുവിൻറെ വീണ്ടെടുപ്പിൻറെ സമ്പൂർണതയെയും മഹത്വത്തെയും കാണുവാൻ കഴിയും
5" ഇതിന്റെ ശേഷം സ്വർഗ്ഗത്തിലെ സാക്ഷ്യകൂടാരമായ ദൈവാലയം തുറന്നതു ഞാൻ കണ്ടു"
വെളിപ്പാട 15:6-8
ദൂതന്മാർ അവസാന ഏഴു ബാധകൾ അടങ്ങിയ കലശങ്ങൾ ചൊരിയുവാൻ തയ്യാറായി നിൽക്കുന്നു:
6 "ഏഴു ബാധയുള്ള ഏഴു ദൂതന്മാരും ശുദ്ധവും ശുഭ്രവുമായുള്ള ശണവസ്ത്രം ധരിച്ചും മാറത്തു പൊൻകച്ച കെട്ടിയും കൊണ്ടു ദൈവാലയത്തിൽ നിന്നു പുറപ്പെട്ടുവന്നു."

# വെളിപ്പാട്.16

പുറപ്പാട് പുസ്തകത്തിൽ കാണുന്ന മിസ്രയീം ബാധകൾ ഇവിടെ ആവർത്തിക്കുന്നത് കാണാം. അന്നത്തെ ബാധകൾ ദൈവജനത്തെ ഫറവോൻറെ അധീനതയിൽ നിന്നും മോചിപ്പിക്കുവാൻ ആയിരുന്നെങ്കിൽ ഇവിടെ രേഖപ്പെടുത്തിയിരിക്കുന്ന ബാധകൾ ദൈവജനത്തിനു വേണ്ടി ഭൂമിയെ മോചിപ്പിച്ചെടുക്കാൻ ആകുന്നു.

_:
2 ഒന്നാമത്തവൻ പോയി തൻറെ കലശം ഭൂമിയിൽ ഒഴിച്ചു; അപ്പോൾ മൃഗത്തിന്റെ മുദ്രയുള്ളവരും അതിന്റെ പ്രതിമയെ നമസ്കരിക്കുന്നവരുമായ മനുഷ്യർക്കു വല്ലാത്ത ദുർവ്രണം ഉണ്ടായി

## രണ്ടാം കലശം (16:3) വെള്ളം രക്തമായി തീരുക:

3 രണ്ടാമത്തവൻ തന്റെ കലശം സമുദ്രത്തിൽ ഒഴിച്ചു; അപ്പോൾ അതു മരിച്ചവന്റെ രക്തംപോലെ ആയിത്തിർന്നു; സമുദ്രത്തിലെ ജീവജന്തു ഒക്കെയും ചത്തുപോയി

## മൂന്നാം കലശം(16: 4-7) നദികളിൽ രക്തം:

4 മൂന്നാമത്തെ ദൂതൻ തന്റെ കലശം നദികളിലും നീരുറവുകളിലും ഒഴിച്ചു; അവ രക്തമായിത്തീർന്നു

## നാലാം കലശം.(16:8-9) അത്യുഷ്ണം

8 "നാലാമത്തവൻ തന്റെ കലശം സൂര്യനിൽ ഒഴിച്ചു; അപ്പൊൾ തീകൊണ്ടു മനുഷ്യരെ ചുടുവാൻ തക്കവണ്ണം അതിന്നു അധികാരം ലഭിച്ചു.
*9 മനുഷ്യർ അത്യുഷ്ണത്താൽ വെന്തുപോയി; ഈ ബാധകളുടെമേൽ അധികാരമുള്ള ദൈവത്തിന്റെ നാമത്തെ ദുഷിച്ചതല്ലാതെ അവന്നു മഹത്വം *കൊടുപ്പാൻ തക്കവണ്ണം മാനസാന്തരപ്പെട്ടില്ല".

*ഇവിടെ സൂര്യൻറെ താപനില ക്രമാതീതമായികൂടുന്നു. ആഗോള താപനം എന്ന് ശാസ്ത്രലോകം ഇന്ന് മുന്നറിയിപ്പ് നൽകുന്ന വലിയ പ്രശ്നം അന്ന് ഏറ്റവും രൂക്ഷമാകും. എന്നാൽ മനുഷ്യന് ദൈവികമായ മാനസാന്തരം ഉണ്ടാകുന്നില്ല എന്നത് ശ്രദ്ധിക്കുക. ഈ കൃപാ യുഗത്തിൽ മാനസാന്തരം ദൈവത്തിൻറെ പരിശുദ്ധാത്മാവിൻറെ പ്രവർത്തിയാകുന്നു. ദൈവ വചനം ഒരുവൻ ശ്രദ്ധിക്കുമ്പോൾ പാപത്തെ കുറിച്ചും ,നീതിയെ കുറിച്ചും, ന്യായവിധിയെ കുറിച്ചും പരിശുദ്ധാത്മാവ് ഒരുവനിൽ ബോധം വരുത്തി അവനെ ദൈവവുമായി നിരപ്പിക്കുന്നു. അതുകൊണ്ടു ബൈബിൾ പറയുന്നു: "ഇപ്പോൾ ആകുന്നു സുപ്രസാദ കാലം ഇപ്പോൾ ആകുന്നു രക്ഷ ദിവസം."

## അഞ്ചാം കലശം (16:10-11) കൂരിരുൾ

**10 "അഞ്ചാമത്തവൻ തന്റെ കലശം മൃഗത്തിന്റെ സിംഹാസനത്തിന്മേൽ ഒഴിച്ചു; അപ്പോൾ അതിന്റെ രാജ്യം ഇരുണ്ടുപോയി"**

## ആറാം കലശം (16:12)- യൂഫ്രട്ടീസ് നദിവറ്റിപോകുന്നു.

**12 "ആറാമത്തവൻ തന്റെ കലശം യൂഫ്രാത്തേസ് എന്ന മഹാനദിയിൽ ഒഴിച്ചു; കിഴക്കു നിന്നു വരുന്ന രാജാക്കന്മാർക്കു വഴി ഒരുങ്ങേണ്ടതിന്നു അതിലെ വെള്ളം വറ്റിപ്പോയി"**

**യിസ്രായേലിനെ എന്നേക്കുമായി നശിപ്പിക്കാൻ അന്തിക്രിസ്തു തൻറെ കൂടെയുള്ള മറ്റു രാജ്യങ്ങളുടെ സൈന്യവുമായികിഴക്കു നിന്നും വരും. പഴയ നിയമത്തിൽ കാണുന്ന പ്രധാന യുദ്ധഭൂമിയായ 'മെഗിദ്ദോ' താഴവരയിലേക്കു യൂഫ്രട്ടീസ് നദി കടന്നു അവർ 'ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തിന്നു' എത്തിച്ചേരും.**

**വെളിപ്പാട് 16:13-16.**

**13 മഹാസർപ്പത്തിന്റെ വായിൽ നിന്നും മൃഗത്തിന്റെ വായിൽ നിന്നും കള്ളപ്രവാചകന്റെ വായിൽനിന്നും തവളയെപ്പോലെ മൂന്നു അശുദ്ധാത്മാക്കൾ പുറപ്പെടുന്നതു ഞാൻ കണ്ടു.**
**14 ഇവ സർവ്വഭൂതത്തിലും ഉള്ള രാജാക്കന്മാരെ സർവ്വശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തിന്നു കൂട്ടിച്ചേർപ്പാൻ അത്ഭുതങ്ങൾ ചെയ്തുകൊണ്ടു അവരുടെ അടുക്കലേക്കു പറുപ്പെടുന്ന ഭൂതാത്മാക്കൾ തന്നേ. —**
**15 ഞാൻ കള്ളനെപ്പോലെ വരും; തന്റെ ലജ്ജകാണുമാറു നഗ്നനായി നടക്കാതിരിപ്പാൻ തന്റെ ഉടുപ്പു സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ. —**
**16 അവ അവരെ എബ്രായഭാഷയിൽ 'ഹർമ്മഗെദ്ദോൻ' എന്നു പേരുള്ള സ്ഥലത്തിൽ കൂട്ടിച്ചേർത്തു.**

# ഹർമ്മഗെദ്ദോൻ യുദ്ധം

## ഏഴാം കലശം (16:17-21) ഭൂകമ്പം, കല്മഴ

**17 "ഏഴാമത്തവൻ തന്റെ കലശം ആകശത്തിൽ ഒഴിച്ചു; അപ്പോൾ സംഭവിച്ചുതീർന്നു എന്നു ഒരു മഹാശബ്ദം ദൈവലായത്തിലെ സിംഹാസനത്തിൽ നിന്നു വന്നു.**
**18 മിന്നലും നാദവും ഇടിമുഴക്കവും വലിയ ഭൂകമ്പവും ഉണ്ടായി; ഭൂമിയിൽ മനുഷ്യർ ഉണ്ടായതു മുതൽ അതുപോലെ അത്ര വലുതായോരു ഉണ്ടായിട്ടില്ല.**
**19 മഹാനഗരം മൂന്നംശമായി പിരിഞ്ഞു; ജാതികളുടെ പട്ടണങ്ങളും വീണു പോയി; ദൈവകോപത്തിന്റെ ക്രോധമദ്യമുള്ള പാത്രം മഹാബാബിലോന്നു കൊടുക്കേണ്ടതിന്നു അവളെ ദൈവസന്നിധിയിൽ ഓർത്തു.**
**20 സകലദ്വീപും ഓടിപ്പോയി; മലകൾ കാണ്മാനില്ലാതെയായി."**
**21 "താലന്തോളം ഘനമുള്ള കല്ലായി വലിയ കല്മഴ ആകാശത്തു നിന്നു മനുഷ്യരുടെ മേൽ പെയ്തു; കന്മഴയുടെ ബാധ ഏറ്റവും വലുതാകകൊണ്ടു മനുഷ്യൻ ആ ബാധനിമിത്തം ദൈവത്തെ ദുഷിച്ചു."**

**ദൈവ കോപത്തിന്റെ ക്രോധമദ്യമുള്ള പാത്രം മഹാബാബിലോന്നു കൊടുക്കേണ്ടതിന്നു അവളെ ദൈവസന്നിധിയിൽ ഓർത്തു**
**ഏഴാമത്തവൻ തന്റെ കലശം ആകാശത്തിൽ ഒഴിച്ചു; അപ്പോൾ "സംഭവിച്ചുതീർന്നു" എന്നൊരു മഹാശബ്ദം കേൾക്കുന്നു.**

**ക്രൂശിലെ ക്രിസ്തുവിൻറെ മൊഴി ആയിരിന്നു : "സകലതും നിവ്രത്തിയായി "എന്നത്. മനുഷ്യൻറെ രക്ഷക്ക് ആധാരമായി പാപത്തിനു നേർക്കുള്ള ദൈവ നീതിയുടെ നിവർത്തീകരണവും ആയിരുന്നു ക്രിസ്തുവിന്റെ മരണം.. ഇവിടെ "സംഭവിച്ചു തീർന്നു"എന്ന ശബ്ദം കേൾക്കുന്നു. ദൈവ രാജ്യം ഭൂമിയിൽ സ്ഥാപിക്കപ്പെടേണ്ടതിന്നു മഹോപദ്രവ കാലത്തിലും ദൈവ നീതിയുടെ നിവർത്തീകരണം സംഭവിക്കുന്നു.**

# വെളിപ്പാട്:17

## ബാബിലോൺ
## (മാർമ്മിക ബാബിലോൺ)
## ബാബിലോൺ - രണ്ടു വശങ്ങൾ

**രണ്ടു വശങ്ങൾ ഉള്ളപ്പോൾ തന്നെ ഒരു ഒരു നാണയം ഒന്നായി ഇരിക്കുന്നതുപോലെ ഏക ബാബിലോണിനും ഇരു വശങ്ങൾ ഉണ്ട്.**

**18" നീ കണ്ട സ്ത്രീയോ ഭൂരാജാക്കന്മാരുടെ മേൽ രാജത്വമുള്ള മഹാനഗരം തന്നേ."**

**1. മതാധിഷ്ഠിത ബാബിലോൺ - വേശ്യ (അവിശ്വസ്ഥ)**
**ആഗോള ഐക്യ സഭ.**
**(The universal ecumenical church)**
**2.വ്യാപാര ബാബിലോൺ - നഗരം**
**ലോകത്തെ ഏറ്റവും അധികം സ്വാധീനിക്കാൻ കഴിയുന്ന രാഷ്ട്രം**
**{The most influential country at the end times,**
**and the City represents the Nation)**

**മനുഷ്യന് നൽകപ്പെട്ട കാലത്തിൻറെ അന്ത്യത്തിൽ നാശത്തിൻറെ കേന്ദ്ര ബിന്ദു ആയി തീരുന്ന ബാബിലോണിനെ ഇവിടെ കാണാം. മാനവ ചരിത്രം എന്ന് വിശേഷിക്കപ്പെടുന്നതിൻറെ ഒടുവിലത്തെ ഘട്ടമാണിവിടെ. ബാബിലോണിൻറെ നാശം എന്ന് പറഞ്ഞാൽ പാപപങ്കിലമായ ലോകത്തിൻറെ അന്ത്യം എന്നാണ് അർത്ഥം. ഒരു കേന്ദ്ര ബിന്ദുവിനെ നശിപ്പിക്കുമ്പോൾ മുഴുവനും നശിക്കുന്നതുപോലെ ബാബിലോൺ ലോക നാശത്തിന്റെ കേന്ദ്ര സ്ഥാനമായി ഇവിടെ സൂചിപ്പിച്ചിരിക്കുന്നു.**
**ദൈവത്തിൽ ആശ്രയിക്കുന്ന ജനത്തിനുവേണ്ടി വിശുദ്ധിയുടെ ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കപ്പെടേണ്ട സമയം എത്തിച്ചേർന്നിരിക്കുന്നു.**
ദൈവജനം ലോകത്തിൻറെ ഉപ്പു ആകുന്നു എന്നും വിശ്വാസികൾ അവരിൽ തന്നെ ആ യോഗ്യത നിലനിർത്തണം എന്നും കർത്താവു പഠിപ്പിച്ചു. **ഉപ്പിനു കാരമില്ലാതെ പോയാൽ അത് പുറത്തു ചവിട്ടി കളയാനല്ലാതെ മറ്റൊന്നിനും കൊള്ളുകയില്ല എന്നും ക്രിസ്തു പറഞ്ഞു. ലോകത്തിൻറെ ഉപ്പായ സത്യ സഭ ഇവിടെ നിന്നും മാറ്റപ്പെട്ടാൽ പിന്നെ ലോകത്തിനു മുന്നോട്ടു വേറെ ഗതി ഇല്ല. അത് ചവിട്ടപ്പെടുകയും പുറന്തള്ളപ്പെടുകയും ചെയ്യും.**

## ഒന്നാം പതനം
## മതാധിഷ്ഠിത ബാബിലോൺ

**വെളിപ്പാട് 17:1-18.**
**ആഗോള ഐക്യ സഭ സഭയുടെ നാശം:**
**സത്യ സഭ ഉൽപ്രാപണം ചെയ്യപ്പെട്ടു കഴിഞ്ഞാൽ പിന്നീട് ലോകത്തിൽ ഒരു നാമധേയ സഭ ശേഷിച്ചിരിക്കും .ബൈബിളിൽ കാണുന്ന സത്യ സഭയുടെ എല്ലാ ആത്മീയ അർത്ഥങ്ങൾക്കും വിരുദ്ധമായിരിക്കും അന്ന് കാണപ്പെടുന്ന വ്യാജ സഭ.**

**എടുത്തു കൊള്ളപ്പെടുന്ന സത്യസഭയിൽ അംഗമായിരിക്കുവാനുള്ള യോഗ്യത യേശു ക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി ഓരോ വ്യക്തിയും സ്വീകരിച്ചിരിക്കുക എന്നുള്ളതാണ്.**

1. “പിന്നെ ഏഴു കലശമുള്ള ഏഴു ദൂതന്മാരിൽ ഒരുവൻ വന്നു എന്നോടു സംസാരിച്ചു: വരിക, ഭൂമിയിലെ രാജാക്കന്മാരോടു വേശ്യാവൃത്തി ചെയ്തു തന്റെ വേശ്യാവൃത്തിയുടെ മദ്യത്താൽ
2 ഭൂവാസികളെ മത്തരാക്കിയവളായി പെരുവെള്ളത്തിന്മീതെ ഇരിക്കുന്ന മഹാവേശ്യയുടെ ന്യായവിധി ഞാൻ കാണിച്ചുതരാം എന്നു പറഞ്ഞു.
3 അവൻ എന്നെ ആത്മാവിൽ മരുഭൂമിയിലേക്കു കൊണ്ടുപോയി. അപ്പോൾ ഏഴു തലയും പത്തു കൊമ്പും ഉള്ളതായി ദൂഷണനാമങ്ങൾ നിറഞ്ഞു കടുഞ്ചുവപ്പുള്ളോരു മൃഗത്തിന്മേൽ ഒരു സ്ത്രീ ഇരിക്കുന്നതു ഞാൻ കണ്ടു.

8 നീ കണ്ട മൃഗമോ ഉണ്ടായിരുന്നതും ഇപ്പോൾ ഇല്ലാത്തതും ഇനി അഗാധത്തിൽനിന്നു കയറി നാശത്തിലേക്കു പോകുവാൻ ഇരിക്കുന്നതും ആകുന്നു;

ഉണ്ടായിരുന്നതും ഇല്ലാത്തതും വരുവാനുള്ളതുമായ മൃഗത്തെ ലോകസ്ഥാപനം മുതൽ ജീവപുസ്തകത്തിൽ പേർ എഴുതാതിരിക്കുന്ന ഭൂവാസികൾ കണ്ടു അതിശയിക്കും.”

## റോമും ബാബിലോണും പുലർത്തുന്ന ഒരേ മത സംവിധാനം

നാലാം നൂറ്റാണ്ടിൽ കുസ്തന്തീനോസ് ചക്രവർത്തി പരിപാവനമായ ക്രിസ്തീയ മാർഗ്ഗത്തെ ഒരു മതമാക്കി. ഒന്നാം നൂറ്റാണ്ടിൽ ക്രിസ്തുവും അപ്പോസ്തലന്മാരും പഠിപ്പിച്ച ആത്മീയ സത്യങ്ങൾ വ്യതിചലിക്കപ്പെട്ടു.
ക്രിസ്തീയത നാമ മാത്രമായി. അതിൻറെ ലാളിത്യം നഷ്ടപ്പെട്ടു. കർമ്മചാരങ്ങൾക്കു വിധേയമായ ഒരു രാജകീയ മതത്തിൻറെ പ്രതാപത്തിലേക്ക് അത് മാറി. അബദ്ധജടിലമായ ബാബിലോണിയൻ അനാചാരങ്ങൾ ആഗോള സഭയുടെ മുൻ നിരയിൽ എത്തിച്ചേർന്നു. അതിൻറെ പട്ടിക വിവരിച്ചാൽ വളരെ അധികം ഉണ്ട്.എല്ലാ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മറക്കുള്ളിൽ നിറുത്തി പ്രവർത്തിച്ചപ്പോൾ 'ആശയകുഴപ്പം' എന്നും 'കലക്കം' എന്നും അർഥം വരുന്ന ബാബിലോൺ എന്ന നാമം ഇവിടെ ആഗോള സഭക്ക് അന്വർത്ഥം ആയി തീർന്നു. അതിനാലാണ് അതിനെ ‘മാർമ്മിക ബാബിലോൺ’ എന്ന് വിളിക്കുന്നത്.യോഹന്നാൻറെ കാലത്തു അത് വെളിപ്പെട്ടിട്ടില്ല അതിനാൽ അത് ഒരു മർമ്മം ആയിരുന്നു. അതുകൊണ്ടാണ് അധർമ്മത്തിൻറെ മർമ്മം വ്യാപാരിച്ചു തുടങ്ങി എന്ന് അപ്പോസ്തലനായ പൗലോസ് എഴുതിയിട്ടുള്ളത്. (2.തെസ്സലോനിക്ർ2:7)

ഇപ്പോൾ ആ മർമ്മം വെളിപ്പെട്ടു കഴിഞ്ഞിരിക്കുന്നു. സത്യത്തോട് അവിശ്വസ്തയായി തീർന്ന ഒരു സ്ത്രീ ആയി ബാബിലോൺ മറ നീക്കി പുറത്തു വന്നിരിക്കുന്നു.
17: 4-ൽ “ആ സ്ത്രീ ധൂമ്രവർണ്ണവും കടുഞ്ചുവപ്പു നിറവും ഉള്ള വസ്ത്രം ധരിച്ചു പൊന്നും രത്നവും മുത്തും അണിഞ്ഞവളായി തൻറെ വേശ്യവൃത്തിയുടെ മ്ളേച്ഛതയും അശുദ്ധിയും നിറഞ്ഞ സ്വർണ്ണപാനപാത്രം കയ്യിൽ പിടിച്ചിരുന്നു.
5 മർമ്മം: മഹതിയാം ബാബിലോൻ; വേശ്യമാരുടെയും മ്ളേച്ഛതകളുടെയും മാതാവു എന്നൊരു പേർ അവളുടെ നെറ്റിയിൽ എഴുതീട്ടുണ്ടു.”

ഈ കാണുന്നതിൽ നിന്നും ഇത് മതാധിഷ്ഠിത ബാബിലോലോണായ ആഗോള സഭ എന്ന് ഗ്രഹിക്കാം.
6 “വിശുദ്ധന്മാരുടെ രക്തവും യേശുവിന്റെ സാക്ഷികളുടെ രക്തവും കുടിച്ചു സ്ത്രീ മത്തയായിരിക്കുന്നതു ഞാൻ കണ്ടു; അവളെ കണ്ടിട്ടു അത്യന്തം ആശ്ചര്യപ്പെട്ടു.
7 ദൂതൻ എന്നോടു പറഞ്ഞതു: നീ ആശ്ചര്യപ്പെടുന്നതു എന്തു? ഈ സ്ത്രീയുടെയും ഏഴു തലയും പത്തു കൊമ്പും ഉള്ളതായി അവളെ ചുമക്കുന്ന മൃഗത്തിന്റെയും മർമ്മം ഞാൻ പറഞ്ഞുതരാം.
ഇവിടെ വിശുദ്ധന്മാരുടെ രക്തവും യേശുവിൻറെ സാക്ഷികളുടെയും രക്തം കുടിച്ചു സ്ത്രീ മത്തയായിരുന്നു. എന്നാണ് എഴുതിയിരിക്കുന്നത്.

ക്രൈസ്തവ സഭാ ചരിത്രം പരിശോധിച്ചാൽ അപ്പൊസ്തലന്മാരെ പലരെയും ആദ്യ നൂറ്റാണ്ടിലെ അനേക വിശുദ്ധന്മാരെയും സഭാപിതാക്കന്മാരെയും കൊന്നതും രക്തസാക്ഷികളാക്കിയതും റോമൻ

**ചക്രവർത്തിമാരോ, ഭരണകൂടമോ ആയിരുന്നു എന്ന് കാണാം. ഒടുവിൽ മഹോപദ്രവ കാലത്തും അന്തിക്രിസ്തു ദൈവ വചന സാക്ഷ്യം മൂലം ചിലരെ കൊല്ലുമ്പോൾ മാർമ്മിക ബാബിലോൺ അതിന്നു ആദ്യം കൂടെ ഉണ്ടാകും.**

**12 "നീ കണ്ട പത്തു കൊമ്പു പത്തു രാജാക്കന്മാർ; അവർ ഇതുവരെ രാജത്വം പ്രാപിച്ചിട്ടില്ല; മൃഗത്തോടു ഒന്നിച്ചു ഒരു നാഴിക നേരത്തേക്കു രാജാക്കന്മാരേപ്പോലെ അധികാരം പ്രാപിക്കും താനും."**

**13 "ഇവർ ഒരേ അഭിപ്രായമുള്ളവർ; തങ്ങളുടെ ശക്തിയും അധികാരവും മൃഗത്തിന്നു ഏല്പിച്ചുകൊടുക്കുന്നു."**

**റോമൻ സാമ്രാജ്യത്തിൻറെ ശേഷിപ്പ് എന്ന നിലയിൽ അവസാനകാലത്തു യൂറോപ്പിൽ രൂപം കൊള്ളുന്ന പത്തു രാജ്യങ്ങളുടെ യൂണിയൻ ശക്തിപ്രാപിക്കും. അതിൻറെ തലവനായി അന്തിക്രിസ്തുവും അവരോധിക്കപ്പെടും.**

**എന്നാൽ ഈ കൂട്ടുക്കെട്ടു അൽപ കാലം മാത്രമേ നിലനിൽക്കുകയുള്ളൂ. തൻറെ അധികാരത്തെ പരിമിതപ്പെടുത്തുവാൻ ശ്രമിക്കുന്ന ആഗോള സഭയെ ഒടുവിൽ . അന്തിക്രിസ്തു തന്നെ നശിപ്പിക്കും. നാമധേയ സഭയുടെ ആലയങ്ങളും, അന്തിക്രിസ്തു തീവെച്ചു നശിപ്പിക്കും.**

**(17:16 "നീ കണ്ട പത്തു കൊമ്പും മൃഗവും വേശ്യയെ ദ്വേഷിച്ചു ശൂന്യവും നഗ്നവുമാക്കി അവളുടെ മാംസം തിന്നുകളയും; അവളെ തീകൊണ്ടു ദഹിപ്പിക്കയും ചെയ്യും"..)**

# വെളിപ്പാട്. 18

## രണ്ടാമത്തെ പതനം
## വ്യാപാര ബാബിലോൺ

**വെളിപ്പാട് 18:1-10; 11-24**

**2** "അവൻ ഉറക്കെ വിളിച്ചുപറഞ്ഞതു: വീണുപോയി: മഹതിയാം ബാബിലോൻ വീണുപോയി; ദുർഭൂതങ്ങളുടെ പാർപ്പിടവും സകല അശുദ്ധാത്മാക്കളുടെയും തടവും അശുദ്ധിയും അറെപ്പുമുള്ള *സകലപക്ഷികളുടെയും *തടവുമായിത്തീർന്നു"

**5 അവളുടെ പാപം ആകാശത്തോളം കുന്നിച്ചിരിക്കുന്നു; അവളുടെ അകൃത്യം ദൈവം ഓർത്തിട്ടുമുണ്ടു.**

**6 അവൾ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങൾ അവൾക്കു പകരം ചെയ്വിൻ; അവളുടെ പ്രവൃത്തികൾക്കു തക്കവണ്ണം അവൾക്കു ഇരട്ടിച്ചു കൊടുപ്പിൻ; അവൾ കലക്കിത്തന്ന പാനപാത്രത്തിൽ അവൾക്കു ഇരട്ടി കലക്കിക്കൊടുപ്പിൻ;**

**7 അവൾ തന്നെത്താൻ മഹത്വപ്പെടുത്തി പുളെച്ചേടത്തോളം അവൾക്കു പീഡയും ദുഃഖവും കൊടുപ്പിൻ. രാജ്ഞിയായിട്ടു ഞാൻ ഇരിക്കുന്നു; ഞാൻ വിധവയല്ല; ദുഃഖം കാൺകയുമില്ല എന്നു അവൾ ഹൃദയംകൊണ്ടു പറയുന്നു.**

**8 അതുനിമിത്തം മരണം, ദുഃഖം, ക്ഷാമം എന്നിങ്ങനെ അവളുടെ ബാധകൾ ഒരു ദിവസത്തിൽ തന്നേ വരും; അവളെ തീയിൽ ഇട്ടു ചുട്ടുകളയും; അവളെ ന്യായം വിധിച്ച ദൈവമായ കർത്താവു ശക്തനല്ലോ.**

**9 അവളോടു കൂടെ വേശ്യാസംഗം ചെയ്തു പുളെച്ചിരിക്കുന്ന ഭൂരാജാക്കന്മാർ അവളുടെ പീഡനിമിത്തം ഭയപ്പെട്ടു ദൂരത്തു നിന്നുകൊണ്ടു അവളുടെ ദഹനത്തിന്റെ പുക കാണുമ്പോൾ അവളെച്ചൊല്ലി കരഞ്ഞും മാറത്തടിച്ചുംകൊണ്ടു:**

**<u>അയ്യോ, അയ്യോ, മഹാനഗരമായ ബാബിലോനേ, ബലമേറിയ പട്ടണമേ, ഒരു മണിക്കൂറുകൊണ്ടു നിന്റെ ന്യായവിധി വന്നല്ലോ എന്നു പറയും</u>**
**15 ഈ വകകൊണ്ടു വ്യാപാരം ചെയ്തു അവളാൽ സമ്പന്നരായവർ അവൾക്കുള്ള പീഡ ഭയപ്പെട്ടു ദൂരത്തുനിന്നു:**
**16 <u>അയ്യോ, അയ്യോ, മഹാനഗരമേ</u>, നേരിയ തുണിയും ധൂമ്രവർണ്ണവും കടുഞ്ചുവപ്പും ധരിച്ചു പൊന്നും രത്നവും മുത്തും അണിഞ്ഞവളേ, <u>ഇത്രവലിയ സമ്പത്തു ഒരു മണിക്കൂറുകൊണ്ടു നശിച്ചുപോയല്ലോ എന്നു പറഞ്ഞു കരഞ്ഞു ദുഃഖിക്കും.</u>**
**17 ഏതു മാലുമിയും ഓരോ ദിക്കിലേക്കു കപ്പലേറി പോകുന്ന ഏവനും കപ്പൽക്കാരും കടലിൽ തൊഴിൽ ചെയ്യുന്നവരൊക്കയും**
**18 ദൂരത്തുനിന്നു അവളുടെ ദഹനത്തിന്റെ പുക കണ്ടു<u>: മഹാനഗരത്തോടു തുല്യമായ നഗരം ഏതു എന്നു നിലവിളിച്ചുപറഞ്ഞു.</u>**

**19 അവർ തലയിൽ പൂഴി വാരിയിട്ടുംകൊണ്ടു: അയ്യോ, അയ്യോ, കടലിൽ കപ്പലുള്ളവർക്കു എല്ലാം തന്റെ ഐശ്വര്യത്താൽ സമ്പത്തു വർദ്ധിപ്പിച്ച മഹാനഗരം ഒരു മണിക്കൂറുകൊണ്ടു നശിച്ചു പോയല്ലോ എന്നു പറഞ്ഞു കരഞ്ഞും ദുഃഖിച്ചുംകൊണ്ടു നിലവിളിച്ചു."**
**20" സ്വർഗ്ഗമേ, വിശുദ്ധന്മാരും അപ്പൊസ്തലന്മാരും പ്രവാചകന്മാരുമായുള്ളോരേ, ദൈവം അവളോടു നിങ്ങൾക്കുവേണ്ടി പ്രതികാരം നടത്തിയതുകൊണ്ടു അവളെച്ചൊല്ലി ആനന്ദിപ്പിൻ.**

**1"അനന്തരം ഞാൻ വലിയ അധികാരമുള്ള മറ്റൊരു ദൂതൻ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങുന്നതു കണ്ടു; അവന്റെ തേജസ്സിനാൽ ഭൂമി പ്രകാശിച്ചു.**
**2 അവൻ ഉറക്കെ വിളിച്ചുപറഞ്ഞതു<u>: വീണുപോയി: മഹതിയാം ബാബിലോൻ വീണുപോയി</u>; ദുർഭൂതങ്ങളുടെ പാർപ്പിടവും സകല അശുദ്ധാത്മാക്കളുടെയും തടവും അശുദ്ധിയും അറെപ്പുമുള്ള സകലപക്ഷികളുടെയും തടവുമായിത്തിർന്നു."**

**21 പിന്നെ ശക്തനായോരു ദൂതൻ തിരികല്ലോളം വലുതായോരു കല്ലു എടുത്തു സമുദ്രത്തിൽ എറിഞ്ഞു പറഞ്ഞതു<u>: ഇങ്ങിനെ ബാബിലോൻ മഹാനഗരത്തെ ഹേമത്തോടെ എറിഞ്ഞുകളയും; ഇനി അതിനെ കാണുകയില്ല."</u>**

## <u>ബാബിലോണിൻറെ തകർച്ച പൂർണമാകുന്നു</u>

**മതാധിഷ്ഠിത  ബാബിലോണിൻറെ അന്ത്യം ,അദ്ധ്യായം 17 -ൽ കണ്ടു. ഇവിടെ മറു വശം- വ്യാപാര ബാബിലോണിൻറെ അന്ത്യം, അദ്ധ്യായം 18 -ൽ വിവരിക്കുന്നു.**

***11 "ഭൂമിയിലെ വ്യാപാരികൾ പൊന്നു, വെള്ളി, രത്നം, മുത്തു, നേരിയ തുണി, ധൂമ്ര വസ്ത്രം, പട്ടു, കടുഞ്ചുവപ്പു, ചന്ദനത്തരങ്ങൾ,***
***12 ആനക്കൊമ്പുകൊണ്ടുള്ള സകലവിധ സാമാനങ്ങൾ, വിലയേറിയ മരവും പിച്ചളയും ഇരിമ്പും മർമ്മരക്കല്ലുംകൊണ്ടുള്ള ഓരോ സാമാനം,***
***13 ലവംഗം, ഏലം, ധൂപവർഗ്ഗം, മൂറു, കുന്തുരുക്കം, വീഞ്ഞു, എണ്ണ, നേരിയ മാവു, കോതമ്പു, കന്നുകാലി, ആടു, കുതിര, രഥം, മാനുഷദേഹം, മാനുഷപ്രാണൻ എന്നീ ചരക്കു ഇനി ആരും വാങ്ങായ്കയാൽ അവളെച്ചൊല്ലി കരഞ്ഞു ദുഃഖിക്കുന്നു..***
***22 വൈണികന്മാർ, വാദ്യക്കാർ, കുഴലൂത്തുകാർ, കാഹളക്കാർ എന്നിവരുടെ സ്വരം നിന്നിൽ ഇനി കേൾക്കയില്ല; യാതൊരു കൌശലപ്പണിയും ചെയ്യുന്ന ഒരു ശില്പിയെയും നിന്നിൽ ഇനി കാണുകയില്ല; തിരികല്ലിന്റെ ഒച്ച ഇനി നിന്നിൽ കേൾക്കയില്ല.23 വിളക്കിന്റെ വെളിച്ചം ഇനി നിന്നിൽ പ്രകാശിക്കയില്ല; മണവാളന്റെയും മണവാട്ടിയുടെയും സ്വരം ഇനി നിന്നിൽ കേൾക്കയില്ല;***

*നിന്റെ വ്യാപാരികൾ ഭൂമിയിലെ മഹത്തുക്കൾ ആയിരുന്നു; നിന്റെ ക്ഷുദ്രത്താൽ സകലജാതികളും വശീകരിക്കപ്പെട്ടിരുന്നു."*

<u>എന്തെല്ലാം കാര്യങ്ങളിൽ ആണ് ഈ നഗരം പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ സാമ്രാജ്യം ഔന്നത്യം നേടിയെടുത്തു് ലോകത്തെ സ്വാധീനിച്ചും, വശീകരിച്ചും , ആകർഷിച്ചും കൊണ്ടിരുന്നത്. തന്നെയുമല്ല ഇതിലേക്ക് ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്നും ഉള്ളവരെ ക്ഷണിച്ചുകൊണ്ടിരുന്നു.</u>

<u>***18: 2- "ദുർഭൂതങ്ങളുടെ പാർപ്പിടവും സകല അശുദ്ധാത്മാക്കളുടെയും തടവും (*Cult- പൈശാചിക നവ മതങ്ങൾ കൂടുതലും ആരംഭിച്ച സ്ഥലം)**</u>
<u>***18: 2- "സകലപക്ഷികളുടെയും *തടവുമായിത്തിർന്നു". (*Cage- കുടിയേറ്റ അവസരം)**</u>

**വ്യാപാര ബന്ധങ്ങൾ - ധനവാണിഭം- വാസ്തു വിസ്മയങ്ങൾ- കല- സംഗീതം- സാഹിത്യം- വിനോദം- ജഡിക ഉല്ലാസങ്ങൾ -കച്ചവടം- ശാസ്ത്രം - വൈദ്യശാസ്ത്രം- ഉന്നതജീവിതശൈലീ- കപടമതങ്ങൾ - സാത്താന്യസേവാ- അസന്മാർഗ്ഗീയത- മ്ലേച്ഛത- ആഡംബരം-...** ആ പട്ടിക വളരെ വലുതാണ്.

**ലോകത്തിൽ പരക്കെ ഇതെല്ലം ഉണ്ടെങ്കിലും അതിലുപരി ഈ നവീന ബാബിലോൺ ലൗകിക സന്തോഷങ്ങളുടെ മാസ്മരിക ലോകം മറ്റുള്ളവർക്കും വാഗ്ദാനം നൽകി തന്നിലേക്ക് ആകർഷിച്ചുകൊണ്ടിരുന്നു.**
**ബൈബിൾ പറയുന്നത് പോലെ: " ലജ്ജ ആയതിൽ മാനം കണ്ടെത്തിയവർ".**

<u>ഇരുവശങ്ങളും തകർന്നു മാർമ്മിക ബാബിലോൺ പൂർണമായി നശിക്കുന്നു.</u>

---

കുറിപ്പ്:

## <u>ബാബിലോൺ - വ്യാപാര 'ഏഫാ'</u>

വ്യാഖ്യാതാക്കളെ അത്ഭുതപ്പെടുത്തുന്ന ഒരു പ്രവചനം സെഖര്യാ പ്രവചനത്തിൽ ഉണ്ട്. ശിനാറിൽ അഥവാ നിർജ്ജന പ്രദേശത്തു ബാബേൽ പുനർ നിർമ്മിക്കപ്പെടും എന്നാണ് എഴുതിയിരിക്കുന്നത്.

സെഖര്യാ.5:6-11
6 "അതെന്തെന്നു ഞാൻ ചോദിച്ചതിന്നു: പുറപ്പെടുന്നതായോരു ഏഫാ എന്നു അവൻ പറഞ്ഞു; അതു സർവ്വദേശത്തിലും ഉള്ള അവരുടെ അകൃത്യം എന്നും അവൻ പറഞ്ഞു"
10 "എന്നോടു സംസാരിക്കുന്ന ദൂതനോടു: അവർ ഏഫയെ എവിടേക്കു കൊണ്ടുപോകുന്നു എന്നു ഞാൻ ചോദിച്ചു.11 അതിന്നു അവൻ: ശിനാർദേശത്തു അവർ അവൾക്കു ഒരു വീടു പണിവാൻ പോകുന്നു; അതു തീർന്നാൽ അവളെ സ്വസ്ഥാനത്തു പാർപ്പിക്കും എന്നു എന്നോടു പറഞ്ഞു."

*പുതുതായി സ്ഥാപിക്കപ്പെടുന്ന ഈ നവീന ബാബിലോണിനു ഉണ്ടായിരിക്കുന്ന രണ്ടു പ്രത്യേകതകൾ പഴയ ബാബിലോണിൻറെതായിരിക്കും 'ശക്തിയും' , 'ആശയ കുഴപ്പവും' (**'Strength' and 'Confusion'**) അതിൽ അന്തർലീനമായിരിക്കും
<u>എന്നാൽ പഴയ ശിനാർ ദേശത്തു ബാബിലോൺ ഇതുവരെയും പുനർനിർമ്മിക്കപ്പെട്ടിട്ടില്ല.</u>

ബൈബിൾ അനുസരിച്ചു റഷ്യക്ക് , യൂറോപ്യൻ ശക്തികളോടൊന്നിച്ചു ലോക രാഷ്ട്രീയത്തിൽ അവസാന കാലങ്ങളിൽ ഒരു പ്രധാന സ്ഥാനം ഉണ്ട്.

***എന്നാൽ ആധുനിക ലോകത്തിൽ ശക്തി പ്രാപിച്ച രണ്ടു സാമ്രാജ്യങ്ങൾ ഉണ്ട്.**

**ഒന്ന്, പഴയ റോമൻ അധികാരത്തിൻറെ പിന്തുടർച്ചയായി കാണുന്ന യുറോപ്പിൻറെ ഭാഗമായ ബ്രിട്ടീഷ് സാമ്രാജ്യം. അത് ഒരു രാഷ്ട്രീയ ശക്തി ആയിരുന്നു.**
**രണ്ടു, ബ്രിട്ടനിലിൽ നിന്നും വന്ന ഇംഗ്ലീഷുകാരാൽ രൂപപ്പെട്ട വ്യാപാര ശക്തിയുമായ അമേരിക്കൻ സാമ്രാജ്യം. അത് നിർജ്ജന പ്രദേശത്തു പണിയപ്പെട്ടതും യുറോപ്പിൻറെ സ്വരവും, ഭാവവും ഉള്ളതുമാകുന്നു.**

**1776-ൽ അമേരിക്ക സ്ഥാപിതമായി. ലോകത്തെ മുഴുവൻ സ്വാധീനിക്കുവാനും, ആകർഷിക്കുവാനും കഴിയുന്ന സാമ്രാജ്യ ശക്തിയായി വളർന്നു, വർത്തമാനകാല ലോക രാഷ്ട്രീയ ചിത്രത്തിലും നിറഞ്ഞു നിൽക്കുന്നു.**
**ചരിത്രം പരിശോധിച്ചാൽ , 'ലൗകികത്വം' എന്ന വാക്കിൽ വിവക്ഷിക്കപ്പെടാവുന്നതെന്തെല്ലാമോ അതെല്ലാം ബാബിലോൺ റോമിന് പകർന്നു നൽകി.. റോമൻ ശക്തികളായ യൂറോപ്പിൽ നിന്നും അത് അമേരിക്കയിൽ എത്തിച്ചേർന്നു നില്ക്കുന്നു. ഒരു സത്യം ഇവിടെ ഉൾകൊണ്ടെ മതിയാകുകയുള്ളു. ദൈവജനം ഭൂമിയിൽ നിന്നും മാറ്റപ്പെട്ടാൽ ബൈബിൾ അനുസരിച്ചു പാപപങ്കിലമായ , ഈ ലോകത്തിനു അവശേഷിക്കുന്ന ആയുസ്സ് 7 വർഷങ്ങൾ മാത്രമാണ് . അതും വിവരിക്കുവാനാവാത്ത കഷ്ടങ്ങളൊടു കൂടെ ആയിരിക്കും. ലൗകിക പ്രതാപവും , മഹിമയും വിളങ്ങി നിൽക്കുന്ന ദേശമോ, രാജ്യമോ ഏതു തന്നെ ആയിരുന്നാലും - അത് അന്നാളിൽ പൂർണമായി തകരും.**

---

## വെളിപ്പാട്.19

## ബാബിലോണിൻറെ ന്യായവിധി
## പൂർണമായും നടപ്പാക്കപ്പെട്ടു

**1"അനന്തരം ഞാൻ സ്വർഗ്ഗത്തിൽ വലിയോരു പുരുഷാരത്തിന്റെ മഹാഘോഷം പോലെ കേട്ടതു: ഹല്ലെലൂയ്യാ! രക്ഷയും മഹത്വവും ശക്തിയും നമ്മുടെ ദൈവത്തിന്നുള്ളതു".**
***2"*** **വേശ്യാവൃത്തികൊണ്ടു ഭൂമിയെ വഷളാക്കിയ മഹാവേശ്യക്കു അവൻ ശിക്ഷ വിധിച്ചു തന്റെ ദാസന്മാരുടെ രക്തം അവളുടെ കയ്യിൽനിന്നു ചോദിച്ചു പ്രതികാരം ചെയ്കകൊണ്ടു അവന്റെ ന്യായവിധികൾ സത്യവും നീതിയുമുള്ളവ". *3* "അവർ പിന്നെയും: ഹല്ലെലൂയ്യാ! അവളുടെ പുക എന്നെന്നേക്കും പൊങ്ങുന്നു എന്നു പറഞ്ഞു"**

### സ്ഥാപിക്കപ്പെടുന്ന ദൈവരാജ്യത്തിൻറെ പ്രഖ്യാപനം:

***6*** **അപ്പോൾ വലിയ പുരുഷാരത്തിന്റെ ഘോഷംപോലെയും പെരുവെള്ളത്തിന്റെ ഇരെച്ചൽപോലെയും തകർത്ത ഇടിമുഴക്കംപോലെയും ഞാൻ കേട്ടതു; ഹല്ലെലൂയ്യാ! സർവ്വശക്തിയുള്ള നമ്മുടെ ദൈവമായ കർത്താവു രാജത്വം ഏറ്റിരിക്കുന്നു.**

## ഉയരങ്ങളിൽ സഭയുടെ രണ്ടാമത്തെ ദർശനം
## ക്രിസ്തുവിൻറെ മണവാട്ടി സഭ

**ആറാം അദ്ധ്യായത്തിൽ സഭയെ, എടുത്തുകൊള്ളപ്പെട്ട നിലയിൽ ഉയരങ്ങളിൽ കാണുന്നു. എന്നാൽ ഈ കാലയളവ് ക്രിസ്തുവിൻറെ ന്യായാസനത്തിന്നു മുൻപാകെ, വിശ്വാസികളുടെ കണക്കു തീർപ്പിൻറെ സമയങ്ങൾ ആയിരിക്കും. ക്രിസ്തുവിൻറെ ന്യായാസനം ശിക്ഷാവിധിക്കുള്ളതല്ല. എന്നാൽ വിശ്വാസി തൻറെ ജീവിതത്തിനും. തനിക്കു ലഭിച്ച സമയത്തിനും, അവസരങ്ങൾക്കും**

**ക്രിസ്തുവിൻറെ മുൻപാകെ കണക്കു കൊടുക്കേണ്ടി വരും. "അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും** ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു."(2. കൊരിന്ത്യർ.5:10)

**വിശ്വാസിയുടെ ആത്മിക നിലവാരത്തിൻറെ മാറ്റുരക്കപ്പെടും. പൊയ്മുഖങ്ങൾ മാറിപ്പോകും. ഒരുവൻ യഥാർത്ഥത്തിൽ ആരായിരുന്നു എന്ന് വെളിപ്പെടേണ്ട വിധത്തിൽ അന്ന് വെളിപ്പെടും.**

**കർത്താവിനു വേണ്ടി ദൈവ ഹിത പ്രകാരം അദ്ധ്വാനിച്ചിട്ടുള്ള വിശുദ്ധന്മാർ പ്രതിഫലവും, കിരീടവും അന്ന് പ്രാപിക്കും.**

## ഇപ്പോൾ കാന്തയായ സഭ വിശുദ്ധിയിൽ ഒരുങ്ങി നിൽക്കുന്നു

**7 "നാം സന്തോഷിച്ചു ഉല്ലസിച്ചു അവന്നു മഹത്വം കൊടുക്കുക; കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ; അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു.**
**8 അവൾക്കു ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചിരിക്കുന്നു; ആ വിശേഷവസ്ത്രം വിശുദ്ധന്മാരുടെ നീതിപ്രവൃത്തികൾ തന്നേ."**
**തുടർന്ന് ഈ മഹത്തായ കല്യാണ വിരുന്നിനു ക്ഷണിക്കപ്പെട്ടവരെ കാണുന്നു. പഴയ നിയമ വിശുദ്ധന്മാരും ഒടുവിലത്തെ ആഴ്ചവട്ടത്തിൽ ഇസ്രായിലിൽ നിന്ന് തിരഞ്ഞെടുക്ക പ്പെട്ടവരും അക്കൂട്ടത്തിൽ കാണും.**

**9 "പിന്നെ അവൻ എന്നോടു: കുഞ്ഞാടിന്റെ കല്യാണസദ്യെക്കു ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ എന്നു എഴുതുക എന്നു പറഞ്ഞു. ഇതു ദൈവത്തിന്റെ സത്യവചനം എന്നും എന്നോടു പറഞ്ഞു."**

## യിസ്രായേൽ അവരുടെ മശീഹായെ തിരിച്ചറിയും. ക്രിസ്തുവിൻറെ കർതൃത്വം അംഗീകരിക്കും.

**യേശു ക്രിസ്തുവിൻറെ ആദ്യ വരവിൽ ചില സാധാരണക്കാർ ഒഴികെ ആരും അവനെ തിരിച്ചറിഞ്ഞില്ല. ഔദ്യോഗികമായി യിസ്രായേൽ ക്രിസ്തുവിനെ തിരസ്കരിക്കയാണുണ്ടായത്. "അവൻ സ്വന്തത്തിലേക്കു വന്നു; സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല."( യോഹന്നാൻ1:11) യിസ്രായേലിന്നെ ആക്രമിച്ചു നശിപ്പിക്കാൻ അന്തിക്രിസ്തുവും അവൻറെ സഖ്യ സൈന്യവും ഹർമ്മഗദോൻ യുദ്ധത്തിനായി 'മെഗ്ഗിദൊ' താഴ്‌വരയിൽ എത്തി യുദ്ധം തുടങ്ങുമ്പോൾ യിസ്രായേൽ അതിദയനീയമായി പരാജയപ്പെടും. സമ്പൂർണ നാശം ആസന്നമായി എന്ന് തിരിച്ചറിയുമ്പോൾ അവർ അന്ന് ദൈവത്തോട് നിലവിളക്കും. അവരുടെ രക്ഷകനായി മശീഹാ ഇറങ്ങി വരുന്നത് അവർ കാണും. മശീഹായുടെ കൈകളിലും കാലുകളിലും കാണുന്ന ആണിപ്പഴുതിൻറെ പാടുകൾ കാണുമ്പോൾ അവർ ക്രൂശിച്ചു മടക്കി അയച്ച അതെ യേശു തന്നെ ആയിരുന്നു അവരുടെ സാക്ഷാൽ മശീഹ എന്ന സത്യം അവർ ഉൾക്കൊള്ളും.**

**സെഖര്യാ പ്രവചനം പറയുന്നത് "അവർ കുത്തിയവങ്കലേക്കു നോക്കും" , സെഖര്യാ.12:10) "വിലപിച്ചുകൊണ്ടു" ക്രിസ്തുവിനെ കൈക്കൊള്ളും" എന്നാണ്.**

**യേശു ക്രിസ്തു തൻറെ തേജസ്സിൽ തൻറെ സകല സ്വർഗ്ഗീയ ദൂത സൈന്യവുമായി സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വരികയും ഹർമ്മഗദോൻ യുദ്ധത്തിൽ അന്തിക്രിസ്തുവിന്നെ പരാജയപ്പെടുത്തി യിസ്രായേലിന്നെ രക്ഷിക്കുകയും ചെയ്യും. സഹസ്രാബ്ദങ്ങളായി പ്രസംഗിക്കപ്പെട്ട ഒരു വിഷയമാണ് ഭൂമിയിലെ ദൈവ രാജ്യ സ്ഥാപനം. ക്രിസ്തു ശിഷ്യരെ പഠിപ്പിച്ച പ്രാർത്ഥനയിൽ ഒരു വാചകവും അത് തന്നെ ആയിരുന്നു: "നിന്റെ രാജ്യം വരേണമേ:".**
**.ലോകം അതിൻറെ വക്കിൽ ഇപ്പോൾ എത്തിച്ചേർന്നു നിൽക്കുന്നു.**

## <u>യേശു ക്രിസ്തുവിൻറെ മഹത്വ പ്രത്യക്ഷത</u>
### തൻറെ സ്വർഗ്ഗീയ ദൂതസൈന്യവുമായുള്ള വരവ്-

## ഹർമ്മഗദോൻ യുദ്ധത്തിൻറെ അവസാനം

**ഇവിടെ വെള്ളക്കുതിരപ്പുറത്തു ഇരിക്കുന്നവൻ യേശു ക്രിസ്തു ആകുന്നു. അവന് <u>വിശ്വസ്തനും, സത്യവാനും</u>, <u>ദൈവ വചനം എന്ന പേരും</u> ഉണ്ട്. അവൻറെ രാജമഹിമ ഇവിടെ കാണാം. അഗ്നിജ്വാലക്കൊത്ത കണ്ണുള്ളവൻ എന്ന വിശേഷണം വെളിപ്പാട് ഒന്നിൽ പറയുന്നത് ഇവിടെ വീണ്ടും ആവർത്തിക്കുന്നു.**

**11** "അനന്തരം സ്വർഗ്ഗം തുറന്നിരിക്കുന്നതു ഞാൻ കണ്ടു; ഒരു വെള്ളക്കുതിര പ്രത്യക്ഷമായി; അതിന്മേൽ ഇരിക്കുന്നവന്നു <u>വിശ്വസ്തനും സത്യവാനും എന്നും പേർ</u>. അവൻ നീതിയോടെ വിധിക്കയും പോരാടുകയും ചെയ്യുന്നു.

**12 അവന്റെ കണ്ണു അഗ്നിജ്വാല, തലയിൽ അനേകം രാജമുടികൾ; എഴുതീട്ടുള്ള ഒരു നാമവും അവന്നുണ്ടു; അതു അവന്നല്ലാതെ ആർക്കും അറിഞ്ഞുകൂടാ.**
**13 അവൻ രക്തം തളിച്ച ഉടുപ്പു ധരിച്ചിരിക്കുന്നു; <u>അവന്നു ദൈവവചനം എന്നു പേർ</u> പറയുന്നു:.**
***14 <u>സ്വർഗ്ഗത്തിലെ സൈന്യം</u> നിർമ്മലവും ശുഭ്രവുമായ വിശേഷ വസ്ത്രം ധരിച്ചു വെള്ളക്കുതിരപ്പുറത്തു കയറി <u>അവനെ അനുഗമിച്ചു</u>.**
**15 ജാതികളെ വെട്ടുവാൻ അവന്റെ വായിൽ നിന്നു മൂർച്ചയുള്ളവാൾ പുറപ്പെടുന്നു; അവൻ ഇരിമ്പുകോൽ കൊണ്ടു അവരെ മേയക്കും; "**

**മത്തായി 25-ൽ കർത്താവു നേരിട്ട് തൻറെ വരവിനെ കുറിച്ച് പറയുന്ന ഭാഗം ഇവിടെ നിവർത്തിയാകുന്നു: * " മനുഷ്യപുത്രൻ <u>തന്റെ തേജസ്സോടെ</u> <u>സകല വിശുദ്ധദൂതന്മാരുമായി വരുമ്പോൾ...: "</u>**
***"അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും. *( മത്തായി 25:31)**

***"അന്നാളിൽ അവന്റെ കാൽ യെരൂശലേമിന്നെതിരെ കിഴക്കുള്ള ഒലിവു മലയിൽ നില്ക്കും; ഒലിവുമല കഴിക്കുപടിഞ്ഞാറായി നടുവെ പിളർന്നുപോകും; ഏറ്റവും വലിയോരു താഴ്വര ഉളവായ്‌വരും; മലയുടെ ഒരു പാതി വടക്കോട്ടും മറ്റെ പാതി തെക്കോട്ടും വാങ്ങിപ്പോകും". (സെഖർയ്യാവു.14:4)**
***ഈ പ്രവചനം അന്ന് നിവർത്തീകരിക്കപ്പെടും.**

## രാജാധിരാജാവ്
## കർത്താധി കർത്താവു.

**16 "രാജാധിരാജാവും കർത്താധികർത്താവും എന്ന നാമം അവന്റെ ഉടുപ്പിന്മേലും തുടമേലും എഴുതിയിരിക്കുന്നു".**
**17 ഒരു ദൂതൻ സൂര്യനിൽ നില്ക്കുന്നതു ഞാൻ കണ്ടു; അവൻ ആകാശമദ്ധ്യേ പറക്കുന്ന സകല പക്ഷികളോടും:**
**18 രാജാക്കന്മാരുടെ മാംസവും സഹസ്രാധിപന്മാരുടെ മാംസവും വീരന്മാരുടെ മാംസവും കുതിരകളുടെയും കുതിരപ്പുറത്തിരിക്കുന്നവരുടെയും മാംസവും സ്വതന്ത്രന്മാരും ദാസന്മാരും ചെറിയവരും വലിയവരുമായ എല്ലാവരുടെയും മാംസവും തിന്മാൻ മഹാദൈവത്തിന്റെ അത്താഴത്തിന്നു വന്നു കൂടുവിൻ എന്നു ഉറക്കെ വിളിച്ചുപറഞ്ഞു.**
**19 കുതിരപ്പുറത്തിരിക്കുന്നവനോടും അവന്റെ സൈന്യത്തോടും യുദ്ധം ചെയ്‌വാൻ മൃഗവും ഭൂരാജാക്കന്മാരും അവരുടെ സൈന്യങ്ങളും ഒന്നിച്ചു വന്നു കൂടിയതു ഞാൻ കണ്ടു.**

## <u>അന്തിക്രിസ്തുവിനെയും കള്ളപ്രവാചകനെയും പിടിച്ചുകെട്ടി ജീവനോടെ തീപ്പൊയ്കയിൽ തള്ളിക്കളയും.</u>

**20 "മൃഗത്തെയും അതിന്റെ മുമ്പാകെ താൻ ചെയ്ത അടയാളങ്ങളാൽ മനുഷ്യരെ ചതിച്ചു മൃഗത്തിന്റെ മുദ്ര ഏല്പിക്കയും അതിന്റെ പ്രതിമയെ നമസ്കരിപ്പിക്കയും ചെയ്ത കള്ളപ്രവാചകനെയും പിടിച്ചു കെട്ടി ഇരുവരെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളഞ്ഞു".**
**21 "ശേഷിച്ചവരെ കുതിരപ്പുറത്തിരിക്കുന്നവന്റെ വായിൽ നിന്നു പുറപ്പെടുന്ന വാൾകൊണ്ടു കൊന്നു അവരുടെ മാംസം തിന്നു സകല പക്ഷികൾക്കും തൃപ്തിവന്നു."**

# വെളിപ്പാട്.20

## സാത്താൻ അഗാധകൂപത്തിൽ

**1".അനന്തരം ഒരു ദൂതൻ അഗാധത്തിന്റെ താക്കോലും ഒരു വലിയ ചങ്ങലയും കയ്യിൽ പിടിച്ചുകൊണ്ടു സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങുന്നതു ഞാൻ കണ്ടു.**
**2 അവൻ പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ചു ആയിരം ആണ്ടേക്കു ചങ്ങലയിട്ടു.**

**3 ആയിരം ആണ്ടു കഴിയുവോളം ജാതികളെ വഞ്ചിക്കാതിരിപ്പാൻ അവനെ അഗാധത്തിൽ തള്ളിയിട്ടു അടെച്ചുപൂട്ടുകയും മീതെ മുദ്രയിടുകയും ചെയ്തു. അതിന്റെ ശേഷം അവനെ അല്പകാലത്തേക്കു അഴിച്ചു വിടേണ്ടതാകുന്നു."**

## <u>ഏഴു വർഷങ്ങളിലെ മഹോപദ്രവ കാലം ഇവിടെ അവസാനിക്കുന്നു.</u> അതോടൊപ്പം പാപപങ്കിലമായ മാനവ ചരിത്രവും.

**<u>ഏഴു വർഷങ്ങളിലെ മഹോപദ്രവ കാലം ഇവിടെ അവസാനിക്കുന്നു.അതോടൊപ്പം പാപ പങ്കിലമായ മാനവ ചരിത്രവും. ഇനിയുള്ള കാലം ദൈവിക ഭരണത്തിലുള്ള കാലങ്ങളായിരിക്കും. ക്രിസ്തുവിൽ പാപ പരിഹാരം കണ്ടെത്തിയവർ അവരുടെ കർത്താവിൻറെകൂടെ വാഴുവാൻ പുതിയ പുലരിക്കായി പ്രത്യാശയോടെ കാത്തിരുന്ന യുഗത്തിൻറെ ആരംഭം സംഭവിക്കുവാൻ പോകുന്നു.</u>**

## <u>പീഡന കാലത്തെ രക്തസാക്ഷികളുടെ പുനരുദ്ധാനം:</u>

**4 "ഞാൻ ന്യായാസനങ്ങളെ കണ്ടു; അവയിൽ ഇരിക്കുന്നവർക്കു ന്യായവിധിയുടെ അധികാരം കൊടുത്തു; യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തം തല ഛേദിക്കപ്പെട്ടവരും മൃഗത്തെയോ അതിന്റെ പ്രതിമയെയോ നമസ്കരിക്കാതിരുന്നവരും നെറ്റിയിലും കൈമേലും അതിന്റെ മുദ്ര കൈക്കൊള്ളാതിരുന്നവരുമായവരുടെ ആത്മാക്കളെയും ഞാൻ കണ്ടു. അവർ ജീവിച്ചു ആയിരമാണ്ടു ക്രിസ്തുവിനോടുകൂടി വാണു.**

**5 മരിച്ചവരിൽ ശേഷമുള്ളവർ ആയിരം ആണ്ടു കഴിയുവോളം ജീവിച്ചില്ല.**

**6 ഇതു ഒന്നാമത്തെ പുനരുത്ഥാനം. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു; അവരുടെ മേൽ രണ്ടാം മരണത്തിന്നു അധികാരം ഇല്ല; അവർ ദൈവത്തിന്നും**

ക്രിസ്തുവിന്നും പുരോഹിതന്മാരായി ക്രിസ്തുവിനോടുകൂടെ ആയിരം ആണ്ടു വാഴും."

വെളിപ്പാട് 6:9-ൽ പീഡനകാലത്തു രക്തസാക്ഷികളായവരുടെ ആത്മാക്കൾ ദൈവത്തോട് നിലവിളിക്കുമ്പോൾ "അൽപകാല കൂടി സ്വസ്ഥമായിരിക്ക" എന്ന മറുപടിയാണ് സ്വർഗ്ഗം നൽകുന്നത്. തുടർന്ന് രണ്ടു ഭാഗങ്ങളിലും ദൈവ സാക്ഷ്യം നിമിത്തം കൊല്ലപ്പെടുന്നവരെ കുറിച്ചുള്ള പരാമർശം വെളിപ്പാട് പുസ്തകത്തിൽ തന്നെ ഉണ്ട്. ഇവിടെ നാം അവരുടെ ഉയിർപ്പു കാണുന്നു.

## ക്രിസ്തുവിൻറെ ആയിരം ആണ്ട് വാഴ്ച ഈ ഭൂമിയിൽ

4."അവർ ജീവിച്ചു ആയിരമാണ്ടു ക്രിസ്തുവിനോടുകൂടി വാണു."
6."അവർ ദൈവത്തിന്നും ക്രിസ്തുവിന്നും പുരോഹിതന്മാരായി ക്രിസ്തുവിനോടുകൂടെ ആയിരം ആണ്ടു വാഴും."

യേശു ക്രിസ്തു തൻറെ ജനത്തോടു കൂടി ഈ ഭൂമിയിൽ വാഴും എന്നുള്ളത് വചനത്തിൽ പല പ്രാവശ്യം പറഞ്ഞിട്ടുള്ള സത്യമാണ്. താൻ ഈ ഭൂമിയിൽ ആയിരുന്നപ്പോൾ തൻറെ ശിക്ഷ്യന്മാരോട് പറഞ്ഞിട്ടുള്ളതും അത് തന്നെയാണ്:
"... മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ നിങ്ങളും പന്ത്രണ്ടു സിംഹാസനത്തിൽ ഇരുന്നു യിസ്രായേൽ ഗോത്രം പന്ത്രണ്ടിന്നും ന്യായം വിധിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" (മത്തായി.19:28)

ആദ്യ മനുഷ്യനായ ആദം പാപത്തിൽ വീണു പോയതിനാൽ ആയിരമാണ്ടിന്റെ നന്മ മനുഷ്യന് അനുഭവിക്കുവാൻ കഴിയാതെ പോയത്, പാപ പരിഹാരം വരുത്തിയ ക്രിസ്തുവിനാൽ ഇവിടെ യഥാസ്ഥാനപ്പെടുത്തുന്നു.

## ആയിരാമാണ്ടിൻറെ നന്മകളിലേക്കു അന്ന് പ്രവേശിക്കുന്നവർ

അയിരാമാണ്ടിൻറെ നന്മകളിലേക്കു തിരഞ്ഞെടുക്കപ്പെടുന്ന മറ്റു ലോക ജാതികൾ,യിസ്രായേലിനെ പീഡന കാല കഷ്ടതയിൽ സഹായിച്ചവർ ആയിരിക്കും.

ഇത് ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (മത്തായി. (25:11-45 )

31 "മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകലവിശുദ്ധദൂതന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും.
32 സകല ജാതികളെയും അവന്റെ മുമ്പിൽ കൂട്ടും; അവൻ അവരെ ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ വേർതിരിച്ചു,
33 ചെമ്മരിയാടുകളെ തന്റെ വലത്തും കോലാടുകളെ ഇടത്തും നിറുത്തും.

34 രാജാവു തന്റെ വലത്തുള്ളവരോടു അരുളിച്ചെയ്യും: എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോകസ്ഥാപനംമുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ.

35 എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു, ദാഹിച്ചു നിങ്ങൾ കുടിപ്പാൻ തന്നു; ഞാൻ അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടു;"

**40 രാജാവു അവരോടു: എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന്നു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു അരുളിച്ചെയ്യും?.**

**41 "പിന്നെ അവൻ ഇടത്തുള്ളവരോടു: ശപിക്കപ്പെട്ടവരെ, എന്നെ വിട്ടു പിശാചിന്നും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ.**
**42 എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നില്ല; ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നില്ല."**
45 ഈ ഏറ്റവും ചെറിവരിൽ ഒരുത്തന്നു നിങ്ങൾ ചെയ്യാഞ്ഞേടത്തോളമെല്ലാം എനിക്കു ആകുന്നു ചെയ്യാഞ്ഞതു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു ഉത്തരം അരുളും.
46 ഇവർ നിത്യദണ്ഡനത്തിലേക്കും നീതിമാന്മാർ നിത്യജീവങ്കലേക്കും പോകും."

---

**ഇരുപതാം അദ്ധ്യായം ഏഴാം വാക്യം മുതൽ രണ്ടു അദ്ധ്യായങ്ങളോടെ വെളിപ്പാട് പുസ്തകം അവസാനിക്കുകയാണ്.ഒടുവിലത്തെ 7 വർഷങ്ങൾ ആകുന്ന മഹോപദ്രവ കാലഘട്ടം കഴിഞ്ഞുദൈവിക യുഗങ്ങൾ തുടരുന്നതായി കാണാം.**
**മനുഷ്യൻറെ ബുദ്ധിക്കു ഗ്രഹിക്കുവാൻ കഴിയുന്നതിലും അപ്പുറമാണ് ആ വെളിപ്പാടുകൾ. മറ നീക്കപ്പെട്ട ആത്മീയ സത്യങ്ങളുടെ തുടർഭാഗം ചില വാക്യങ്ങളിലൂടെ പറഞ്ഞവസാനിപ്പിക്കുമ്പോൾ ദൈവത്തിൻറെ കാര്യപരിപാടിയുടെ മഹത്വത്തിൻറെ മുൻപിൽ 'ആമേൻ'! എന്ന് പറയുവാനെ മനുഷ്യന് സാധിക്കുകയുള്ളു. സങ്കീർത്തന പുസ്തകത്തിൽ പറയുന്നത് പോലെ, 'മനുഷ്യനോടുള്ള ദൈവത്തിൻറെ ആഗ്രഹങ്ങൾ വളരെ വലുതാണ്. അത് ആർക്കു ഗ്രഹിക്കുവാൻ കഴിയും ?**
**ക്രിസ്തുവിലുള്ള വിശ്വാസത്താൽ അത് ഏറ്റുകൊള്ളുന്നവർ ഭാഗ്യമുള്ളവർ!**

---

<u>വെളിപ്പാട്.20:7 മുതൽ 22 അവസാനം വരെയുള്ള വാക്യങ്ങളിലെ വിഷയ ക്യമം, ആ വചനങ്ങൾ അത് ഉൾകൊള്ളുന്ന സത്യങ്ങളെ അതെ വിധം വെളിപ്പെടുത്തുന്നു "</u>

## 'ഗോഗ്' 'മാഗോഗ്'
## ഏറ്റവും അവസാന യുദ്ധം

### ആയിരം ആണ്ടിന് ശേക്ഷം സാത്താൻ:

***7 "ആയിരം ആണ്ടു കഴിയുമ്പോഴോ സാത്താനെ തടവിൽ നിന്നു അഴിച്ചുവിടും. 8 അവൻ ഭൂമിയുടെ നാലു ദിക്കിലുമുള്ള ജാതികളായി സംഖ്യയിൽ കടല്പുറത്തെ മണൽപോലെയുള്ള ഗോഗ്, മാഗോഗ് എന്നവരെ യുദ്ധത്തിന്നായി കൂട്ടിച്ചേർക്കേണ്ടതിന്നു വശീകരിപ്പാൻ പുറപ്പെടും."**
**9 അവർ ഭൂമിയിൽ പരക്കെ ചെന്നു വിശുദ്ധന്മാരുടെ പാളയത്തെയും പ്രിയനഗരത്തെയും വളയും; എന്നാൽ ആകാശത്തു നിന്നു തീ ഇറങ്ങി അവരെ ദഹിപ്പിച്ചുകളയും**

**<u>*ഈ ദണ്ഡനത്തിന്നു ശേക്ഷവും ദൈവത്തിന്നു നേരെ പോരാടാൻ തന്നെയാണ് സാത്താൻറെ വിഫല ശ്രമം . എന്നാൽ ആ പരിശ്രമത്തിലും പരാജയപ്പെട്ടു, സാത്താൻ തനിക്കായി ഒരുക്കപ്പെട്ട നിത്യനരകത്തിലേക്ക് പതിക്കപ്പെടും</u>.**

## സാത്താൻ എന്നന്നേക്കുമായി
## ഗന്ധക തീപൊയ്കയിലേക്കു

**10 "അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധക തീ പ്പൊയ്ക യിലേക്കു തള്ളിയിടും; അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടിവരും."**

**സാത്താനെ അഗ്നി തടാകത്തിലേക്ക് എറിയാൻ ഒരു നിശ്ചിത സമയം നിശ്ചയിച്ചിട്ടുണ്ട്. നൂറ്റാണ്ടുകൾക്ക് മുമ്പ് ഇത് വിശുദ്ധ തിരുവെഴുത്തുകളിൽ എഴുതിയിട്ടുണ്ട്. സാത്താനും അത് അറിയാം. എത്ര ശക്തിയുണ്ടെങ്കിലും കുറിച്ച് വെച്ചിരിക്കുന്ന ആ നാശത്തിൽ നിന്നും സാത്താന് രക്ഷ നേടാൻ കഴിയില്ല.**

## വെള്ള സിംഹാസനവും
## അന്ത്യ ന്യായവിധിയും

**11 "ഞാൻ വലിയോരു വെള്ളസിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു; അവന്റെ സന്നിധിയിൽനിന്നു ഭൂമിയും ആകാശവും ഓടിപ്പോയി; അവയെ പിന്നെ കണ്ടില്ല.**
**12 മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നില്ക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരുന്നതിന്നു ഒത്തവണ്ണം മരിച്ചവർക്കു അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി**
**.13 സമുദ്രം തന്നിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു; മരണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു; ഓരോരുത്തന്നു അവനവന്റെ പ്രവൃത്തികൾക്കടുത്ത വിധി ഉണ്ടായി.**

**14 മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു; ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം."**

## ജീവൻറെ പുസ്തകവും
## നിത്യ ന്യായവിധി തീർപ്പും

**15 "ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും."**

## വെളിപ്പാട്. 21 & 22

## ദൈവിക യുഗങ്ങളുടെ നിവർത്തീകരണം
## പുതിയ ആകാശം പുതിയ ഭൂമി

**വെളിപ്പാട. 21:1-15**
**1.ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; സമുദ്രവും ഇനി ഇല്ല.**

**4 അവൻ അവരുടെ കണ്ണിൽ നിന്നു കണ്ണുനീർ എല്ലാം തുടെച്ചുകളയും.**

**5 ഇനി മരണം ഉണ്ടാകയില്ല; ദുഃഖവുംമുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല; ഒന്നാമത്തേതു കഴിഞ്ഞുപോയി; സിംഹാസനത്തിൽ ഇരിക്കുന്നവൻ: ഇതാ, ഞാൻ സകലവും പുതുതാക്കുന്നു എന്നു**

അരുളിച്ചെയ്തു. എഴുതുക, ഈ വചനം വിശ്വാസയോഗ്യവും സത്യവും ആകുന്നു എന്നും അവൻ കല്പിച്ചു

## പുതിയ നഗരം
## പുതിയ യെരുശലേം

2 പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം ഭർത്താവിന്നായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽനിന്നു, ദൈവസന്നിധിയിൽനിന്നു തന്നേ, ഇറങ്ങുന്നതും ഞാൻ കണ്ടു.

3 സിംഹാസനത്തിൽനിന്നു ഒരു മഹാശബ്ദം പറയുന്നതായിഞാൻ കേട്ടതു: ഇതാ, മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും.

10 അവൻ എന്നെ ആത്മവിവശതയിൽ ഉയർന്നോരു വന്മലയിൽ കൊണ്ടുപോയി, യെരൂശലേമെന്ന വിശുദ്ധനഗരം സ്വർഗ്ഗത്തിൽനിന്നു, ദൈവസന്നിധിയിൽനിന്നു തന്നേ, ദൈവതേജസ്സുള്ളതായി ഇറങ്ങുന്നതു കാണിച്ചുതന്നു.

11 അതിന്റെ ജ്യോതിസ്സു ഏറ്റവും വിലയേറിയ രത്നത്തിന്നു തുല്യമായി സ്ഫടികസ്വച്ഛതയുള്ള സൂര്യകാന്തം പോലെ ആയിരുന്നു.

27 കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതിയിരിക്കുന്നവരല്ലാതെ അശുദ്ധമായതു യാതൊന്നും മ്ളേച്ഛതയും ഭോഷ്കും പ്രവർത്തിക്കുന്നവൻ ആരും അതിൽ കടക്കയില്ല.

## ദൈവത്തിൻറെ സിംഹാസനം
## ജീവജലനദി

വെളിപ്പാട്. 22:1-21
1.വീഥിയുടെ നടുവിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്നു പുറപ്പെടുന്നതായി പളുങ്കുപോലെ ശുഭ്രമായ ജീവജലനദിയും അവൻ എന്നെ കാണിച്ചു.

3 യാതൊരു ശാപവും ഇനി ഉണ്ടാകയില്ല; ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഇരിക്കും ; അവന്റെ ദാസന്മാർ അവനെ ആരാധിക്കും.

4 അവർ അവന്റെ മുഖംകാണും; അവന്റെ നാമം അവരുടെ നെറ്റിയിൽ ഇരിക്കും.5 ഇനി രാത്രി ഉണ്ടാകയില്ല; ദൈവമായ കർത്താവു അവരുടെ മേൽ പ്രകാശിക്കുന്നതുകൊണ്ടു വിളക്കിന്റെ വെളിച്ചമോ സൂര്യന്റെ വെളിച്ചമോ അവർക്കു ആവശ്യമില്ല. അവർ എന്നെന്നേക്കും രാജാക്കന്മാരായിരിക്കും

## ദൈവവ വചനത്തിൻറെ ക്ഷണവും
## ഒടുവിലത്തെ ആഹ്വാനവും

7 “ഇതാ, ഞാൻ വേഗത്തിൽ വരുന്നു; ഈ പുസ്തകത്തിലെ പ്രവചനം പ്രമാണിക്കുന്നവൻ ഭാഗ്യവാൻ എന്നു പറഞ്ഞു.

12 ഇതാ, ഞാൻ വേഗം വരുന്നു; ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ടു.

13 ഞാൻ അല്ഫയും ഓമേഗയും ഒന്നാമനും ഒടുക്കത്തവനും ആദിയും അന്തവും ആകുന്നു.

<u>**ബൈബിൾ അവസാനിക്കുന്നത് തന്നെ ഹൃദ്യമായ ഒരു ആഹ്വാനത്തോടെയാണ്:**</u>

**17 "വരിക എന്നു ആത്മാവും മണവാട്ടിയും പറയുന്നു; കേൾക്കുന്നവനും: വരിക എന്നു പറയട്ടെ; ദാഹിക്കുന്നവൻ വരട്ടെ; ഇച്ഛിക്കുന്നവൻ ജീവജലം സൌജന്യമായി വാങ്ങട്ടെ."**
**20 "ഇതു സാക്ഷീകരിക്കുന്നവൻ: അതേ, ഞാൻ വേഗം വരുന്നു എന്നു അരുളിച്ചെയ്യുന്നു; ആമേൻ, കർത്താവായ യേശുവേ, വരേണമേ!"**

---

## ഉപസംഹാരം

**ഏറെ വൈകാതെ തന്നെ മനുഷ്യന് ഈ സ്വപ്നലോകത്തിൽ നിന്നും വിടപറയേണ്ടി വരും. ദൈവത്തിൻറെ ദിവസത്തിലേക്ക് കാലം സമീപിച്ചുകൊണ്ടിരിക്കുന്നു. ജ്ഞാനികളുടെ ജ്ഞാനം നശിക്കും, ബുദ്ധിമാന്മാരുടെ ബുദ്ധിയും മാഞ്ഞുപോകും. മനുഷ്യന് വേണ്ടി സകല കഷ്ടതകളും ക്രൂശിൽ ശാന്തമായി അനുഭവിക്കുകയും തൻറെ രക്തവും ജീവനും നൽകി പാപത്തിനുപരിഹാരം വരുത്തി അടക്കപ്പെടുകയും എന്നാൽ ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗാരോഹണം ചെയ്ത ദൈവപുത്രനായ യേശു ക്രിസ്തു സകല സ്വർഗ്ഗീയ പ്രതാപത്തോടുകൂടി ഈ ലോകത്തിലേക്ക് രാജാധി രാജാവായി മടങ്ങി വരും. അന്ന് യേശുവിൻറെ നാമത്തിങ്കൽ സർവ്വരുടേയും മുഴങ്കാൽ മടങ്ങുകയും എല്ലാ നാവും 'യേശു ക്രിസ്തു കർത്താവ്' എന്ന് പിതാവായ ദൈവത്തിൻറെ മഹത്വത്തിന്നായി ഏറ്റു പറയേണ്ടി വരും. പക്ഷെ അത് ന്യായ വിധിക്കു മുൻപായുള്ള വൈകിപോകുന്ന ഒരു ഏറ്റുപറച്ചിൽ ആയിരിക്കും. എന്നാൽ ഇന്ന് ഈ കൃപാ യുഗത്തിൽ യേശു ക്രിസ്തുവിനെ സ്വന്ത രക്ഷിതാവും കർത്താവുമായി ഹൃദയത്തിൽ സ്വീകരിക്കുന്നവർ വിശ്വാസത്താൽ രക്ഷിക്കപ്പെടും. അവർ നിത്യ രാജ്യത്തിൽ പ്രവേശിക്കും!**

---------------

**Printed in English & Malayalam - January 2021**
**©**
<u>www.sunnythomas.org</u>
**General Publishing, Post Box:2215, Sasthamangalam, Trivandrum –KL-695010-INDIA**

# ഒടുവിലത്തെ 7 വർഷങ്ങൾ

"ഏറെ വൈകാതെ തന്നെ മനുഷ്യന് ഈ സ്വപ്നലോകത്തിൽ നിന്നുംവിടപറയേണ്ടി വരും. ദൈവത്തിൻറെ ദിവസത്തിലേക്ക് കാലം സമീപിച്ചുകൊണ്ടിരിക്കുന്നു.ജ്ഞാനികളുടെ ജ്ഞാനം നശിക്കും,ബുദ്ധിമാന്മാരുടെ ബുദ്ധിയും മാഞ്ഞുപോകും.
മനുഷ്യന് വേണ്ടി സകല കഷ്ടതകളും ക്രൂശിൽശാന്തമായി അനുഭവിക്കുകയുംതൻറെ രക്തവും ജീവനും നൽകി പാപത്തിനുപരിഹാരം വരുത്തി അടക്കപ്പെടുകയും എന്നാൽ ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗാരോഹണം ചെയ്ത ദൈവപുത്രനായ യേശു ക്രിസ്തു സകല സ്വർഗ്ഗീയ പ്രതാപത്തോടുകൂടി ഈ ലോകത്തിലേക്ക് രാജാധി രാജാവായിമടങ്ങി വരും!"

©

www.sunnythomas.org
General Publishing, Post Box:2215, Sasthamangalam, Trivandrum –KL-695010-INDIA